# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

മാർച്ച് 2022 | വാല്യം 48 ലക്കം 10 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ


## കെ റെയിൽ വിരുദ്ധ പ്രക്ഷോഭം

# അചഞ്ചലമായ ജനാധിപത്യ പ്രക്ഷോഭത്തിലൂടെ മാത്രമേ നീതി സ്ഥാപിക്കാനാകൂ

**കെ** റെയിൽ സിൽവർലൈൻ പദ്ധതിക്കുവേണ്ടി സ്വകാര്യഭൂമിയിൽ കല്ലിടുന്നതിനെതിരെ ചില വ്യക്തികൾ ഹൈക്കോടതിയിൽ കേസ് നൽകിയിരുന്നു. തുടർന്ന് അവരുടെ ഭൂമിയിൽ കല്ലിടുന്നത് വിലക്കിക്കൊണ്ട് സിംഗിൾ ബഞ്ച് വിധി പുറപ്പെടുവിച്ചു. അതിനെതിരെ സർക്കാർ നൽകിയ അപ്പീലിൽ സിംഗിൾ ബഞ്ച് വിധി റദ്ദാക്കിക്കൊണ്ട്, ഡിവിഷൻ ബെഞ്ച് കല്ലിടൽ നടപടിക്കു അനുവാദം നൽകി. നിലവിലുള്ള സർവ്വേ ആന്റ് ബൗണ്ടറീസ് ആക്റ്റിന്റെ പിൻബലത്തിലാണ് കല്ലിടുന്നതെന്ന സർക്കാരിന്റെ വാദത്തെ കോടതി അംഗീകരിച്ചു. ഈ വിധി വന്നതോടെ കേരളത്തെ വിനാശത്തിലേക്ക് തള്ളി വിടുന്ന സിൽവർ ലൈൻ പദ്ധതിക്കെതിരെ കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയും സാമ്പത്തിക-സാങ്കേതിക-പാരിസ്ഥിതിക വിദഗ്ദ്ധരും ഉയർത്തിയ എല്ലാ വാദഗതികളും തകർന്നടിഞ്ഞെന്നും പദ്ധതിക്ക് നിയമ സാധുത ലഭിച്ചുവെന്നും ഡിവിഷൻ ബഞ്ച് വിധി ചൂണ്ടിക്കാട്ടി കെ റെയിൽ സംഘം ചന്ദ്രഹാസമിളക്കി നടക്കുകയാണ്. വിധിയെ ആയുധമാക്കി സർക്കാരാകട്ടെ, വൻ പോലീസ് പടയെ നിയോഗിച്ചുകൊണ്ട് പാവപ്പെട്ട ജനങ്ങളെ ആക്രമിച്ചും ഭീഷണിപ്പെടുത്തിയും കല്ലിടാനായി കിണഞ്ഞുപരിശ്രമിക്കുകയാണ്. നിരായുധരായ പതിനായിരക്കണക്കിന് ജനങ്ങൾ ഒരു വശത്തും സർവ്വസന്നാഹങ്ങളോടെ പോലീസ് മറുവശത്തുമായി കേരളത്തെ സർക്കാർ ഒരു യുദ്ധക്കളമാക്കി മാറ്റിയിരിക്കുന്നു.



കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 1ന് കാസർകോട് നിന്ന് ആരംഭിച്ച സംസ്ഥാന സമര ജാഥ കണ്ണൂർ സ്റ്റേഡിയം കോർണറിലെ സ്വീകരണ കേന്ദ്രത്തിൽ എത്തിയപ്പോൾ

സത്യത്തിന്റെ അവസാനവാക്കെന്ന നിലയിൽ കോടതിയെ അവതരിപ്പിക്കാനും വിധി ചൂണ്ടിക്കാട്ടി സമരം അന്യായമാണെന്ന് സ്ഥാപിക്കാനും സിപിഐ(എം)ഉം അവർ നയിക്കുന്ന മുന്നണിയും അതിന്റെ കുഴലൂത്തുകാരും നടത്തുന്ന പരിശ്രമം പരമദയനീയം തന്നെ. തങ്ങൾക്ക് ഹിതകരമല്ലാത്ത വിധികൾ വരുമ്പോൾ ന്യായാധിപന്മാരെ ചീത്തവിളിക്കുകയും അനുകൂലമായ വിധികൾ ഉണ്ടാകുമ്പോൾ പെട്ടെന്ന് നിയമസംവിധാനത്തെ മഹത്വവൽക്കുകയും ചെയ്യുന്ന അങ്ങേയറ്റം മ്ലേച്ഛമായ ഇരട്ടത്താപ്പിന്റെ വക്താക്കളായി സിപിഐ(എം) അധ:പതിച്ചിരിക്കുന്നു. താൽക്കാലികനേട്ടത്തിനുവേണ്ടി കോടതിവിധികളെ വെള്ളപൂശുന്ന നടപടി ദീർഘകാലാടിസ്ഥാനത്തിൽ ജനാധിപത്യഘടനയ്ക്കുതന്നെ ഏൽപ്പിക്കുന്ന ആഘാതം ഇക്കൂട്ടർക്ക് പിഗണനാവിഷയമല്ല. വിധി ചൂണ്ടിക്കാട്ടി ഇരകളായ സമര പോരാളികളെ നിരാശപ്പെടുത്തുകയും ശക്തമായ പോലീസ് നടപടിയിലൂടെ സാധാരണക്കാരെ ഭയപ്പെടുത്തുകയുമാണ് അവർ ലക്ഷ്യം വയ്ക്കുന്നത്. അതിലവർ വിജയിക്കുന്നില്ലെന്ന് മാത്രമല്ല, കല്ലിടലിനെതിരെയുള്ള ചെറുത്തുനിൽപ്പ് കേരളത്തിന്റെ മുക്കിനും മൂലയിലും ഇന്ന് ശക്തിയാർജ്ജിച്ച് കുതിക്കുകയാണ്.

### നിയമപരമായതെന്തും നീതിയാകണമെന്നില്ല

സർക്കാർ ജനങ്ങൾക്കെതിരെ കൈക്കൊള്ളുന്ന ഏതൊരു നടപടിക്കും നിയമ പിൻബലമുണ്ട് എന്നത് വാദത്തിന് വേണ്ടി അംഗീകരിച്ചാൽത്തന്നെയും അവയെല്ലാം നീതിപരമാണോ എന്ന വളരെ പ്രസക്തമായ ഒരു പരിശോധന ഈ ഘട്ടത്തിൽ ആവശ്യമായിരിക്കുന്നു. സാഹചര്യം ഇത്രയും യുദ്ധസമാനമായിരിക്കെ കോടതി പറഞ്ഞത്, ഹർജിക്കാർ ഉന്നയി

(ശേഷം 6-ാം പേജിൽ)

## യുക്രെയ്നുമേൽ റഷ്യ നടത്തുന്ന സൈനിക അധിനിവേശം ഉടൻ അവസാനിപ്പിക്കുക



# യുക്രെയ്ൻ സാമ്രാജ്യത്വ അധിനിവേശ താല്പര്യങ്ങളുടെ ഇര

**ഫെ**ബ്രുവരി 24ന് രാവിലെ റഷ്യൻ സേന അയൽരാജ്യമായ യുക്രെയ്നുമേൽ സൈനിക ആക്രമണം നടത്തി. വൻനഗരങ്ങളിലും ചുറ്റുപാടുമുള്ള സൈനിക കേന്ദ്രങ്ങളും കേന്ദ്രീകരിച്ചാണ് ബോംബാക്രമണം നടത്തിയത്. ലോകമെമ്പാടുമുള്ള സമാധാന പ്രേമികൾ യുക്രെയ്നിലെ റഷ്യൻ സൈന്യത്തിന്റെ ഇടപെടലിനെയും ആക്രമണത്തെയും ശക്തമായി അപലപിച്ചു. യുക്രെയ്ൻ കിഴക്കുഭാഗത്തുള്ള ഡോൺബാസ് മേഖലയിലെ ഡോൺടസ്ക് ജനകീയ റിപ്പബ്ലിക്കിനും ലൂഗാൻസ്ക് ജനകീയ റിപ്പബ്ലിക്കിനും റഷ്യ അംഗീകാരം നൽകിയത് രണ്ട് ദിവസം മുമ്പാണ്. 2014ൽ നിലവിൽ വന്നതാണ് ഈ റിപ്പബ്ലിക്കുകൾ. ക്രിമിയയിലെ റഷ്യൻ അനുകൂലിയായ പ്രസിഡന്റ് യാനുക്കോവിച്ചിനെ അമേരിക്കൻ പിന്തുണയോടെ നടന്ന അട്ടിമറിയിലൂടെ പുറത്താക്കി അവരുടെ ആജ്ഞാനുവർത്തിയെ അധികാരമേൽപ്പിച്ചതിനെ തുടർന്ന് റഷ്യൻ സേന 2014ൽ ക്രിമിയ പിടിച്ചടക്കി. ഇതേതുടർന്നാണ് വിഘടിച്ചുപോയ മേൽപ്പറഞ്ഞ രണ്ട് മേഖലകളും റഷ്യൻ പിന്തുണയോടെ വിമതർ പിടിച്ചടക്കിയത്. ഈ രണ്ട് റിപ്പബ്ലിക്കുകളെയും നാറ്റോയോ അമേരിക്കൻ പിന്തുണയോടെ യുക്രെയ്നോ ആക്രമിച്ചാൽ അവരുടെ രക്ഷയ്ക്കായി സൈന്യത്തെ അയയ്ക്കുമെന്നും റഷ്യ പ്രഖ്യാപിച്ചിരുന്നു. ഉടനടി തന്നെ അമേരിക്കയും അവരുമായി ചങ്ങാത്തമുള്ള ചില യൂറോപ്യൻ രാജ്യങ്ങളും ഈ രണ്ട് റിപ്പബ്ലിക്കുകൾക്കും മേൽ സാമ്പത്തിക ഉപരോധം അടിച്ചേൽപ്പിച്ചിരുന്നു. യഥാർത്ഥത്തിൽ കഴിഞ്ഞ രണ്ട് മാസക്കാലമായി അമേരിക്ക, റഷ്യ യുക്രെയ്നിൽ അധിനിവേശം നടത്തുമെന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഫ്രഞ്ച് പ്രസിഡന്റ് മാക്രോൺ അമേരിക്കയ്ക്കും റഷ്യയ്ക്കും ഇടയിൽ രമ്യമായ ഒരു നയതന്ത്ര പരിഹാരം ഉണ്ടാക്കുന്നതിനായി ഇരുകൂട്ടരുമായും അനുനയ ചർച്ചകൾ നടത്തിയിരുന്നു. ഇരു രാജ്യങ്ങളുമായി ചർച്ച നടത്തി പ്രശ്നം രമ്യമായി പരിഹരിക്കുമെന്നും പിരിമുറുക്കത്തിന് അയവുണ്ടാകുമെന്നുമുള്ള പ്രതീതി സൃഷ്ടിക്കപ്പെട്ടിരുന്നു.

(ശേഷം 2-ാം പേജിൽ)


6 പെഗസസ്: മുതലാളിത്ത ഗൂഢപദ്ധതി
8 മാർച്ച് 28,29: ദ്വിദിന ദേശീയ പണിമുടക്ക്
10 സമരങ്ങൾ സമയം പാഴാക്കലല്ല; പ്രധാനമന്ത്രിക്കുള്ള മറുപടി

# സാമ്രാജ്യത്വം അനിവാര്യമായും യുദ്ധം സൃഷ്ടിക്കുമെന്ന ലെനിന്റെ പാഠം ഒരിക്കൽകൂടി സാധൂകരിക്കപ്പെടുന്നു

*(1–ാം പേജിൽ നിന്ന്)*

എന്നാൽ ഇപ്പോൾ ഇരുകൂട്ടരും സ്വീകരിച്ചിട്ടുള്ള അക്രമാസക്തമായ നിലപാട്, സാഹചര്യം കൂടുതൽ വഷളാക്കുകയും പ്രശ്നം സൈനികമായി പരിഹരിക്കാനുള്ള നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

## യുക്രൈൻ സാമ്രാജ്യത്വ ഗൂഢപദ്ധതിയുടെ താവളം

പ്രതിവിപ്ലവത്തിലൂടെ സോവിയറ്റ് യൂണിയൻ തകർന്നതുവഴി നിലവിൽവന്ന യുക്രൈൻ എന്ന മുതലാളിത്ത രാജ്യം ഏറെക്കാലമായി സാമ്രാജ്യത്വ കരുനീക്കങ്ങളുടെയും സന്നാഹങ്ങളുടെയും കേളിരംഗമാണ്. സോവിയറ്റ് യൂണിയനിൽ അംഗമല്ലാതായ നാൾമുതൽ പ്രകൃതിവിഭവങ്ങളും കാർഷികവിളകളുംകൊണ്ട് സമ്പന്നമായ യുക്രൈനുമേൽ നിയന്ത്രണം കയ്യടക്കാനും മേധാവിത്വം സ്ഥാപിക്കാനും അമേരിക്കൻ സാമ്രാജ്യത്വം പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനേക്കാളുപരി റഷ്യ, ബലാറസ്, റുമേനിയ, സ്ലോവാക്യ, ഹംഗറി, കരിങ്കടൽ, അസോവ് കടൽ എന്നിവയുമായി അതിർത്തി പങ്കിടുന്ന യുക്രൈന്റെ തന്ത്രപ്രാധാന്യം വളരെ വലുതാണ്. യുക്രൈൻ എണ്ണയുടെയും പ്രകൃതി വാതകത്തിന്റെയും കാര്യത്തിൽ സമ്പന്നമല്ലെങ്കിലും റഷ്യയിൽനിന്നും കാസ്പിയൻ കടലിൽനിന്നും യൂറോപ്പിലേയ്ക്കും മറ്റ് രാജ്യങ്ങളിലേയ്ക്കും കയറ്റി അയക്കുന്ന എണ്ണയും പ്രകൃതിവാതകവും കൊണ്ടുപോകുന്ന പ്രധാനപ്പെട്ടൊരു മേഖലയാണ് ഈ രാജ്യം. സോവിയറ്റ് സോഷ്യലിസത്തിന്റെ സംഭാവനയായ അങ്ങേയറ്റം വികസിതമായ അടിസ്ഥാനഘടനയും, വിലകുറഞ്ഞതും ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ളതും സുസജ്ജവുമായ തൊഴിൽസേനയും യുക്രൈനിൽഉണ്ട്എന്നപ്രത്യേകതയുമുണ്ട്. അതുകൊണ്ടുതന്നെ പെന്റഗൺ ഭരണകർത്താക്കളുടെയും അമേരിക്കൻ കോർപ്പറേറ്റുകളുടെയും ബഹുരാഷ്ട്ര കുത്തകകളുടെയും പാശ്ചാത്യ സാമ്രാജ്യത്വ രാജ്യങ്ങളിലെ വൻകിട ബിസിനസ് ഗ്രൂപ്പുകളുടെയുമൊക്കെ കഴുകൻകണ്ണുകൾ യുക്രൈനുമേൽ പതിഞ്ഞിട്ട് മൂന്ന് പതിറ്റാണ്ടുകളായി. നാറ്റോയിൽ അംഗമാക്കി യുക്രൈനെ തളച്ചിട്ടുകൊണ്ട് വരുതിയിലാക്കാൻ അമേരിക്കൻ സാമ്രാജ്യത്വം ഭ്രാന്തമായ ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരുന്നത്. കിഴക്കൻ യൂറോപ്പിലെ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ മുതലാളിത്ത പുനഃസ്ഥാപനം ഫലപ്രാപ്തിയിലെത്തിക്കാനായി അവയിൽ ഒട്ടുമിക്ക രാജ്യങ്ങളെയും നാറ്റോയിൽ അംഗമാക്കിക്കഴിഞ്ഞു. എന്നാൽ സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ തകർച്ചയ്ക്കുശേഷം ഒരു വമ്പൻ സാമ്രാജ്യത്വ ശക്തിയായി ക്രമേണ ഉയർന്നുവരികയും സമാനമായ സാമ്പത്തിക രാഷ്ട്രീയ താൽപര്യങ്ങൾ പേറുകയും ചെയ്യുന്ന റഷ്യ ഒരു കടുത്ത പ്രതിയോഗിയായി നിലയുറപ്പിച്ചിരിക്കുന്നതിനാൽ യുക്രൈൻ പൂർണമായും വരുതിയിലാക്കാൻ അമേരിക്കൻ സാമ്രാജ്യത്വത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ പട്ടാള അട്ടിമറി, വിമതനീക്കം, ആജ്ഞാനുവർത്തികളെ അധികാരത്തിൽ അവരോധിക്കൽ തുടങ്ങി ലഭ്യമായ മാർഗ്ഗങ്ങളൊക്കെ അവർ ഈ ലക്ഷ്യം നേടുന്നതിനായി അവലംബിച്ചുകൊണ്ടിരുന്നു. മറുവശത്ത് യുക്രൈനെ വശത്താക്കുന്നതിനുവേണ്ടി റഷ്യൻ സാമ്രാജ്യത്വവും, അനുനയത്തിന്റെയും ഭീഷണിയുടെയും അടവുകളൊക്കെ പയറ്റിക്കൊണ്ടിരുന്നു. യൂറോപ്യൻ യൂണിയനുമായി ഒരു സഹകരണകരാർ ഒപ്പിടുന്നതിന് അന്ന് പ്രസിഡന്റ് ആയിരുന്ന വിക്ടർ യാനുകോവിച്ച് വിസമ്മതിച്ചതോടെയാണ് കുഴപ്പങ്ങൾ ആരംഭിക്കുന്നത്. 2013 നവംബർ 21ന് റഷ്യയ്ക്ക് അനുകൂലമായി സ്വീകരിച്ച ഈ നിലപാട് യൂറോപ്യൻ യൂണിയൻ അനുകൂലികളിൽ പ്രതിഷേധം വളരാൻ ഇടയാക്കി. യൂറോപ്യൻ യൂണിയൻ അനുകൂലികളുംറഷ്യൻഅനുകൂലികളുംതമ്മിൽ സംഘർഷങ്ങൾ പൊട്ടിപ്പുറപ്പെട്ടു. യുക്രൈൻ ഒരു ആഭ്യന്തര യുദ്ധത്തിന്റെ വക്കത്തെത്തി. ഫെബ്രുവരിയിൽ യാക്കോവിച്ച് ക്രിമിയയിലേക്ക് നാടുവിട്ടു. തുടർന്ന് റഷ്യയിൽ അഭയം തേടുകയും ചെയ്തു. അടുത്തവർഷം പാർലമെന്റ് അദ്ദേഹത്തെ പ്രസിഡന്റ് സ്ഥാനത്തുനിന്ന് നീക്കി. 2019ൽ അസാന്നിധ്യത്തിലും അദ്ദേഹത്തിന്റെമേൽ വഞ്ചനാകുറ്റം ചുമത്തുകയും ജയിൽ ശിക്ഷ വിധിക്കുകയും ചെയ്തു. കുത്തക മാധ്യമങ്ങൾ ഈ സംഘർഷത്തെ ജനാധിപത്യവും അഴിമതിയും തമ്മിലും, ദേശീയവാദികളുടെ പശ്ചിമ യുക്രൈനും, ഭൂരിപക്ഷവും റഷ്യൻ ഭാഷ സംസാരിക്കുന്നവരുടെ കിഴക്കൻ യുക്രൈനും തമ്മിലുമുള്ള ഏറ്റുമുട്ടലായി ചിത്രീകരിച്ചു. എന്നാൽ യുക്രൈനുമേൽ ആധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി പരസ്പരം മത്സരിക്കുന്ന രണ്ട് സാമ്രാജ്യത്വ ചേരികൾ തമ്മിലുള്ള സംഘർഷത്തിന്റെ രാഷ്ട്രീയ പ്രതിഫലനമാണ് യഥാർത്ഥത്തിൽ യുക്രൈനിൽ കണ്ടത്. 2004ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ യാ

## അധിനിവേശത്തിനിരയായ യുക്രൈൻ

നുകോവിച്ചിനെതിരെ നാറ്റോ പക്ഷപാതിയായ യൂഷ്ചെങ്കോയെ അമേരിക്കൻ-യൂറോപ്യൻ മുതലാളിമാർ പിന്തുണച്ചപ്പോഴും തുടർന്ന് യാനുകോവിച്ച് ഭരണകാലയളവിൽ കൈക്കൊണ്ട നിലപാടിലുമൊക്കെ ഈ വൈരം പ്രകടമായിരുന്നു. മറുവശത്ത് യാനുകോവിച്ച് റഷ്യൻപക്ഷത്തേയ്ക്ക് ചാഞ്ഞു. എന്തായാലും മുതലാളിത്ത പുനഃസ്ഥാപനം നടന്ന നാൾമുതൽ യുക്രൈൻ ജനത വർദ്ധമാനമായ അടിച്ചമർത്തലിന് ഇരയായിക്കൊണ്ടേയിരുന്നു. അതോടൊപ്പം യാനുകോവിച്ച് ഭരണകാലത്ത് ആഭ്യന്തരകാര്യങ്ങളിലുള്ള റഷ്യൻ ഇടപെടലും ആധിപത്യമനോഭാവവും ജനങ്ങളിൽ കടുത്ത അസംതൃപ്തി ഉണ്ടാക്കുകയും വലിയ ജനകീയ പ്രക്ഷോഭങ്ങൾക്ക് വഴിവെക്കുകയും ചെയ്തു. ജനങ്ങളുടെ ഈ അസംതൃപ്തി മുതലെടുത്ത് യൂഷ്ചെങ്കോ ഗ്രൂപ്പ് ഒടുവിൽ 2004 ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയം നേടി. അന്നുമുതൽ ഗുരുതരമായ രാഷ്ട്രീയ പ്രതിസന്ധി ഉടലെടുക്കുകയും ജനങ്ങൾ തമ്മിൽ തുറന്ന ഏറ്റുമുട്ടലുകളുണ്ടാകുകയും രാജ്യത്തിന്റെ കെട്ടുറപ്പുപോലും അപകടത്തിലാകുകയും ചെയ്തു. ഇതാണ് യൂറോമെയ്ഡൻ സംഭവം എന്ന പേരിലറിയപ്പെടുന്ന പ്രതിഷേധ കൊടുങ്കാറ്റുകൾക്ക് വഴിവെച്ചത്.

> **സോവിയറ്റ് സോഷ്യലിസത്തിന്റെ സംഭാവനയായ, അങ്ങേയറ്റം വികസിതമായ അടിസ്ഥാനഘടനയും, വിലകുറഞ്ഞതും ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ളതും സുസജ്ജവുമായ തൊഴിൽസേനയും യുക്രൈനിൽ ഉണ്ട്. അതുകൊണ്ടുതന്നെ പെന്റഗൺ ഭരണകർത്താക്കളുടെയും അമേരിക്കൻ കോർപ്പറേറ്റുകളുടെയും പാശ്ചാത്യ സാമ്രാജ്യത്വ രാജ്യങ്ങളിലെ വൻകിട ബിസിനസ് ഗ്രൂപ്പുകളുടെയുമൊക്കെ കഴുകൻകണ്ണുകൾ യുക്രൈനുമേൽ പതിഞ്ഞിട്ട് മൂന്ന് പതിറ്റാണ്ടുകളായി.**




കോഴിക്കോട് നടന്ന യുദ്ധവിരുദ്ധ സമ്മേളനത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു

## ക്രിമിയ സംഭവം

കിഴക്കൻ യൂറോപ്പിലെ, കരിങ്കടലിന്റെ വടക്കൻ തീരത്തുള്ള ഒരു ഉപദ്വീപായ ക്രിമിയയിൽ നടന്നസംഭവവികാസങ്ങളുംഇതോടൊപ്പം ചർച്ച ചെയ്യേണ്ടതുണ്ട്. ക്രിമിയയിൽ 24 ലക്ഷം ജനങ്ങളാണുള്ളത്. ഇവരിൽ ഭൂരിപക്ഷവും റഷ്യൻ വംശജരാണ്. കൂടാതെ യുക്രൈൻകാരും ക്രിമിയക്കാരായ ടാട്ടാർ വംശജരുമായ ന്യൂനപക്ഷ വിഭാഗങ്ങളും ഉണ്ട്. ക്രിമിയൻ ഓട്ടോണമസ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന പേരിൽ ഈ ഉപദ്വീപ് 1921ൽ പുനഃസംഘടിപ്പിക്കപ്പെട്ടു. പിന്നീട് ഇതിന് ഓട്ടോണമസ് പദവി നഷ്ടമാകുകയും സോവിയറ്റ് യൂണിയന്റെ ഒരു ഭാഗമായി തുടരുകയും ചെയ്തു. 1954ൽ ഇത് യുക്രൈന് നൽകി. യുക്രൈൻ റഷ്യയുടെ ഭാഗമായ പെരിയസ്ലാവ് ഉടമ്പടിയുടെ മുന്നൂറാം വാർഷികവേളയിലാണ് ഈ കൈമാറ്റമുണ്ടാകുന്നത്. സോവിയറ്റ് യൂണിയന്റെ ദുഃഖകരമായ പതനത്തെ തുടർന്ന് 1991ൽ യുക്രൈൻ സ്വതന്ത്രരാജ്യം ആവുകയും 1954 മുതൽ അതിന്റെ ഭാഗമായിരുന്ന ക്രിമിയ സോവിയറ്റ് അനന്തര യുക്രൈന്റെ ഭാഗമാവുകയും ചെയ്തു. അന്നുമുതൽ ഭൂരിപക്ഷം വരുന്ന റഷ്യൻ വംശജർ യൂറോപ്യൻ യൂണിയൻ-നാറ്റോ അനുകൂലികളായ ഗവൺമെന്റിനോട് വിയോജിക്കുകയും റഷ്യയോട് ചേരണം എന്ന ആശയം ബലപ്പെടുകയും ചെയ്തു. 2014ൽ റഷ്യ ഈ വിഘടനവാദികളെ പിന്തുണക്കുകയും റിപ്പബ്ലിക് ഓഫ് ക്രിമിയ, ഫെഡറൽ സിറ്റി ഓഫ് സെവാസ്റ്റോപോൾ എന്നിങ്ങനെ രണ്ട് ഭരണപ്രദേശങ്ങൾ ഉടലെടുക്കുകയും ചെയ്തു. അന്തർദേശീയമായി ഇവ രണ്ടും യുക്രൈന്റെ ഭാഗമായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഒരു സ്ഥിരം സംഘർഷമേഖലയായി ഇതു മാറി. റഷ്യൻ അനുകൂലികളും യുക്രൈൻ അനുകൂലികളും നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരുന്നു. ഭൂരിപക്ഷം വരുന്ന റഷ്യൻപക്ഷപാതികൾ യുക്രൈൻ ഫാസിസ്റ്റുകൾക്കെതിരെ നിലയുറപ്പിച്ചപ്പോൾ യുക്രൈൻ പക്ഷപാതികൾ ക്രിമിയയെ നിയമവിരുദ്ധമായി കൈയടക്കിയതിനെതിരെനിലകൊണ്ടു.ഭൂരിപക്ഷക്കാരായ റഷ്യൻ അനുകൂല നിയമ നിർമാതാക്കൾ 2014 മാർച്ച് 16ന് ഒരു ജനഹിതപരിശോധന നടത്തണമെന്ന് വാദിച്ചപ്പോൾ യുക്രൈനിലെപാശ്ചാത്യ സാമ്രാജ്യത്വ ശക്തികളുടെ പിന്തുണയുള്ള പുതിയ ഗവൺമെന്റ് ആ നീക്കം ന്യായീകരിക്കാനാവാത്തത് എന്നുപറഞ്ഞ് തള്ളിക്കളഞ്ഞു. അങ്ങനെ യുക്രൈൻ ജനത സാമ്രാജ്യത്വ മുതലാളിത്ത ശക്തികളുടെയും അവരുടെ ക്രൂരമായ അധികാര വടംവലിയുടെയും ഇടയിൽപ്പെട്ട് ശ്വാസംമുട്ടി. തുടർന്നുണ്ടായ സംഭവങ്ങൾ സാഹചര്യം കൂടുതൽ വഷളാക്കി. റഷ്യൻ കൈകടത്തലിനെതിരെ കോലാഹലം ഉണ്ടാക്കിക്കൊണ്ട് അമേരിക്കൻ സാമ്രാജ്യത്വം സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയും 'ജനാധിപത്യപ്രക്രിയയ്ക്ക് തുരങ്കം വെക്കുന്നവരെ' ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഇവർ നഗ്നമായി യുക്രൈന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുകയും ആജ്ഞകൾ പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ടിരുന്നു.

## യുക്രൈന്റെ ആഭ്യന്തര പ്രശ്നങ്ങൾ

2014 ഫെബ്രുവരിയിൽ യൂറോമെയ്ഡൻ പ്രതിഷേധങ്ങൾ കൊടുമ്പിരിക്കൊള്ളുകയും ഭയങ്കരമായ ഏറ്റുമുട്ടലുകളും വെടിവയ്പ്പുംമറ്റും ഉണ്ടാകുകയും യാനുകോവിച്ചിന്റെ റഷ്യൻ അനുകൂല ഗവൺമെന്റ് പുറത്താക്കപ്പെടുകയും ചെയ്തു. പുതിയൊരു അമേരിക്കൻ അനുകൂല ഗവൺമെന്റ് അധികാരമേറ്റു. ഇത് കേവലം ഒരു ഏകാധിപത്യ ഗവൺമെന്റിനെതിരായ ജനങ്ങളുടെ കലാപം ആയിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇത് ജനാധിപത്യം സ്ഥാപിക്കാനുള്ള പ്രക്ഷോഭം എന്ന നിലയിലും വിലയിരുത്താനാവില്ല. അമേരിക്കൻ സാമ്രാജ്യത്വവും അവരുടെ പിണിയാളുകളും അവർക്ക് ഓശാന പാടുന്ന മാധ്യമങ്ങളുമൊക്കെ ലോകത്തെ അങ്ങനെ ധരിപ്പിക്കാനാണ് ശ്രമിച്ചത്. ഇറാഖിലോ അഫ്ഗാനിസ്ഥാനിലോ ലിബിയയിലോ സിറിയയിലോ എവിടെയുമാകട്ടെ, ഭരണമാറ്റം സ്ഥാപിച്ചെടുക്കാൻ വേണ്ടിയുള്ള നീക്കങ്ങളെ ജനാധിപത്യത്തിനുവേണ്ടിയുള്ള മുറവിളിയായിട്ടാണ് ചിത്രീകരിക്കുക. അയൽരാജ്യമായ യുക്രൈനിലെ റഷ്യൻ വംശജരെ രക്ഷിക്കാനെന്നപേരിൽ നടത്തിയ അനാവശ്യമായ സൈനിക ഇടപെടലിനെതിരായ ജനങ്ങളുടെ സ്വാഭാവികമായ പ്രതികരണം എന്ന നിലയിലുമല്ല ഈ പ്രക്ഷോഭം ഉയർന്നുവന്നത്. റഷ്യയെ ലക്ഷ്യംവെച്ച് നാറ്റോ നടത്തുന്ന അക്രമോത്സുകമായ നീക്കങ്ങളും പടിപടിയായുള്ള മുന്നേറ്റവും റഷ്യയുടെ

*(ശേഷം 3–ാം പേജിൽ)*

# സോഷ്യസിസത്തിൽ വമ്പൻ വ്യവസായശക്തിയായി വളർന്ന യുക്രൈൻ മുതലാളിത്ത പുനഃസ്ഥാപനത്തോടെ ക്ഷയോന്മുഖമായി

(2-ാം പേജിൽ നിന്ന്)

ദേശീയ സുരക്ഷയ്ക്ക് ഭീഷണിയായിരുന്നു എന്നതൊരു വസ്തുതയാണ്. സത്യത്തിൽ എണ്ണ സമ്പന്നമായ ഗൾഫ് മേഖലയിലും സിറിയയിലുമൊക്കെ തിരിച്ചടി ഏറ്റുവാങ്ങിക്കൊണ്ട് നാണംകെട്ട് പിന്മാറേണ്ടിവന്ന അമേരിക്കൻസാമ്രാജ്യത്വം അവരുടെ അധീശത്വപദ്ധതികളുമായി കിഴക്കൻ യൂറോപ്പിലേയ്ക്ക് ചുവടുമാറ്റാൻ ശ്രമിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. മറുവശത്ത്, സിറിയയിലെ അസദ് ഗവൺമെന്റിന് അമേരിക്കൻ അധിനിവേശത്തെ വിജയകരമായി തടഞ്ഞുനിർത്താൻ സൈനിക സഹായം നൽകിയ റഷ്യ അതിൽനിന്ന് നേട്ടം ഉണ്ടാക്കുകയും സ്വന്തം കരുത്തിലും ശേഷിയിലും കൂടുതൽ ആത്മവിശ്വാസം കൈവരിക്കുകയും ചെയ്തു. അങ്ങനെ കുറെ കാലമായിട്ട് രണ്ട് പ്രമുഖ സാമ്രാജ്യത്വശക്തികൾ തമ്മിൽ ഏറ്റുമുട്ടൽ നടന്നു കൊണ്ടിരിക്കുകയാണ്. പരസ്പരം മത്സരിക്കുന്ന രണ്ട് സാമ്രാജ്യത്വ ചേരികളുടെ താൽപ്പര്യാർത്ഥം യുക്രൈനിൽ നടക്കുന്ന നിരന്തരമായ ഈ ആഭ്യന്തരയുദ്ധത്തിൽ ഏകദേശം 14,000 നിരപരാധികളുടെ വിലപ്പെട്ട ജീവൻ നഷ്ടമായി എന്നതാണ് ഏറ്റവും വേദനാജനകമായ വസ്തുത.

അമേരിക്കൻ സാമ്രാജ്യത്വവും ജർമ്മനി, ഫ്രാൻസ് തുടങ്ങിയവർ നയിക്കുന്ന യൂറോപ്യൻ വമ്പന്മാരും ഒരുവശത്തും റഷ്യൻ സാമ്രാജ്യത്വം മറുവശത്തുമായി നിലയുറപ്പിച്ചിട്ടുള്ള സാമ്രാജ്യത്വ മുതലാളിത്ത ലോകത്തെയാകെ ആകർഷിക്കാൻ പോന്നത്ര ആഴം യുക്രൈൻ പ്രതിസന്ധിക്കുണ്ട് എന്നത് വ്യക്തമാണല്ലോ. പാശ്ചാത്യ സാമ്രാജ്യത്വ ശക്തികൾ ഒരു ഭാഗത്തും ഒരു സാമ്രാജ്യത്വ ശക്തിയായി പരിണമിച്ചുകഴിഞ്ഞ റഷ്യ മറുഭാഗത്തുമായി ഉടലെടുത്ത, "ശീതയുദ്ധ" കാലയളവിനുശേഷം അവർ അഭിമുഖീകരിക്കുന്ന, ഏറ്റവും വലിയ പ്രതിസന്ധിയാണിത്. 2004ലെ പ്രതി വിപ്ലവത്തിലൂടെ ഒരു സാമ്രാജ്യത്വ ശക്തിയായി മാറിക്കഴിഞ്ഞ ചൈന നേരിട്ട് സംഘർഷത്തിൽ പങ്കാളിയല്ലെങ്കിലും അവരുടെ ഉറച്ച പിന്തുണ റഷ്യൻ സാമ്രാജ്യത്വത്തിനുണ്ട്. മറ്റൊരു സാമ്രാജ്യത്വ രാജ്യമായ ഇന്ത്യ അമേരിക്കൻ ചേരിയുടെയോ റഷ്യയുടെയോ പക്ഷം ഇതുവരെ പിടിച്ചിട്ടില്ല. ഐക്യരാഷ്ട്ര സഭയുടെ രക്ഷാസമിതിയിൽ റഷ്യയ്ക്ക് എതിരായി വോട്ട് ചെയ്യുന്നതിൽനിന്ന് ഇന്ത്യ വിട്ടുനിന്നു. റഷ്യയോട് യുദ്ധം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുക മാത്രമാണ് ചെയ്തത്. ഭാവിയിൽ സാമ്പത്തിക രാഷ്ട്രീയ നേട്ടമുണ്ടാക്കുന്നതിനായി ഇരുകൂട്ടരോടും വില പേശാനുള്ള സാധ്യത നിലനിർത്താനാണ് ഈ സമദൂരം പാലിക്കൽ. യുക്രൈൻ ഏതായാലും സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള വൈരുദ്ധ്യത്തിന്റെയും യുദ്ധാഭിമുഖ്യമനോഘടനയിൽനിന്ന് ഉടലെടുക്കുന്ന ഉദ്ധനീക്കങ്ങളുടെയും രംഗവേദി ആയി തുടരുകയാണ്.

## നോർഡ് സ്ട്രീം 2 പദ്ധതി

സാമ്രാജ്യത്വ-സാമ്രാജ്യത്വ വൈരുദ്ധ്യത്തെ കൂടുതൽ ദൃഢീകരിച്ച് യുദ്ധഭീഷണിവരെ കൊണ്ടെത്തിക്കാൻ കാരണമാകുന്ന മറ്റൊരു പ്രബലമായ പ്രശ്നമുണ്ട്. ഹൈഡ്രോളിക് ഫ്രാക്ച്ചറിംഗ് അഥവാ ഫ്രാക്കിംഗ് എന്ന, ഭൂമിക്കടിയിലുള്ള പാറകൾക്കകത്ത് അങ്ങിയിട്ടുള്ള ഇന്ധനത്തിനായി വാതകങ്ങൾ ഖനനം ചെയ്യുന്ന രീതിയുടെ വരവോടെ യുഎസ് എണ്ണ-പ്രകൃതി വാതക മേഖലയിലെ വൻശക്തിയായി മാറി. ഫ്രാക്കിംഗ് ഖനന രീതി ഭൂഗർഭ ജലത്തെ വിഷമയമാക്കുകയും ഭൂചലനസാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതിനാൽ പരിസ്ഥിതിവാദികൾ അതിനെ രൂക്ഷമായി എതിർക്കുകയാണ്. പക്ഷെ യുഎസിന്റെ പ്രകൃതിവാതക ഉല്പാദനത്തിന്റെ ഭൂരിഭാഗവും ഫ്രാക്കിംഗ് വഴിയാണ്. ഇങ്ങനെ ഉല്പാദിപ്പിക്കുന്ന പ്രകൃതിവാതകത്തെ ശേഖരിച്ച് സൂക്ഷിക്കുന്നതിനും കടത്തുന്നതിനും -162 ഡിഗ്രി സെൽഷ്യസിലേക്ക് അതിനെ തണുപ്പിക്കുന്നു. അപ്പോഴത് ദ്രവീകൃത പ്രകൃതിവാതകമായി മാറുന്നു. വാതകാവസ്ഥയിലുള്ളതിലും അറുനൂറിൽ ഒന്നായി അതിന്റെ വ്യാപ്തി ചുരുങ്ങുന്നു. ഈ ദ്രാവകം എൽഎൻജി കാര്യേഴ്സ് എന്ന പ്രത്യേക ഭീമൻ ടാങ്കറുകളിലാക്കി, യൂറോപ്പിലെ പ്രത്യേക എൽഎൻജി ടെർമിനലുകളിലേക്ക് കപ്പലിൽ അയക്കുന്നു. എൽഎൻജിയെ ദ്രവീകൃതാവസ്ഥയിൽനിന്നും തിരികെ വാതകാവസ്ഥയിലെത്തിച്ച് ഉയർന്ന മർദ്ദത്തിൽ പൈപ്പുകളിലൂടെ കടത്തുന്നു. ഫ്രാക്കിംഗ് സാങ്കേതികവിദ്യയുടെ പ്രയോഗത്തിലൂടെ ലോകത്ത് ദ്രവീകൃത പ്രകൃതിവാതകത്തിന്റെ ഏറ്റവും വലിയ കയറ്റുമതിക്കാരായി യുഎസ് മാറി. ലോകത്ത് പ്രകൃതിവാതകത്തിന്റെ ഏറ്റവും വലിയ ഉല്പാദകർ എന്ന സ്ഥാനവും റഷ്യയിൽനിന്നും യുഎസ് നേടിയെടുത്തു. യുഎസിലെ എണ്ണ-പ്രകൃതിവാതക ഭീമന്മാരും അവരുടെ വിധേയരായ ബൂർഷ്വാ നേതാക്കളും, ദ്രവീകൃത പ്രകൃതിവാതകം സ്വീകരിക്കുന്നതിനുള്ള തങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിനായി യൂറോപ്യൻ രാജ്യങ്ങൾക്കുമേൽ നിരന്തര സമ്മർദ്ദം ചെലുത്തുകയായിരുന്നു. തങ്ങളുടെ അധിക ആഭ്യന്തര ഉല്പാദനത്തെ ലാഭകരമായി ഒഴിവാക്കാൻ സഹായകരമായ വിധത്തിൽ, എൽഎൻജി കരുതിവെക്കേണ്ടത് ഊർജ്ജ സുരക്ഷയുടെ പ്രശ്നമാക്കി അവർ വരുത്തിത്തീർക്കുന്നു. വാങ്ങുന്നത് യുഎസിലേക്ക് മാറുമ്പോൾ, യുഎസ് വിലനിർണ്ണയത്തിൽ എല്ലാ യൂറോപ്യൻ സമ്പദ്‌വ്യവസ്ഥകൾക്കും ആശ്രയിക്കേണ്ടിവരും. പക്ഷെ, യുഎസിന്റെ തൊണ്ടയിൽ കുടുങ്ങിയ മുള്ളുപോലെ നിന്നത് 1230 കിലോമീറ്റർ നീളത്തിലുള്ള

### അധിനിവേശത്തിനിരയായ യുക്രൈൻ

നോർഡ് സ്ട്രീമെന്ന പ്രകൃതിവാതക പൈപ്പ്‌ലൈൻ പദ്ധതിയാണ്. റഷ്യയിൽനിന്നും ജർമ്മനിയുടെ ബാൾട്ടിക് കടൽത്തീരംവരെ ബാൾട്ടിക് കടലിനടിയിലൂടെ പോകുന്ന പൈപ്പ്‌ലൈനാണിത്. നേരത്തെയുണ്ടായിരുന്ന നോർഡ് സ്ട്രീം പൈപ്പ്‌ലൈനിന് സമാന്തരമായി അതിന്റെ ശേഷിയെ ഇരട്ടിയാക്കിക്കൊണ്ട്, അതായത് പ്രതിവർഷം 110 ശതകോടി ക്യൂബിക് മീറ്റർ വാതകം കൊണ്ടുപോകാവുന്ന തരത്തിലാണിത് വരുന്നത്. ഇത് റഷ്യയുടെയും ജർമ്മനിയുടെയും ഒരു സംയുക്ത ഊർജ്ജ പദ്ധതിയായിട്ടാണ് വരുന്നതും, ഇപ്പോൾ പൂർത്തിയായിരിക്കുന്നതും. നിലവിൽ തങ്ങൾക്കാവശ്യമുള്ള പ്രകൃതിവാതകത്തിന്റെ 35% ജർമ്മനി റഷ്യയിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ജർമ്മനിയുടെ മുൻചാൻസലർ ഏംഗലാ മെർക്കൽ ചിന്തിച്ചത്, നോർഡ് സ്ട്രീം 2 വരുമ്പോൾ, കൂടുതൽ റഷ്യൻ വാതകം യുക്രൈൻ വഴിയുള്ള കടത്ത് സൗകര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് ബാൾട്ടിക് കടലിനടിയിലൂടെ നേരിട്ട് ജർമ്മനിയിലെത്തിക്കാനുള്ള വഴിതുറക്കുമെന്നാണ്. അങ്ങനെവന്നാൽ റഷ്യയിൽനിന്ന് കിട്ടേണ്ട ഏകദേശം രണ്ട് ശതകോടി ഡോളറിന്റെ കടത്തുകൂലി യുക്രൈന് ഉപേക്ഷിക്കേണ്ടിവരും. യുഎസ് ഭരണാധികാരികൾ ഭയപ്പെട്ടത്, ഈ തുക നഷ്ടമാകുന്നത്, തങ്ങളുടെ പാവഭരണം നിലവിലുള്ള രാജ്യത്തെ കൂടുതൽ അസ്ഥിരമാക്കുമെന്നാണ്. ഈ പുതുതായി സ്ഥാപിച്ച പൈപ്പ്‌ലൈൻ വാതകവിതരണം ഇരട്ടിയാക്കാനിരിക്കുകയായിരുന്നു. ജർമ്മനിയിലെ റഗുലേറ്റർമാർ നൽകേണ്ട അവസാന സെർട്ടിഫിക്കേഷനായി അവർ കാത്തിരിക്കുകയായിരുന്നു. ജർമ്മനിക്കും ഇതുവരെ ഇതൊരു വാണിജ്യപദ്ധതി മാത്രമായിരുന്നു. പക്ഷെ ഇപ്പോൾ, യുഎസ് സമ്മർദ്ദത്തിനാലാകാം, കിഴക്കൻ യുക്രൈനിലെ വിട്ടുപോയ രണ്ടുപ്രദേശങ്ങൾക്ക് റഷ്യ ഔദ്യോഗിക അംഗീകാരം നൽകി അവിടേയ്ക്ക് സൈന്യത്തെ അയച്ചതിനുശേഷം, പദ്ധതിക്കുള്ള അനുമതി തടഞ്ഞുവച്ചിരിക്കുകയാണ്. മതിയായ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ലഭ്യമാകുന്നതുവരെ കൽക്കരിയിൽനിന്നും ആണവോർജ്ജത്തിൽ നിന്നുമുള്ള ഊർജ്ജോല്പാദന പരിവർത്തനത്തിനായി ഈ പൈപ്പ്‌ലൈൻ ജർമ്മനിക്ക് അത്യാവശ്യമാണ്. അവസാന ആറ് ആണവോർജ്ജ പ്ലാന്റുകളിൽ മൂന്നെണ്ണവും ജർമ്മനി ഇപ്പോൾ അടച്ചുപൂട്ടി. ഇപ്പോഴത്തെ ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ് പറഞ്ഞത്: 'അടുത്തിടെയുണ്ടായ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ നോർഡ് സ്ട്രീം 2-മായി ബന്ധപ്പെട്ട സാഹചര്യവും വീണ്ടും വിലയിരുത്തേണ്ടതുണ്ട്. അത് വളരെ സാങ്കേതികമായി തോന്നാമെങ്കിലും പൈപ്പ്‌ലൈനിന്റെ അനുമതി നിർത്തുന്നതിന് ആവശ്യമായ ഭരണനടപടിയാണിത്.' അതായത് ഒരു സ്തംഭനാവസ്ഥ ഉണ്ടായിരിക്കുന്നു. വാസ്തവത്തിൽ, യൂറോപ്പിനുവേണ്ട പ്രകൃതിവാതകത്തിന്റെ മൂന്നിലൊന്നും മറ്റ് പൈപ്പ്‌ലൈനുകളിലൂടെ റഷ്യതന്നെ നൽകുന്നതാണ്. വടക്കേ അമേരിക്കയിൽനിന്നും ഇറക്കുമതി ചെയ്യുന്നതിനേക്കാളും യൂറോപ്യൻ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം, ചെലവുകുറവും പരിസ്ഥിതിക്ക് മെച്ചവും, നേരിട്ടും ഉള്ള മാർഗം റഷ്യയിൽനിന്നും പൈപ്പ്‌ലൈനുകൾ നിർമ്മിക്കുന്നതാണ്. പക്ഷെ യുഎസ് കോർപ്പറേഷനുകൾക്ക് തങ്ങളുടെ ദ്രവീകൃത പ്രകൃതിവാതകം യൂറോപ്പിലോ ഏഷ്യയിലോ മറ്റിടങ്ങളിലോ കൊണ്ടുവന്നിറക്കേണ്ടതുണ്ട്. പെന്റഗൺ ഭരണാധികാരികൾ ഭയക്കുന്നത്, ജർമ്മനിക്കും യൂറോപ്പിനുംമേൽ സ്വാധീനം ചെലുത്തുന്നതിന് റഷ്യ നോർഡ് സ്ട്രീം 2 ഒരു ആയുധമായി ഉപയോഗിക്കുമെന്നാണ്. കൂടാതെ ഹൈഡ്രോളിക് ഫ്രാക്ച്ചറിംഗ് വഴി ഖനനം ചെയ്യുന്ന കൂടുതൽ വിലയുള്ള പ്രകൃതിവാതകം വിൽക്കാനുള്ള ഭീമൻ യുഎസ് ഊർജ്ജ കോർപ്പറേഷനുകളുടെ ശേഷി ഇത് വെട്ടിക്കുറക്കുമെന്നും അവർ പേടിക്കുന്നു. മേഖലയിൽ സാമ്പത്തികവും ഭൗമരാഷ്ട്രീയപരവുമായ നേട്ടം സ്വന്തമാക്കുന്നതിൽനിന്ന് അതവരെ തടയും. അതുകൊണ്ട്, യുഎസ് സാമ്രാജ്യത്വം ഈ പദ്ധതിയെ തകിടംമറിക്കുന്നതിന് ഓരോ ഘട്ടത്തിലും ശ്രമിച്ചുകൊണ്ടിരുന്നു. തങ്ങളുടെ ആഭ്യന്തര മിച്ച പ്രകൃതിവാതകം യൂറോപ്പിലേക്കും മറ്റ് രാജ്യങ്ങളിലേക്കും കയറ്റിയയ്ക്കാനുള്ള സാധ്യതയെ തടയുന്ന തരത്തിൽ റഷ്യയുമായോ ചൈനയുമായോ കൂടുതൽ അടുക്കാനുള്ള ഏതൊരു യൂറോപ്യൻ പദ്ധതിയെയും തുരങ്കംവയ്ക്കാൻ അവർ ഭ്രാന്തമായി ശ്രമിക്കും. റഷ്യ യുക്രൈനെതിരെ നീങ്ങുകയാണെങ്കിൽ പൈപ്പ്‌ലൈനിന്റെ ഭാവി അപകടത്തിലാകുമെന്ന് പരസ്യമായി പ്രസ്താവിക്കാൻ ജർമ്മനിക്കുമേൽ യുഎസിന്റെയും സഖ്യശക്തികളുടെയും സമ്മർദ്ദമുണ്ടായിരുന്നു. വാസ്തവത്തിൽ യുക്രൈനിൽ അധിനിവേശം നടത്താനുള്ള റഷ്യൻ പദ്ധതിയെക്കുറിച്ചുള്ള ഭയപ്പെടുത്തുന്ന വിവരവുമായി ദിനവും യുഎസ് നൽകുന്ന മുന്നറിയിപ്പുകളാണ് രണ്ടുമാസമായി മാദ്ധ്യമങ്ങളിൽനിറയുന്നത്. യുക്രൈൻ അതിർത്തിയിൽ റഷ്യ 1,50,000 സൈനികരെ വിന്യസിച്ചതായുള്ള യുഎസ് ഇന്റലിജൻസിന്റെ വിവരം വാർത്താ തലക്കെട്ടുകളിലൂടെ വന്നുകൊണ്ടിരുന്നു. ഇത് വ്യക്തമായും ചൂണ്ടിക്കാണിക്കുന്നത് യുഎസ് സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം റഷ്യയും ചൈനയുമാ

(ശേഷം 4-ാം പേജിൽ)

**സാമ്രാജ്യത്വ രാജ്യമായ ഇന്ത്യ അമേരിക്കൻ ചേരിയുടെയോ റഷ്യയുടെയോ പക്ഷം ഇതുവരെ പിടിച്ചിട്ടില്ല. യുഎൻ രക്ഷാസമിതിയിൽ റഷ്യയ്ക്ക് എതിരായി വോട്ട് ചെയ്യുന്നതിൽനിന്ന് ഇന്ത്യ വിട്ടുനിന്നു. റഷ്യയോട് യുദ്ധം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുക മാത്രമാണ് ചെയ്തത്. ഭാവി സാമ്പത്തിക-രാഷ്ട്രീയ നേട്ടങ്ങൾക്കായി ഇരുകൂട്ടരോടും വിലപേശാനാണ് ഈ സമദൂരം പാലിക്കൽ.**



ആലപ്പുഴ ടൗണിൽ നടന്ന യുദ്ധാവിരുദ്ധ യോഗത്തിൽ എസ്‌യുസിഐ (സി) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സഖാവ് ടി.മുരളി പ്രസംഗിക്കുന്നു

# യുക്രൈൻ ജനത സാമ്രാജ്യത്വ നുകത്തിൽ നിന്ന് പുറത്തുകടന്ന് സോഷ്യലിസം പുനഃസ്ഥാപിക്കാനുള്ള പോരാട്ടം ഏറ്റെടുക്കണം

(3–ാം പേജിൽ നിന്ന്)

യുള്ള യൂറോപ്പിന്റെ കച്ചവടം വളരുന്നത് തടയണമെങ്കിൽ ഒരു യുദ്ധഭീഷണിതന്നെ വേണമായിരുന്നു. മറുവശത്ത്, പ്രകൃതിവാതക കമ്പോളം വികസിപ്പിക്കുന്നതിനുള്ള ആഗോള മത്സരത്തിൽ, ഈ പദ്ധതി നടപ്പായില്ലെങ്കിൽ റഷ്യക്ക് പ്രതീക്ഷിച്ച നേട്ടം ഉണ്ടാക്കാനായില്ല എന്നുവരും. അവർക്കും ഭീമമായ സൈനികശക്തിയും വികസിതമായ ആണവായുധങ്ങളുമുണ്ട് അതുകൊണ്ട് യുഎസിന്റെ യുദ്ധഭീഷണിക്കുമുന്നിൽ അവർ മുട്ടുമടക്കില്ല. തന്നെയുമല്ല, ഇന്നത്തെ ആഗോള സാഹചര്യത്തിലെ സൈനികശക്തിയുടെ ബലാബലത്തിൽ ഒരു വൻശക്തിക്കും വൻതോതിലുള്ള യുദ്ധത്തിൽ പങ്കെടുക്കുന്നത് എളുപ്പമല്ല. അതുകൊണ്ട് പ്രാദേശികതലത്തിലുള്ള സൈനിക നടപടികളാണ് ശക്തമായ വിലപേശൽ തന്ത്രമായി ഉപയോഗിക്കാനാവുക. യുഎസ് അനുകൂലിയായ യുക്രൈൻ പ്രസിഡന്റ് വ്ളാഡിമർ സെലെൻസ്കി നോർഡ് സ്ട്രീം 2നെ ഒരു അപകടകാരിയായ രാഷ്ട്രീയ ആയുധമായി ഇതിനകം വിശേഷിപ്പിച്ചുകഴിഞ്ഞു. നാറ്റോ അനുകൂല സർക്കാരിൽ സമ്മർദ്ദം സൃഷ്ടിക്കുവാനാകും, ആക്രമോത്സുകമായ സൈനിക നടപടി റഷ്യ നടപ്പാക്കുന്നത്. അവർക്കും യൂറോപ്പിലെ ഇന്ധനക്കച്ചവടത്തിന്റെ നേട്ടം നഷ്ടപ്പെടുത്താനാകില്ല. തുടർന്ന് യുദ്ധ നടപടികളിലേക്ക് ഇരുരാജ്യങ്ങളും കടന്നു. മുന്നറിയിപ്പുകൾ പോലെതന്നെ സംഘർഷം മുഴുവൻ യുദ്ധമായി മാറുകയും, റഷ്യയുടെ കടന്നാക്രമണവും യുക്രൈനിന്റെ പ്രതിരോധവും ലോകത്തെ സമാധാനകാംക്ഷികളായ ജനങ്ങളുടെ മനസ്സിൽ കരിനിഴൽ വീഴ്ത്തി ഇപ്പോഴും തുടരുന്നു. ഇന്ത്യയിൽനിന്നുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികളടക്കം അനവധി വിദേശ പൗരന്മാരും യുക്രൈൻ നഗരങ്ങളിൽ ബോംബുകൾക്കും ഷെല്ലാക്രമണങ്ങൾക്കും നടുവിൽ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നു.

പ്രതീക്ഷിച്ചതുപോലെതന്നെ, യുഎസ് റഷ്യയുടെ സൈനിക നടപടിയെ അധിനിവേശം എന്നാണ് വിശേഷിപ്പിക്കുന്നത്. തങ്ങളുടെ സഖ്യകക്ഷികളോടൊപ്പം അവർ റഷ്യക്കെതിരെ ഒന്നനുപിറകെ ഒന്നായി ഉപരോധങ്ങൾ ഏർപ്പെടുത്തുന്നു. നോർഡ് സ്ട്രീം 2 വാതക പൈപ്പ്ലൈൻ നിർമ്മിക്കുന്ന കമ്പനിക്കെതിരെയും ഉപരോധം ഏർപ്പെടുത്താൻ യുഎസ് പ്രസിഡന്റ് അമാന്തിച്ചില്ല.

### സോഷ്യലിസത്തിലെ വർണ്ണാഭമായ ഉയർച്ചയിൽ നിന്നും മുതലാളിത്തത്തിലെ പതനത്തിലേക്ക്

1922ൽ സോവിയറ്റ് യൂണിയനിൽ ചേർന്നതിനുശേഷം ധാതുസമ്പുഷ്ടമായ ഒരു പിന്നാക്ക കാർഷികമേഖല എന്നതിൽനിന്നും ഒരു ഭീമൻ വ്യവസായശക്തിയായി യുക്രൈൻ പരിവർത്തനപ്പെടുകയായിരുന്നു. സോവിയറ്റ് യൂണിയനിലെ ആസൂത്രിത സോഷ്യലിസ്റ്റ് സമ്പദ്ഘടനയാണ് ഇത് സാദ്ധ്യമാക്കിയത്. യുഎസ്എസ്ആറിൽ റഷ്യ കഴിഞ്ഞാൽ രണ്ടാമത് ഏറ്റവും വ്യവസായവൽകൃതമായ സംസ്ഥാനമായി യുക്രൈൻ മാറി. അത് ചൂഷണമുക്തമായ ആസൂത്രിത സോഷ്യലിസ്റ്റ് സമ്പദ്ഘടനയായിരുന്നു. അതുകൊണ്ടുതന്നെ കമ്പോള പ്രതിസന്ധികളിൽനിന്നും മുക്തമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുണ്ടായ വിവരണാതീതമായ നാശനഷ്ടങ്ങളിൽനിന്നും വീണ്ടും ഉയർന്നുവരാനും യുക്രൈനെ സഹായിച്ചതും മറ്റൊന്നുമല്ല. യുഎസ്എസ്ആറിലെ സോഷ്യലിസത്തിന്റെ തകർച്ചയ്ക്കുശേഷം യുക്രൈൻ അടക്കമുള്ള അംഗരാജ്യങ്ങൾ റഷ്യയിൽനിന്നും വിട്ടുമാറുകയും റഷ്യയെപ്പോലെതന്നെ സ്വന്തംനിലയിൽ ബൂർഷ്വാഭരണം സ്ഥാപിക്കുകയും ചെയ്തു. ആ സമയത്ത് റഷ്യ കോമൺവെൽത്ത് ഓഫ് ഇൻഡിപെൻഡന്റ് സ്റ്റേറ്റ്സ്(സിഐഎസ്) രൂപീകരിച്ചുകൊണ്ട് സ്വന്തം സാമ്രാജ്യത്വ മോഹങ്ങളോടെ ആ ബൂർഷ്വാ രാഷ്ട്രങ്ങളെ സ്വന്തം മേൽക്കോയ്മയ്ക്ക് കീഴിൽ നിർത്താൻ ശ്രമിച്ചു. മറ്റുള്ളവരെപ്പോലെ യുക്രൈനും സ്വന്തം മുതലാളിത്ത താല്പര്യങ്ങൾക്കായി സിഐഎസിൽ അംഗമായി. അക്കാലത്ത് യുഎസോ പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളോ റഷ്യയുടെ നീക്കത്തെ എതിർത്തില്ല. പക്ഷെ കാലം കടന്നുപോയപ്പോൾ റഷ്യയോട് അടുപ്പം സൂക്ഷിക്കുമ്പോൾതന്നെ തങ്ങളുടെ വേഗത്തിലുള്ള മുതലാളിത്ത വികസനത്തിനായി യുക്രൈൻ യുഎസിനോടും മറ്റ് പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളോടും അടുപ്പത്തിലായി.

മഹാനായ സ്റ്റാലിന്റെ നിര്യാണത്തിനും, സോവിയറ്റ് യൂണിയന്റെയും സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും നേതൃത്വം തിരുത്തൽവാദികൾ കയ്യടക്കിയതിനും ശേഷം കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു. ക്രൂഷ്ചേവിന്റെ നേതൃത്വം തിരുത്തൽവാദ ലൈനാകും പിന്തുടരുകയെന്ന് ആർക്കും തിരിച്ചറിയാനാകാതിരുന്ന അക്കാലത്ത്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഉന്നതനായ മാർക്സിസ്റ്റ് നേതാവും ആചാര്യനുമായ സഖാവ് ശിബ്‌ദാസ് ഘോഷാണ് 1956ൽ തന്നെ, 'സ്റ്റാലിനെയും അദ്ദേഹത്തിന്റെ പ്രാമാണ്യത്തെയും അപകീർത്തിപ്പെടുത്തുന്നതിന്റെ മറവിൽ തിരുത്തൽവാദത്തിന്റെ മലവെള്ളപ്പാച്ചിലാണ് തുറന്നുവിടുകയെന്ന്' മുന്നറിയിപ്പ് തന്നതാണ്. തീർച്ചയായും ഇത് സത്യമാണെന്ന് തെളിഞ്ഞു. സോഷ്യലിസ്റ്റ് ലൈൻ അനുസരിച്ചുള്ള വികസനത്തിന് പകരം തിരുത്തൽവാദ നേതൃത്വം ദിശ തി

## അധിനിവേശത്തിനിരയായ യുക്രൈൻ

രിക്കുകയും അനുബന്ധമായ തിന്മകൾ സമ്പദ് വ്യവസ്ഥയുടെയും സമൂഹത്തിന്റെയും എല്ലാ തലങ്ങളിലും വെളിപ്പെടുകയും ചെയ്തു. 1965 മുതൽ യുക്രൈനിലെ വ്യവസായ വളർച്ച കുറയുകയും അവസാനം നിശ്ചലമാവുകയും ചെയ്തു. യുക്രൈനിലെ സമ്പദ്‌വ്യവസ്ഥ, സോവിയറ്റ് തകർച്ചയ്ക്ക് ശേഷമുള്ള വർഷങ്ങളിൽ കൂടുതൽ ഗുരുതരമായി ചുരുങ്ങി. സോഷ്യലിസത്തിൽനിന്നും മുതലാളിത്തത്തിലേക്കുള്ള പരിവർത്തനം ജനസംഖ്യയുടെ ഭൂരിഭാഗംപേർക്കും ദുരിതവും തകർച്ചയും മാത്രമാണ് സമ്മാനിച്ചത്. 25% ജനങ്ങളും ദാരിദ്ര്യത്തിലേക്ക് വലിച്ചെറിയപ്പെട്ടു. ഗ്രാമീണ യുക്രൈനിലെ നല്ലൊരുപങ്ക് പൗരരും സ്വന്തം ഭക്ഷണം സ്വയം കൃഷിചെയ്തെടുത്തും പലപ്പോഴും രണ്ടിലധികം ജോലികൾ മാറിമാറി ചെയ്തും, കൈമാറ്റ വ്യവസ്ഥയിലൂടെ അവശ്യവസ്തുക്കൾ വാങ്ങിയുമൊക്കെയാണ് നിലനിന്നത്. ജീവിതമാർഗ്ഗം തേടി 60 ദശലക്ഷം യുക്രൈൻകാർ വിദേശത്തേക്ക് പോയെന്നാണ് റിപ്പോർട്ടുകൾ. മരണനിരക്ക് അതിവേഗം ഉയർന്നു. സാധാരണ ജനങ്ങൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കാനുള്ള അവസരം അപ്രത്യക്ഷമായി.

2008ലെ സാമ്പത്തിക പ്രതിസന്ധി യുക്രൈനെയും ബാധിച്ചു. വിദേശ സഹായംകൂടാതെ ഒരിക്കൽ വികസിച്ച രാജ്യത്തിന് ഐഎംഎഫ് അനുവദിച്ച 1650 കോടി ഡോളറിന്റെ ലജ്ജാകരമായ വായ്പകൊണ്ട് മുന്നോട്ട് പോകേണ്ടിവന്നു. 1990കളിലെ പണപ്പെരുപ്പത്തിന്റെ അത്യധികം ഉയർന്ന നിരക്കുകൾ, 1993ൽ ലോകത്ത് ഒരു കലണ്ടർ വർഷത്തെ ഏറ്റവും ഉയർന്ന പണപ്പെരുപ്പനിരക്കിന്റെ റെക്കോഡിലേക്കാണ് യുക്രൈനെ തള്ളിവിട്ടത്. സോഷ്യലിസത്തെ തകർത്ത് യുക്രൈനിൽ നിലവിൽവന്ന മുതലാളിത്ത ഭരണം, മുതലാളിത്ത ലോകത്ത് മറ്റെല്ലായിടത്തുമുള്ളതുപോലെ അവിടുത്തെയും ജനങ്ങളുടെ ജീവിതത്തിൽ പ്രതിസന്ധിയുണ്ടാക്കി. ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കൈകാര്യംചെയ്യാൻ സർക്കാരിന് കഴിയില്ലായിരുന്നു. ഇത് ബഹുജനങ്ങൾക്കിടയിൽ വമ്പിച്ച രോഷം സൃഷ്ടിച്ചു. ജനങ്ങൾക്ക് മതിയായ രാഷ്ട്രീയ അവബോധം ഇല്ലാതിരുന്നതിനെ മുതലെടുത്തുകൊണ്ട് വംശീയവും ഭാഷാപരവുമായ സംഘർഷങ്ങളും സ്പർദ്ധകളും നിരന്തരം ആളിക്കത്തിച്ചു. ജനങ്ങളെ നയിക്കുന്നതിനുള്ള ശരിയായ വിപ്ലവനേതൃത്വം ഉണ്ടായിരുന്നില്ല. ഇതെല്ലാംതന്നെ രാജ്യത്തെ പിന്തിരിപ്പൻ ശക്തികൾക്ക് മുന്നണിയിലേക്ക് വരാനും സാമ്രാജ്യത്വ കഴുകൻമാർക്ക് തങ്ങളുടെ താത്പര്യങ്ങൾ നടത്തിയെടുക്കാൻ വളക്കൂറുള്ള മണ്ണ് കണ്ടെത്താനും, മാറ്റം വരുത്താനെന്ന പേരിൽ പാശ്ചാത്യ സാമ്രാജ്യത്വ തിട്ടൂരങ്ങൾക്കുമുന്നിൽ പൂർണ്ണ വിധേയത്വം ഉണ്ടാക്കിയെടുക്കാനാണ് സഹായിച്ചത്. ഒരിക്കൽ സോവിയറ്റ് യൂണിയന്റെ ഭാഗമെന്ന നിലയിൽ തോളോട് തോൾചേർന്ന് സോഷ്യലിസ്റ്റ് നിർമ്മാണം അരക്കിട്ടുറപ്പിക്കാൻ അധ്വാനിച്ച റഷ്യയിലെയും യുക്രൈനിലെയും ജനങ്ങളെ, സോഷ്യലിസം തകർന്നതിനുശേഷമുള്ള സാമ്രാജ്യത്വ ഗൂഢാലോചനയിലൂടെ പരസ്പരം തോക്ക് ചൂണ്ടിനിൽക്കുന്ന അവസ്ഥയിലെത്തിച്ചിരിക്കുന്നുവെന്നതാണ് കൂടുതൽ വേദനാകരമായിരിക്കുന്നത്.

**പ്രതിവിപ്ലവത്തിലൂടെ ആനയിക്കപ്പെട്ട മുതലാളിത്ത ഭരണത്തിന് യാതൊരു പ്രശ്നങ്ങളിൽനിന്നും ഒരു ചൂഷണത്തിൽനിന്നും ആശ്വാസമേകാനാവില്ലെന്ന സത്യം അധ്വാനിക്കുന്ന യുക്രൈൻജനത ഈ സാഹചര്യത്തിൽ നന്നായി മനസ്സിലാക്കണം. മറിച്ചായാൽ കമ്പോളം പിടിച്ചെടുക്കാനായി പോരടിക്കുന്ന യുദ്ധവെറിയന്മാരായ രണ്ടു സാമ്രാജ്യത്വശക്തികളുടെ ഇടയിൽപെട്ട് കൂടുതൽ ഞെരിഞ്ഞമരുകയേയുള്ളൂ.**

### സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തിനിടയിലെ വെറും കരുക്കളാണ് ഇപ്പോൾ യുക്രൈൻ ജനത

വർദ്ധിച്ചുവരുന്ന അതിരൂക്ഷമായ കമ്പോളപ്രതിസന്ധിയും മാന്ദ്യവും പുതിയ കമ്പോളങ്ങൾ അന്വേഷിക്കാൻ സാമ്രാജ്യത്വ ശക്തികളെ നിർബന്ധിതമാക്കുന്നു. സോഷ്യലിസ്റ്റ് കമ്പോളങ്ങളൊന്നും അവശേഷിക്കാത്ത ഏകധ്രുവ ലോകമായിട്ടുപോലും അവർ കമ്പോളം തിരയുന്നു. കൂടുതൽ കൂടുതൽ രാജ്യങ്ങളെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരാൻ അവർ ശ്രമിക്കുന്നു. ഇത്തരത്തിൽ യുക്രൈന്റെ കമ്പോളത്തെയും അവർ ലക്ഷ്യം വയ്ക്കുന്നു. അതേസമയംതന്നെ പ്രതിവിപ്ലവത്തെ തുടർന്ന് പ്രാരംഭദശയിലുണ്ടായിരുന്ന അനിശ്ചിതത്വത്തിനു ശേഷം സ്വന്തം അധീശത്വം ദൃഢീകരിച്ച റഷ്യൻ മുതലാളിവർഗ്ഗവും സ്വന്തം സ്വാധീനമേഖല വിശാലമാക്കാനുള്ള മേധാവിത്വമോഹങ്ങൾ വച്ചു പുലർത്തുകയാണ്.

കമ്പോളം പിടിച്ചെടുക്കാനും സ്വാധീനമേഖല വിപുലീകരിക്കുവാനും വേണ്ടി മാത്രമാണ് റഷ്യൻ സാമ്രാജ്യത്വവും യൂറോപ്യൻ യൂണിയനും യുഎസ് സാമ്രാജ്യത്വവും തമ്മിലുള്ള ഈ സംഘർഷമെന്നത് സുവ്യക്തമാണ്. ലോകത്തെ മറ്റേതൊരു മുതലാളിത്ത രാജ്യത്തുമെന്നതു പോലെ ക്രൂരമായ മുതലാളിത്ത ചൂഷണവും അടിച്ചമർത്തലും കൊണ്ട് പിച്ചിച്ചീന്തപ്പെട്ട്, അതോടൊപ്പം സ്വന്തം സങ്കുചിതമായ സാമ്പത്തിക രാഷ്ട്രീയ താൽപര്യങ്ങൾ നടത്തിയെടുക്കാൻ ലക്ഷ്യംവെച്ച് സാമ്രാജ്യത്വശക്തികൾ കുത്തിത്തിരുപ്പുണ്ടാക്കി വളർത്തിയെടുക്കുന്ന സംഘർഷങ്ങളും കലാപങ്ങളുംകൊണ്ട് വലഞ്ഞ യുക്രൈനിലെ സാധാരണ ജനങ്ങൾ ഇന്നിപ്പോൾ അധികാര കിടമത്സരങ്ങളിൽ ഏർപ്പെടുന്ന കൊള്ളക്കാരുടെയും ചട്ടമ്പികളുടെയും കയ്യിലെ വെറും കരുക്കളായി മാറിയിരിക്കുകയാണ്. പക്ഷേ ആ രാജ്യത്തെ മുതലാളിത്ത ഭരണാധികാരികളോ റഷ്യൻ ഭരണാധികാരികൾ അടക്കമുള്ള സാമ്രാജ്യത്വ കഴുകന്മാരോ യുക്രൈൻ ജനതയുടെ കഷ്ടതകളെ തരിമ്പെങ്കിലും ഗൗനിക്കുന്നില്ല

വ്യവസ്ഥിതിയുടെകൂടപ്പിറപ്പായ വ്യാധികൾ; വിലക്കയറ്റം, പട്ടിണി, തൊഴിലില്ലായ്മ സാമ്പത്തിക മാന്ദ്യം തുടങ്ങിയവകൊണ്ട് അടയാളപ്പെടുത്തപ്പെട്ട അഭൂതപൂർവ്വമായ സാമ്പത്തിക പ്രതിസന്ധികളെ നേരിട്ട്കൊണ്ടിരിക്കുമ്പോൾ സാമ്രാജ്യത്വശക്തികളാവട്ടെ യുദ്ധപിരിമുറുക്കം കൂട്ടിയും ദേശീയ ഭ്രാന്ത് കുത്തിപ്പൊക്കിയും അടിച്ചമർത്തപ്പെട്ട ജനതയുടെ ശ്രദ്ധ വ്യതിചലിപ്പിക്കുകയാണ്. യഥാർത്ഥത്തിൽ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന കഷ്ടപ്പാടിലും പരസ്പരവിശ്വാസക്കുറവിലും വിരോധങ്ങളിലുംമേലാണ് അവർ പുഷ്ടിപ്പെടുന്നത്. സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണത്തിലേക്കാണ് അവർ കൂടുതലായി ചെന്നെത്തിക്കൊണ്ടിരിക്കുന്നത്. സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള ഈ സംഘർഷത്തിൽ ആര് നേടിയാലും ആര് തോറ്റൊടുങ്ങിയാലും അതുവഴി ജനങ്ങളുടെ കഷ്ടപ്പാട് കൂടുകയേയുള്ളൂ. മറിച്ച്, ദേശീയ-വംശീയ

(ശേഷം 5–ാം പേജിൽ)

# തോട്ടപ്പള്ളിയിൽ കരിമണൽ ഖനനവിരുദ്ധ സത്യഗ്രഹവും സംഗീത പരിപാടിയും

**തോ**ട്ടപ്പള്ളിയിൽ നടക്കുന്ന കരിമണൽ ഖനനവിരുദ്ധ അനിശ്ചിതകാല റിലേ സത്യഗ്രഹത്തിന്റെ 263-ാം ദിവസം ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സത്യഗ്രഹ സമരം നടന്നു. ജില്ലാ പ്രസിഡന്റ് കെ.ബിമൽജി നേതൃത്വം നൽകി. ജില്ലാ സെക്രട്ടറി മൈന ഗോപിനാഥ്, ജില്ലാ കമ്മിറ്റിയംഗങ്ങളായ അനീഷ് തകഴി, എം.സി.സുനിൽ, ആർ.രാജീവ്, പി.സന്തോഷ് കുമാർ, രേഖ സതീശൻ എന്നിവർ പങ്കെടുത്തു.



തോട്ടപ്പള്ളി തെക്കേക്കര ബീച്ചിൽ നടന്ന സമരോത്സുക സാംസ്കാരിക സംഗമം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

വൈകിട്ട് തോട്ടപ്പള്ളി തെക്കേക്കര ബീച്ചിൽ നടന്ന സമരോത്സുക സാംസ്കാരിക സംഗമം എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ്ഇ.വി.പ്രകാശ്ഉദ്ഘാടനം ചെയ്തു. പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ ഉജ്ജ്വലമായ ജനകീയ പോരാട്ടത്തിലൂടെയെ കഴിയൂ എന്നും കരിമണൽഖനനവിരുദ്ധസമരം വിജയിക്കാൻ പോകുന്ന ചരിത്ര പ്രക്ഷോഭമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി സെക്രട്ടറി എസ്.സുരേഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. റഷ്യ യുക്രൈനുമേൽ നടത്തുന്ന ഏകപക്ഷീയമായ സൈനികാക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള യുദ്ധവിരുദ്ധ പ്രമേയം എഐഡിവൈഒ ജില്ലാ വൈസ് പ്രസിഡന്റ് ആർ.പ്രവീൺ അവതരിപ്പിച്ചു.

തുടർന്ന് 'സമര സംഗീതത്തിരകൾ' ഗാനാവതരണ പരിപാടി നടന്നു. ഗായത്രി സ്വാമിനാഥൻ, രേഖ സതീശൻ, കെ.ആർ.ശശി, സുമേഷ് എസ്. മാവേലിക്കര, പാർവ്വതി ഭദ്രൻ, അനീഷ് തകഴി, വേണുഗോപാൽ മാന്നാർ, പ്രവീൺ ആർ, കെ.ബിമൽജി, പ്രശാന്ത് കട്ടച്ചിറ, മായാ വാസുദേവ്, ജലജ, തുടങ്ങിയവർ ഗാനങ്ങളും നാടൻപാട്ടും അവതരിപ്പിച്ചു. പശ്ചാത്തലത്തിൽ തബലയുമായി പ്രിയലാൽ മാവേലിക്കര, ക്ലാപ് ബോക്സുമായി ഉണ്ണിമോൻ എസ്. മാവേലിക്കര എന്നിവർ പങ്കുകൊണ്ടു. ■

# അഴിമതി ഭരണത്തിന് സംരക്ഷണ കവചം ഒരുക്കുന്ന ലോകായുക്ത ഓർഡിനൻസ് പിൻവലിക്കുക

**മു**ഖ്യമന്ത്രിയടക്കം ഭരണരംഗത്തുള്ള പൊതുപ്രവർത്തകരുടെ അഴിമതി തടയാൻ 1999ൽ ഇ.കെ.നായനാർ മന്ത്രിസഭയുടെ കാലത്ത് കേരള നിയമസഭ പാസ്സാക്കിയ ലോകായുക്ത നിയമത്തിന്റെ അന്തഃസത്ത ചോർത്തിക്കളയുന്ന ഓർഡിനൻസ് കൊണ്ടുവന്നതിലൂടെ പിണറായി സർക്കാർ അഴിമതി ഭരണത്തിന് സംരക്ഷണ കവചം തീർക്കുകയാണെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ഒരു പ്രസ്താവനയിൽ പറഞ്ഞു.

ഭരണം കയ്യാളുന്നവരുടെ അഴിമതി ചൂണ്ടിക്കാണിക്കുകയും അവരെ തൽസ്ഥാനത്തുനിന്ന് നീക്കംചെയ്യാൻ ചുമതലപ്പെട്ടവരെ ബാധ്യസ്ഥരാക്കുകയും ചെയ്യുന്ന 14-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട്, ലോകായുക്ത കയ്യാളിയ അധികാരം മുഖ്യമന്ത്രി തന്നെ കയ്യടക്കിയിരിക്കുകയാണ്. ഭരണത്തിന്റെ ഉന്നതങ്ങളിൽ ഉള്ളവർപോലും അഴിമതിമുക്തരല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ അഴിമതിക്കാരെത്തന്നെ അഴിമതിയിൽ തീരുമാനമെടുക്കാൻ ചുമതലപ്പെടുത്തുന്നതിന് തുല്യമാണീ നടപടി.

നിയമസഭാസമ്മേളനം ആസന്നമായിരിക്കെ തിടുക്കത്തിൽ ഓർഡിനൻസ് കൊണ്ടുവന്നത് തികച്ചും ജനാധിപത്യ വിരുദ്ധമാണ്. ഭരണമുന്നണിയിൽനിന്നു തന്നെ എതിർപ്പുയർന്നിരിക്കുന്നതും ശ്രദ്ധേയമാണ്. വിരമിച്ച സുപ്രിംകോടതി ജഡ്ജിക്കും ഹൈക്കോടതി ചീഫ്ജസ്റ്റിസിനും പകരം ഹൈക്കോടതി ജഡ്ജി മതി എന്ന തീരുമാനമാകട്ടെ സ്വജനപക്ഷപാതത്തിന്റെ വ്യാപ്തി വർധിപ്പിക്കാൻ ലക്ഷ്യംവച്ചുള്ളതുമാണ്.

അഴിമതിക്കും ജനാധിപത്യ ധ്വംസനങ്ങൾക്കുമെതിരെ ഉറച്ച നിലപാടെടുക്കേണ്ട ഇടതുപക്ഷം ആ ഉത്തരവാദിത്വം പാടേ കയ്യൊഴിയുന്നു എന്നതുകൂടി വ്യക്തമാക്കുന്നതാണ് ഈ നടപടി. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് ഓർഡിനൻസ് പിൻവലിക്കാൻ പിണറായി സർക്കാർ തയ്യാറാവണമെന്ന് പാർട്ടി സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം ശക്തമായ ജനകീയ പ്രതിഷേധം വളർത്തിയെടുക്കാൻ ജനാധിപത്യ സ്നേഹികളാകെ മുന്നോട്ട് വരണമെന്നും പ്രസ്താവനയിൽ അഭ്യർത്ഥിച്ചു. ■

# സോഷ്യലിസം മാത്രമാണ് യുദ്ധവിമുക്തമായ ലോകം പടുത്തുയർത്താനുള്ള മാർഗ്ഗം

*(4-ാം പേജിൽ നിന്ന്)*

സംഘർഷങ്ങൾ നിലനിർത്തും. ഈ മേഖലയിൽ യുദ്ധ പിരിമുറുക്കത്തിന്റെ തീവ്രത കൂടും. ജനങ്ങളെ കൂടുതൽ കൂടുതൽ കഷ്ടതകളിലേക്ക് തള്ളിവിടും. പേപിടിച്ച കമ്മ്യൂണിസ്റ്റ് വിരോധികളും റഷ്യൻ വിരുദ്ധരും ജൂത വിരുദ്ധ ഫാസിസ്റ്റ് ശക്തികൾ പോലും അധികാരത്തിലെത്തുന്നതോടെ സോഷ്യലിസത്തോട് ആഭിമുഖ്യമുള്ളവരുൾപ്പെടെയുള്ള പുരോഗമന ജനാധിപത്യ മനസ്ഥിതിയുള്ള തൊഴിലാളി വിഭാഗത്തിന് നിഷ്ഠുരമായ അടിച്ചമർത്തലുകളെ നേരിടേണ്ടിവരുമെന്നത് ഉറപ്പാണ്. അതിന്റെ അശുഭകരമായ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. യുഎസ് സാമ്രാജ്യത്വം പുരോഗമന ജനാധിപത്യ ബോധമുള്ള ജനവിഭാഗങ്ങൾക്കെതിരെ, അവരുടെ കുൽസിത പദ്ധതിയുടെ ശത്രുക്കൾ എന്ന് മുദ്രകുത്തി സദാ വിഷം ചീറ്റിക്കൊണ്ടിരിക്കുകയാണ്

യുക്രൈൻ പ്രതിസന്ധി പുതിയൊരു സാഹചര്യത്തിലുള്ള ലോക മുതലാളിത്ത- സാമ്രാജ്യത്വ പ്രതിസന്ധിയുടെ പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല. യുക്രൈനിലെ മുതലാളിവർഗത്തിനുള്ളിലെ രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷവും മത്സരവും ജനങ്ങളുടെ താൽപര്യങ്ങളുമായി തീർത്തും പൊരുത്തപ്പെടുന്നില്ല എന്നാണ് ഇത്തരമൊരു സാഹചര്യത്തിൽ യുക്രൈനിലെ രാജ്യസ്നേഹികളായ ജനങ്ങൾ ഇപ്പോൾ ബോധ്യപ്പെടേണ്ടത്.കാരണം ഈ രണ്ട് വിഭാഗങ്ങളുമാണ് അവരുടെ തൊഴിലാളി വർഗ്ഗ ഭരണകൂടത്തെ തകർത്തു മുതലാളിത്തത്തെ പുനഃസ്ഥാപിച്ചത്.

യുഎസും സഖ്യകക്ഷികളും, അതേപോലെ റഷ്യൻ സാമ്രാജ്യത്വവും കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. അതുകൊണ്ടു തന്നെ യുക്രൈനിലെ ഏതെങ്കിലുമൊരു ബൂർഷ്വ നേതാവിനെ പിന്തുണയ്ക്കുകയാണ്. യുഎസ് സാമ്രാജ്യത്വം ആഗോള തലത്തിൽ പ്രയോഗിക്കുന്ന അതേ വിധത്തിൽ റഷ്യൻ തന്നെ സാമ്രാജ്യത്വ ഭരണാധികാരികളും അവരുടെ സ്വാധീനമേഖല വിപുലീകരിക്കുക എന്ന ലക്ഷ്യംവെച്ച് നടത്തിയ നീക്കമാണ് അവരുടെ സായുധ അധിനിവേശത്തിൽ കലാശിച്ചത് എന്നത് ലോകത്തെങ്ങുമുള്ള സമാധാന കാംക്ഷികളായ ജനങ്ങൾക്ക് വളരെ നന്നായി മനസ്സിലാവും.

മുതലാളിത്ത- സാമ്രാജ്യത്വ ചേരിയും സോഷ്യലിസ്റ്റ് ചേരിയും തമ്മിലുള്ള വൈരുദ്ധ്യം ഒരിക്കലും ഒരിടത്തുമുള്ള യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള കാരണമായിരുന്നില്ല എന്നത് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുകയാണ്. നേരെമറിച്ച് ലെനിൻ ചൂണ്ടിക്കാട്ടിയതുപോലെ "സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുന്നു". എത്രതന്നെ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും അതിശക്തമായ സോഷ്യലിസ്റ്റ് ചേരി നിലവിലിരുന്നപ്പോൾ അത് സാമ്രാജ്യത്വ കുതന്ത്രങ്ങൾക്കെതിരെയുള്ള നെടുങ്കോട്ട പോലെ നിലകൊണ്ടു. പക്ഷേ അതിന്റെ അഭാവത്തിലിന്ന് സാമ്രാജ്യത്വ ശക്തികളുടെ യുദ്ധത്തിനു വേണ്ടിയുള്ള മുറവിളി അനിയന്ത്രിതമായിരിക്കുന്നു.

## അധിനിവേശത്തിനിരയായ യുക്രൈൻ

### കഷ്ടപ്പെടുന്ന യുക്രൈൻ ജനതയ്ക്കുള്ള പോംവഴി

പ്രതിവിപ്ലവത്തിലൂടെ ആനയിക്കപ്പെട്ട മുതലാളിത്ത ഭരണത്തിന് യാതൊരു പ്രശ്നങ്ങളിൽ നിന്നും ഒരു ചൂഷണത്തിൽ നിന്നും ആശ്വാസമേകാനാവില്ലെന്നസത്യം അധ്വാനിക്കുന്ന യുക്രൈൻജനത ഈ സാഹചര്യത്തിൽ നന്നായി മനസ്സിലാക്കണം. മറിച്ചായാൽ കമ്പോളം പിടിച്ചെടുക്കാനായി പോരടിക്കുന്ന യുദ്ധവെറിയന്മാരായ രണ്ടു സാമ്രാജ്യത്വശക്തികളുടെ ഇടയിൽപെട്ട് കൂടുതൽ ഞെരിഞ്ഞമരുകയേയുള്ളൂ. സോഷ്യലിസത്തിന്റെ പതനത്തോടെ എന്താണ് നഷ്ടപ്പെട്ടതൊന്നും മാർക്സിസം-ലെനിനിസത്തിന്റെ അമൂല്യമായ പാഠങ്ങളിൽ നിന്ന് തെന്നിമാറിയപ്പോൾ സംഭവിച്ച അനന്തരഫലങ്ങൾ എത്രമാത്രം നാശകാരിയായി എന്നും അനുഭവത്തിലൂടെ പലരും ഇപ്പോൾ മനസ്സിലാകുന്നുണ്ട്. യഥാർത്ഥ സോഷ്യലിസത്തിന് മാത്രമേ ജനങ്ങളുടെ ശരിയായ ബദൽ ആവാനാവൂ എന്നത് അർത്ഥശങ്കക്ക് ഇടയില്ലാത്ത വണ്ണം തെളിയിക്കപ്പെട്ടിരിക്കുന്നു. സോഷ്യലിസത്തിന്റെ മേലങ്കിയണിഞ്ഞ തിരുത്തൽവാദത്തിനോ മുതലാളിത്തസാമ്രാജ്യത്വത്തിനോ ജനങ്ങളെ ചൂഷണത്തിൽ നിന്നും അനൈക്യത്തിൽനിന്നും വിവേചനത്തിൽനിന്നും അടിച്ചമർത്തലിൽനിന്നും മോചിപ്പിക്കാനാവില്ല. അതിനാൽ ലക്ഷ്യം ഒന്നേയുള്ളൂ മുതലാളിത്തത്തെ തുത്തെറിയുക. അതോടൊപ്പം ഈ സാമ്രാജ്യത്വനീചന്മാരെ വലിച്ചെറിയുക. അതിനായവർ ജനവിരുദ്ധ ശക്തികളെ ഒറ്റപ്പെടുത്തണം. ശക്തമായ ഒരു വിപ്ലവം നേതൃത്വത്തിന് ജന്മം നൽകണം. അതവരുടെ താല്പര്യങ്ങളും അവകാശങ്ങളും ഉയർത്തിപ്പിടിക്കുകയും, തൊഴിലാളിവർഗ്ഗ ഐക്യദാർഢ്യത്തിൽ വിള്ളലുണ്ടാക്കാനായി ഭാഷാപരവും പ്രാദേശികവുമായ വേർതിരിവുകളെ കൊണ്ടുവരുന്ന ബൂർഷ്വ പദ്ധതികളെ വിഫലമാക്കുകയും ചെയ്യും. ഒരിക്കലവർ അവിഭാജ്യഘടകമായിരുന്ന മുൻകാല സോവിയറ്റ് റഷ്യയിലെ സമാധാനകാംക്ഷികളായ ജനങ്ങളുമായി സൗഹാർദ്ദപൂർണമായ കുടുംബാംഗങ്ങളെ പോലെ ഐക്യപ്പെട്ട ബന്ധം പുനസ്ഥാപിക്കാൻ അവർ ശ്രമിക്കും. തീർച്ചയായും അവർക്ക് രക്ഷാകർത്താവോ മേൽക്കോയ്മയോ ആവശ്യമില്ല.

യുക്രൈനെ കൈവയ്ക്കരുത് എന്ന് റഷ്യൻ പ്രസിഡന്റ് പുട്ടിനോട് ആവശ്യപ്പെട്ടുകൊണ്ട് യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങൾ ഉയർത്തി മോസ്കോയുടെയും പെട്രോഗ്രാഡിന്റെയും തെരുവുകളിൽ ആയിരങ്ങൾ അണിനിരന്നുവെന്നത് ഹൃദയസ്പർശിയായ വാർത്തയായിരുന്നു. യുദ്ധവെറിയന്മാരായ സാമ്രാജ്യത്വശക്തികൾക്കെതിരെയുള്ള അധ്വാനിക്കുന്നവരുടെ ഐക്യദാർഢ്യം ഒരു രജതരേഖയാണ്. യുക്രൈനെതിരെയുള്ള സൈനിക ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം സമാധാന കാംക്ഷികളായ ജനങ്ങളും അതോടൊപ്പം ലോകമാകെയും യുഎസ് സാമ്രാജ്യത്വശക്തികൾക്കും അവരുടെ സഖ്യശക്തികൾക്കുമെതിരെ ശബ്ദമുയർത്തുകയും നാറ്റോയെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെടുകയും വേണം.

റഷ്യയെ പ്രതിരോധിക്കുന്നതിന്റെ പേരിലോ യുഎസ് സാമ്രാജ്യത്തിന്റെയോ മറ്റേതെങ്കിലും സാമ്രാജ്യത്വ ശക്തിയുടെയോ ഹസ്തങ്ങളിൽ പെട്ടു പോകാതെ യുക്രൈൻ ജനത സ്വയം സൂക്ഷിക്കണം. മാർക്സിസം-ലെനിനിസത്തെയും അതിന്റെ വികസിതവും സമ്പുഷ്ടവുമായ വിധത്തിൽ മാർക്സ് -എംഗൽസ്- ലെനിൻ സ്റ്റാലിൻ -മാവോ സേതുങ് എന്നീ ആചാര്യന്മാരുടെ അർഹനായ പിൻഗാമിയുമായ സഖാവ് ശിബ്ദാസ് ഘോഷ് നൽകിയ പാഠങ്ങളുടെയും അടിസ്ഥാനത്തിൽ വീണ്ടും നടത്തുന്ന ഒരു വിപ്ലവ സമരത്തിലൂടെ മാത്രമേ അവരുടെ പിതൃഭൂമിയിൽ സോഷ്യലിസം കൊണ്ടുവരാനും അതുവഴി അവരുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനുമാവൂ. ■

# പെഗസസ് സംഭവം
## മുതലാളിത്ത ഗൂഢപദ്ധതി വെളിവാക്കുന്നു

**17 അന്തർദ്ദേശീയ മാദ്ധ്യമ സംഘടനകളുടെ ഒരു കൂട്ടുകെട്ട്, 2021 ജൂലൈ 19ന് ലോകത്തിന്റെ പല ഭാഗങ്ങളിലായി ചോർന്ന്കിട്ടിയ കുറെ ഫോൺ നമ്പറുകളെക്കുറിച്ച് നടത്തിയ ഒരു അന്വേഷണത്തിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതോടെയാണ് പെഗസസ് ഇടപാട് വെളിച്ചത്തായത്. പാരീസ് കേന്ദ്രമാക്കി ഫോർബിഡൻ സ്റ്റോറീസ് എന്ന പേരിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയും ആംനസ്റ്റി ഇന്റർനാഷണലും ചേർന്ന്, അവർക്ക് ലഭിച്ച വിവരങ്ങൾ മേൽപ്പറഞ്ഞ മാദ്ധ്യമ കൂട്ടുകെട്ടിന് കൈമാറുകയായിരുന്നു.**



**ചാ**രപ്പണി നടത്തുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയർ ആണ് പെഗസസ്. എൻഎസ്ഒ എന്ന പേരിലുള്ള ഒരു ഇസ്രായേലി കമ്പനിയാണ് ഇത് നിർമ്മിച്ചത്. അവരുമായി കരാറിലേർപ്പെടുന്ന രാജ്യങ്ങളിലെ ഗവണ്മെന്റുകൾക്കു മാത്രമാണ് ഇത് കൈമാറുന്നത്. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും കമ്പ്യൂട്ടറുകളും സ്മാർട്ട് ഫോണുകളുംമറ്റും ഹാക്ക് ചെയ്ത് അവരെ നിരീക്ഷിക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്. ലോകത്തെ ഞെട്ടിച്ച വെളിപ്പെടുത്തലായിരുന്നു ഇത്. നാൽപത് രാജ്യങ്ങളിലായി 60 ഇടപാടുകാരുണ്ടെന്ന് ഇവർ സമ്മതിക്കുന്നു. ഈ ഇടപാട് നടത്താത്ത ഗവണ്മെന്റുകൾ സംശുദ്ധരാണെന്നൊന്നും ഇതിനർത്ഥമില്ല. സാങ്കേതികമായി വികാസം നേടിയ പല രാജ്യങ്ങളും രഹസ്യ വിവരങ്ങൾ ചോർത്തുന്നതിനായി ഇത്തരം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. അമേരിക്കയ്ക്ക് ഇതിനായി ഒരു പ്രത്യേക സംവിധാനം തന്നെയുണ്ട്. അവിടുത്തെ ദേശീയ സുരക്ഷാ ഏജൻസി നടത്തുന്ന ആഭ്യന്തര നിരീക്ഷണം ഭരണഘടനാവിരുദ്ധമാണെന്ന് ഒരുകോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

### മുതലാളിത്ത സാമ്രാജ്യത്വ രാജ്യങ്ങൾ വളരെക്കാലമായി ഇത്തരം ചാരപ്പണികൾ നടത്തുന്നു

2011ൽ എൻഎസ്ഒ പെഗസസ് ആരംഭിച്ചതോടെ പല ഗവണ്മെന്റുകളും രഹസ്യ നിരീക്ഷണത്തിനായി അവരുമായി ബന്ധം സ്ഥാപിച്ചു. യൂറോപ്യൻ ശക്തികൾ ഭീകരവാദികളെ നേരിടുന്നതിനായി പെഗസസിനെ ഉപയോഗപ്പെടുത്തിയിരുന്നു. മെക്സിക്കോ, ഗുണ്ടാസംഘങ്ങൾക്കും കള്ളക്കടത്തുകാർക്കും എതിരെ മാത്രമല്ല മാദ്ധ്യമ പ്രവർത്തകർക്കും രാഷ്ട്രീയക്കാർക്കും എതിരെയും ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചിരുന്നു. യുഎഇ ഒരു പൗരാവകാശ പ്രവർത്തകന്റെ ഫോൺ ഹാക്ക് ചെയ്യുന്നതിന് പെഗസസ് ഉപയോഗപ്പെടുത്തി. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവർക്കെതിരെ സൗദി അറേബ്യ ഇത് ഉപയോഗിച്ചു. 2018 ൽ സൗദി അറേബ്യ അരുംകൊല ചെയ്ത ഒരു വിമത കോളമിസ്റ്റിന്റെ മേൽ രഹസ്യ നിരീക്ഷണം നടത്തുന്നതിനും ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചിട്ടുണ്ട്. അതായത്, ഭീകരരെ നേരിടുന്നതിനും സുരക്ഷാകാര്യങ്ങൾക്കും മാത്രമല്ല ഇത് ഉപയോഗിച്ചിരുന്നത് എന്നർത്ഥം. നല്ലൊരു പങ്കും രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെയാണ് ഇത് പ്രയോഗിക്കപ്പെട്ടത്.

ഹാക്കിംഗ് സാമഗ്രികൾക്കുവേണ്ടിയുള്ള അമേരിക്കൻ ഗവണ്മെന്റിന്റെ അഭിനിവേശം തിരിച്ചറിഞ്ഞതോടെ സമാന സ്വഭാവമുള്ള കമ്പനികൾ അവിടെയും പ്രവർത്തനം തുടങ്ങി. അമേരിക്കയിലെ പ്രതിരോധ വ്യവസായഭീമനായ റേത്തിയോണുമായി, സൈബർ ആക്രമണ സാമഗ്രി നിർമ്മിക്കുന്ന ബോൾഡെൻഡ് എന്ന കമ്പനി 2021 ജനുവരിയിൽ കരാറുണ്ടാക്കി. സെൽഫോൺ ഉൾപ്പെടെയുള്ള സംവിധാനങ്ങളെ ആക്രമിക്കാൻ ഉതകുന്ന സോഫ്റ്റ്‌വെയർ ഈ കമ്പനി വിവിധ അമേരിക്കൻ ഡിപ്പാർട്ടുമെന്റുകൾക്കായി നിർമ്മിച്ചു നൽകിയിരുന്നതായി ദ ടൈംസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അമേരിക്കൻ ചാരസംഘടനയായ എഫ്ബിഐ പെഗസസ് വാങ്ങിയതിന്റെയും പരീക്ഷിച്ചു നോക്കിയതിന്റെയും വിശദാംശങ്ങൾവരെ പുറത്തുവന്നിട്ടുണ്ട്. അമേരിക്കൻ ഫോൺ നമ്പരുകൾ പെഗസസ് ഹാക്ക് ചെയ്താൽ അത് തിരിച്ചറിയാനാകാത്ത വിധമാണ് സംവിധാനം ചെയ്തിട്ടുള്ളത് എന്നതിനാൽ എഫ്ബിഐ ലെ ഉദ്യോഗസ്ഥർ വിദേശ സിം കാർഡുകളുപയോഗിക്കുന്ന ഫോണുകൾ പരിശീലനത്തിന്റെ ഭാഗമായി ഉപയോഗിച്ചിരുന്നു. പെഗസസിന്റെ ഈ വകഭേദം 'സീറോ ക്ലിക്ക്' എന്നാണറിയപ്പെടുന്നത്. കുഴപ്പംപിടിച്ച ഒരു ലിങ്കിലോ അറ്റാച്ച്മെന്റിലോ ക്ലിക്ക് ചെയ്യാതെതന്നെ ഹാക്ക് ചെയ്യപ്പെടും എന്നതാണ് ഇതിന്റെ സവിശേഷത. സർവ്വറുകളുടെ ഒരു ശൃംഖലയുമായി ബന്ധം സ്ഥാപിച്ച് പെഗസസ് ഫോൺ ചോർത്തിക്കൊണ്ടിരിക്കും. നിമിഷങ്ങൾക്കുള്ളിൽ ഫോണിലെ വിവരങ്ങളെല്ലാം പെഗസസിന്റെ കമ്പ്യൂട്ടറുകളിലെത്തും. ഫോണിന്റെ ലൊക്കേഷൻ മനസിലാക്കാനും അതിന്റെ ക്യാമറയും മൈക്രോഫോണും നിയന്ത്രിക്കാനും ഈ സോഫ്റ്റ്‌വെയറിന് കഴിയും. എഫ്ബിഐക്ക് ലോകത്തെവിടെയും ചാരനിരീക്ഷണം നടത്തുന്നതിന് ഇവ്വിധം ഫോണുകളെ കരുവാക്കാൻ കഴിയും. മർദ്ദക ഭരണകൂടങ്ങളുടെ ഒത്താശയോടെ ഈ ചാരപ്രവൃത്തി പുഷ്ടിപ്പെടുന്നു. ഇസ്രായേൽ ഇത്തരം ചാര നിരീക്ഷണ സംവിധാനങ്ങളുടെ ഒരു കേന്ദ്രമായി മാറിയിട്ടുണ്ട്. ഫോൺ ഹാക്ക് ചെയ്യുക, ആളെ തിരിച്ചറിയുക തുടങ്ങി പല കാര്യങ്ങളിലും ഈ കമ്പനികൾ നിങ്ങളെ സഹായിക്കും. അതുകൊണ്ടുതന്നെ എൻഎസ്ഒയുടെ കച്ചവടം ഓരോ വർഷവും ഇരട്ടിച്ചുകൊണ്ടിരിക്കുന്നു. ഇത് നിക്ഷേപകരെ വല്ലാതെ ആകർഷിക്കുന്നുമുണ്ട്. 2014ൽ അമേരിക്ക കേന്ദ്രമാക്കിയുള്ള ഫ്രാൻസിസ്കോ പാർട്ണേഴ്സ് എന്ന കമ്പനി 130 മില്യൻ ഡോളറിന് എൻഎസ്ഒയുടെ 70 ശതമാനം ഓഹരികൾ സ്വന്തമാക്കി. സർക്കിൾസ് എന്ന് പേരുള്ള സമാനമായ മറ്റൊരു കമ്പനിയെക്കൂടി അവർ അതിനോട് കൂട്ടിച്ചേർക്കുകയും ചെയ്തു. പെഗസസ് എന്ന ചാര സോഫ്റ്റ്‌വെയറിലൂടെ ഇസ്രായേൽ എങ്ങനെയാണ് പല രാജ്യങ്ങളുമായും നയതന്ത്ര ബന്ധം സ്ഥാപിച്ചതെന്ന് ന്യൂയോർക്ക് ടൈംസിന്റെ അന്വേഷണവിഭാഗം വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. അമേരിക്കയും ഇത് വാങ്ങിയിരുന്നെങ്കിലും ഇപ്പോൾ നിരോധിച്ചിരിക്കുകയാണ്.

അമേരിക്കൻ നിരോധനം എൻഎസ്ഒയുടെ ഭാവിക്കുമേൽ സംശയങ്ങളുയർത്തിയിട്ടുണ്ട്. അത് അമേരിക്കൻ സാങ്കേതികവിദ്യയെ ആശ്രയിക്കുന്നു എന്നതുകൊണ്ടുമാത്രമല്ല, അമേരിക്കയുടെ കരിമ്പട്ടികയിൽ വരുന്നതുവഴി ഇടപാടുകളെ പ്രതികൂലമായി ബാധിക്കും എന്നതുകൊണ്ടുകൂടിയാണ്. "സ്രാവുകൾ ചോര മണത്തുതുടങ്ങി" എന്നാണ് ഒരു ഇസ്രായേലി വ്യവസായപ്രമുഖൻ അഭിപ്രായപ്പെട്ടത്. എൻഎസ്ഒയെ വിഴുങ്ങാൻ പല അമേരിക്കൻ കമ്പനികളും താൽപര്യം കാണിക്കുന്നുണ്ട്. പുതിയ ഉടമസ്ഥർ അമേരിക്കൻ നിബന്ധനകൾ പാലിക്കുകയും സിഐഎ,എഫ്ബിഐ തുടങ്ങിയ ഏജൻസികളുമായുള്ള ഇടപാടുകൾ പുനഃസ്ഥാപിക്കുകയും ചെയ്തേക്കാം. എന്തായാലും കൂടുതൽ ദുർനിമിത്തങ്ങൾ കാണാനിരിക്കുന്നതേയുള്ളൂ എന്നുവേണം കരുതാൻ.

### ചാരസോഫ്റ്റ്‌വെയർ സ്വന്തമാക്കാൻ ബിജെപി ഗവണ്മെന്റും

ബിജെപി ഗവണ്മെന്റ് ഈ സോഫ്റ്റ്‌വെയർ വാങ്ങി എന്നത് ഈ രാജ്യത്തെ ഞെട്ടിച്ചുകളഞ്ഞു. മാദ്ധ്യമപ്രവർത്തകർ, രാഷ്ട്രീയക്കാർ, വ്യവസായികൾ, സാമൂഹ്യപ്രവർത്തകർ, മന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ, എന്തിന് സിബിഐ മേധാവി ഉൾപ്പെടെ മുന്നൂറിലേറെപ്പേരുടെ സ്വകാര്യതയിലേയ്ക്കാണ് ഇതുവഴി സർക്കാർ കടന്നുകയറ്റം നടത്തിയത്. ലോകത്തിന്റെ പല ഭാഗങ്ങളിലായി 17 മാദ്ധ്യമ സംഘടനകളും ആംനസ്റ്റി ഇന്റർനാഷണലും ചേർന്നാണ് ഈ വിവരങ്ങൾ പുറത്തുകൊണ്ടുവന്നത് എന്നതുകൊണ്ടുതന്നെ ഇന്ത്യാഗവണ്മെന്റിന് ഈ സോഫ്റ്റ്‌വെയർ വാങ്ങി എന്നകാര്യം തള്ളിക്കളയാൻ കഴിഞ്ഞില്ല. സ്വകാര്യതയെയും സുരക്ഷയെയും സംബന്ധിച്ച മാനദണ്ഡങ്ങളൊക്കെ കാറ്റിൽപറത്തി വ്യക്തികളിൽനിന്ന് അനധികൃതമായി വിവരങ്ങൾ ചോർത്തുന്നതിനാണ് ഗവണ്മെന്റ് ഈ നീചമായ മാർഗ്ഗം അവലംബിച്ചത്. "വസ്തുതകളുടെ പിൻബലമില്ലാത്തത്, മുൻവിധിയോടെയുള്ള നിഗമനങ്ങൾ" എന്നൊക്കെ പറഞ്ഞ് ഇത് നിഷേധിക്കാൻ ബിജെപി ഗവണ്മെന്റ് അഴകൊഴമ്പനും പരിഹാസ്യവുമായ ചില വാദങ്ങളൊക്കെ തുടക്കത്തിൽ നിരത്തിയിരുന്നു. തുടർന്ന് നടത്തിയ ഔദ്യോഗിക പ്രസ്താവനയിൽ, "ചില പ്രത്യേക വ്യക്തികളുടെ മേൽ നിരീക്ഷണം നടത്തിയതായുള്ള ആരോപണങ്ങൾ അടിസ്ഥാനമില്ലാത്തതും സത്യത്തിന് നിരക്കാത്തതുമാണ്" എന്നാണ് അഭിപ്രായപ്പെട്ടത്. ദേശീയ സുരക്ഷ, പൊതുസുരക്ഷയുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിലൊക്കെ, കേന്ദ്ര-സംസ്ഥാന ഏജൻസികൾക്ക് ഇലക്ട്രോണിക് ആശയവിനിമയത്തിൽ നിയമപരമായിത്തന്നെ ഇടപെടാനും പരിശോധിക്കുവാനുമുള്ള സുസ്ഥാപിതമായ ക്രമീകരണങ്ങൾ ഇന്ത്യയിൽ നിലവിലുണ്ട്. 1885ലെ ഇന്ത്യൻ ടെലിഗ്രാഫ് ആക്ടിന്റെ വകുപ്പ് 5(2) അടിയന്തര സാഹചര്യങ്ങളിൽ ടെലിഗ്രാഫ് സംവിധാനത്തിന്റെ നിയന്ത്രണമേറ്റെടുക്കാനും പരിശോധന നടത്താനും ഗവണ്മെന്റിന് അധികാരമുണ്ടെന്ന് വ്യക്തമാക്കുന്നു. 2000ലെ വിവരസാങ്കേതികവിദ്യ(ഭേദഗതി) നിയമത്തിലെ 60-ാം വകുപ്പനുസരിച്ച് ഏത് കമ്പ്യൂട്ടറിലെയും ഏത് വിവരവും പരിശോധിക്കാൻ ഗവണ്മെന്റിന് അധികാരമുണ്ട്. എന്നാൽ വ്യക്തികളുടെമേൽ ചാരവൃത്തി നടത്താൻ ഈ രണ്ട് നിയമങ്ങളും അനിയന്ത്രിതമായ അധികാരം നൽകുന്നില്ല. വിവരസംരക്ഷണ നിയമത്തെക്കുറിച്ച് പരിശോധിക്കാൻ നിയുക്തമായ ശ്രീകൃഷ്ണ കമ്മിറ്റിപോലും സ്വകാര്യതയ്ക്കുള്ള അവകാശം എന്ന മൗലികാവകാശം വെട്ടിച്ചുരുക്കുന്നതിൽ ഗവണ്മെന്റിനുള്ള ഉൽസാഹത്തിൽ ആശങ്ക രേഖപ്പെടുത്തുകയുണ്ടായി. ചാരസോഫ്റ്റ്‌വെയറിന്റെ സാന്നിദ്ധ്യമുള്ള സ്മാർട്ട് ഫോണുകളുടെ സാങ്കേതിക പരിശോധന ടൊറന്റോ യൂണിവേഴ്സിറ്റിയിലെ പ്രശസ്തമായ സിറ്റിസൺസ് ലാബിൽ നടത്തുകയും ചെയ്തു. "ലിസ്റ്റിൽ ഒരു ഫോൺ നമ്പർ ഉണ്ട് എന്നതുകൊണ്ടുമാത്രം ആ ഫോണിൽ ചാരവൃത്തി നടന്നു എന്ന് കരുതാനാവില്ല" എന്ന വാദവുമായി ഗവണ്മെന്റ് തുടർന്നും സ്വയം ന്യായീകരിക്കുകയാണ്. "യുക്തിപരമായി നോക്കുമ്പോൾ ഈ വിവാദത്തിൽ കഴമ്പില്ലെന്ന് വ്യക്തമാണ്" എന്നാണ് കേന്ദ്ര വിവരസാങ്കേതികവിദ്യ മന്ത്രി അശ്വിനി വൈഷ്ണവ് 2021 ജൂലൈ 20ന് പാർലമെന്റിൽ പറഞ്ഞത്. 2021 ആഗസ്റ്റിൽ പ്രതിരോധ സഹമന്ത്രി അജയ് ഭട്ട് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞത്, "പ്രതിരോധ മന്ത്രാലയം എൻഎസ്ജി ടെക്നോളജീസുമായി ഒരു ഇടപാടും നടത്തിയിട്ടില്ല" എന്നത്രെ. എന്നാൽ, ഇത് പ്രതിരോധ മന്ത്രാലയത്തിന്റെ മാത്രം കാര്യമാണെന്നും ആഭ്യന്തര മന്ത്രാലയമടക്കം മറ്റു മന്ത്രാലയങ്ങളെ ഇവ്വിധം ഒഴിവാക്കിയിട്ടില്ലെന്നും ഈ മറുപടി പരിശോധിച്ചാൽ വ്യക്തമാകും. പെഗസസുമായി ഇടപാട് നടത്തിയിരിക്കാൻ സാദ്ധ്യതയുള്ള സിബിഐ, ഇഡി എന്നീ അന്വേഷണ ഏജൻസികളെക്കുറിച്ചും പരാമർശിക്കുന്നില്ല.

ഈ അസംബന്ധത്തിന്റെ കൊടുമുടിയിൽ നിൽക്കുന്നത് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ആണ്. പെഗസസ് ഈ കഥകളൊക്കെ പ്രചരിപ്പിക്കാൻ തുടങ്ങുന്നത് 2021 ജൂലൈ 18നാണെന്നും, പാർലമെന്റിന്റെ മൺസൂൺ സമ്മേളനം പിറ്റേന്നാണ് തുടങ്ങുന്നതെന്നും, ഇന്ത്യയെ ഒരു വികസിത രാജ്യമാക്കാനുള്ള മോദി ഗവണ്മെന്റിന്റെ മഹ

(ശേഷം 7-ാം പേജിൽ)

# ബിജെപി ഗവൺമെന്റ് രാജ്യസുരക്ഷയുടെ മറയിൽ രാഷ്ട്രീയപ്രതിയോഗികൾക്കുമേൽ ചാരപ്പണി നടത്തുന്നു

(6–ാം പേജിൽ നിന്ന്)

ത്തായ പദ്ധതികളൊക്കെ അന്നാണ് പ്രഖ്യാപിക്കുന്നതെന്നും മനസിലാക്കിയാണ് ആ ദിവസംതന്നെ തെരഞ്ഞെടുത്തതെന്നുമാണ് അദ്ദേഹം അവകാശപ്പെടുന്നത്. ജൂലൈ 19ന് പാർലമെന്റ് സമ്മേളനം നടത്താൻ ജൂൺ അവസാനമാണ് തീരുമാനിക്കുന്നത് എന്നതുകൊണ്ടുതന്നെ ഈ അവകാശവാദം എത്രത്തോളം അപഹാസ്യമാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ചോർന്ന വിവരങ്ങൾ ഇന്ത്യയെ മാത്രം ബാധിക്കുന്നതല്ലെന്നും, ഫ്രാൻസ്, മൊറോക്കോ, മെക്സിക്കോ, യുഎഇ എന്നീ രാജ്യങ്ങളെക്കൂടി ബാധിക്കുന്നതാണെന്നും ഉള്ളതുകൊണ്ടുതന്നെ, പെഗസസ് മോദിയെമാത്രം ലക്ഷ്യംവച്ചുള്ളതാണെന്ന വാദവും പൊളിയുകയാണ്.

### സുപ്രീംകോടതി സ്വതന്ത്ര അന്വേഷണത്തിന് ഉത്തരവിടുന്നു

ഗവണ്മെന്റിന്റെ വാദം ദുർബലമായിരുന്നു. ഇന്ത്യയുടെ വിവര സാങ്കേതികവിദ്യാനിയമപ്രകാരം പെഗസസ് ചെയ്തത് ഹാക്കിംഗ് എന്ന് ക്രിമിനൽ കുറ്റമാണ്. ഈ നിയമപ്രകാരം നിയമപരമായ അനുമതി ഹാക്കിംഗിന് നൽകാനാകില്ല. അതുകൊണ്ടാണ് പെഗസസ് ഉപയോഗിച്ചുവെന്ന് സമ്മതിക്കാൻ കേന്ദ്രഗവണ്മെന്റിന് കഴിയാത്തത്. അങ്ങനെവന്നാൽ ഗവണ്മെന്റുതന്നെ നിയമം ലംഘിച്ചുവെന്നുവരും. അതുകൊണ്ടുതന്നെ മാദ്ധ്യമപ്രവർത്തകരെയും പ്രതിപക്ഷ പാർട്ടി നേതാക്കളെയും സ്വന്തം മന്ത്രിമാരെയും രഹസ്യ നിരീക്ഷണം നടത്തി എന്നും സമ്മതിക്കാനാവില്ല.

മുതിർന്ന മാദ്ധ്യമ പ്രവർത്തകരായ എൻ.റാമും ശശികുമാറും ചേർന്ന് സുപ്രീംകോടതിയിൽ ഈ വിഷയത്തിൽ ഒരു കേസ് ഫയൽ ചെയ്തു. സിറ്റിംഗ് ജഡ്ജിയോ മുൻ ജഡ്ജിയോ നയിക്കുന്ന ഒരു സ്വതന്ത്ര അന്വേഷണം നടത്തണമെന്നായിരുന്നുആവശ്യം.സൈന്യം നടത്തുന്നതുപോലുള്ള ചാരപ്പണിയാണ് ഗവണ്മെന്റ് നടത്തിയത് എന്നവർ വാദിച്ചു. "നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ നിർണ്ണായക ഘടകങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അസ്ഥിരപ്പെടുത്താനും ആക്രമിക്കാനും അതിൽ നുഴഞ്ഞുകയറാനുമുള്ള ശ്രമമാണ് നടന്നതെന്നും ഇത് മൗലികാവകാശങ്ങളുടെ തന്നെ ലംഘനമാണെന്നും" അവർ സമർത്ഥിച്ചു. ഹർജി ഫയലിൽ സ്വീകരിച്ച സുപ്രീംകോടതി ഒരു റിട്ടയേർഡ് ജഡ്ജിയുടെ നേതൃത്വത്തിൽ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. "ഒഴുക്കൻമട്ടിലുള്ള ഒരു നിഷേധമാണ് ഗവണ്മെന്റിൽനിന്ന് ഉണ്ടായതെന്നും ഇത് പര്യാപ്തമല്ലെന്നും" കോടതി നിരീക്ഷിച്ചു. വ്യക്തത വരുത്താൻ "മതിയായ അവസരം" ഗവണ്മെന്റിന് നൽകിയിട്ടും അതിന് കഴിഞ്ഞില്ലെന്നും രൂക്ഷമായ ഭാഷയിൽ കോടതി വിമർശിച്ചു. ഒരു വിദഗ്ദ്ധസമിതിയെ പരിശോധിക്കാൻ നിയോഗിക്കണമെന്ന ഗവണ്മെന്റിന്റെ ആവശ്യവും കോടതി നിരാകരിച്ചു. അത് "പക്ഷപാതരഹിതമായിരിക്കുക എന്ന നീതിന്യായ തത്വത്തിന്" നിരക്കുന്നതാകില്ല എന്നാണ് കോടതി അഭിപ്രായപ്പെട്ടത്. "നിങ്ങൾക്ക് ഒരു രഹസ്യം സൂക്ഷിക്കണമെങ്കിൽ അത് നിങ്ങളിൽനിന്നുകൂടി മറച്ചുവയ്ക്കേണ്ടതുണ്ട്" എന്ന വാക്യം ഉദ്ധരിച്ചുകൊണ്ടാണ് ചീഫ് ജസ്റ്റിസ് എൻ.വി. രമണ വിധി പ്രസ്താവിച്ചത്.

### ചാര സോഫ്റ്റ്‌വെയറുകൾക്ക് ആഗോള നിരോധനം ഏർപ്പെടുത്തണമെന്ന് ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ വിദഗ്ധർ

ചാര സോഫ്റ്റ്‌വെയറുകളുടെ വിൽപനയിലും കൈമാറ്റത്തിലും ആഗോള നിരോധനമേർപ്പെടുത്തണമെന്ന് യുഎൻ മനുഷ്യാവകാശ വിദഗ്ദ്ധർ ഗവണ്മെന്റുകളോട് ആവശ്യപ്പെട്ടു. പെഗസസ് വെളിപ്പെടുത്തൽ ഗുരുതരമായ ആശങ്കകൾ ഉയർത്തുന്നു എന്നവർ ചൂണ്ടിക്കാണിച്ചു. "മനുഷ്യാവകാശങ്ങൾക്ക് പ്രവേശനമില്ലാത്ത മേഖലകൾ പോലെ നിരീക്ഷണ സാങ്കേതികവിദ്യകളും വ്യാപാരരംഗവുമൊക്കെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് അപകടകരവും നിരുത്തരവാദപരവുമാണെന്ന്" അവർ നിരീക്ഷിച്ചു. "മനുഷ്യാവകാശ പ്രവർത്തകരെയും മാദ്ധ്യമ പ്രവർത്തകരെയും രാഷ്ട്രീയ പ്രതിയോഗികളെയുമൊക്കെ ഗൂഢമായി നിരീക്ഷിക്കാനും വിരട്ടാനും നിശബ്ദരാക്കാനുമൊക്കെ അതിനൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കപ്പെടുന്നുണ്ട് എന്നത് ഏറെ ആശങ്കയുണ്ടാക്കുന്ന കാര്യമാണ്" എന്നും കോടതി പരാമർശിച്ചു. "ഇത്തരം ചെയ്തികൾ അഭിപ്രായം പ്രകടിപ്പിക്കുന്നതിനും സ്വകാര്യതയ്ക്കുമുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും അനേകം വ്യക്തികളുടെ ജീവൻ അപായപ്പെടുത്തിയേക്കാവുന്നതും മാദ്ധ്യമ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്നതും സ്വാതന്ത്ര്യം, സമാധാനം, സുരക്ഷ, അന്താരാഷ്ട്ര സഹകരണം എന്നിവയ്ക്കൊക്കെ തുരങ്കം വയ്ക്കുന്നതുമായിരിക്കുമെന്നും" അവർ കൂട്ടിച്ചേർത്തു. വളരെ പ്രമുഖരായ, അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകരെപ്പോലും ഈ വെളിപ്പെടുത്തൽ അസ്വസ്ഥമാക്കിയിട്ടുണ്ട് എന്നാണിത് സൂചിപ്പിക്കുന്നത്.

### ഇന്ത്യ പെഗസസ് സ്വന്തമാക്കിയെന്ന് ന്യൂ യോർക്ക് ടൈംസ് റിപ്പോർട്ട്

പ്രശസ്ത ഡിറ്റക്ടീവ് നോവലിസ്റ്റായ അഗതാ ക്രിസ്റ്റി പറഞ്ഞത് "കുറ്റകൃത്യങ്ങൾ ഞെട്ടിപ്പിക്കുംവിധം കാര്യങ്ങൾ വെളിപ്പെടുത്തും"എന്നാണ്. "നിങ്ങളുടെ സമ്പ്രദായങ്ങൾ വ്യത്യസ്തമായിരിക്കാം, എന്നാൽ നിങ്ങളുടെ അഭിരുചിയും ശീലങ്ങളും മനോഭാവവും മനസ്സുമൊക്കെ നിങ്ങളുടെ പ്രവൃത്തി പുറത്തുകൊണ്ടുവരും." പ്രശസ്ത പത്രമായ ന്യൂയോർക്ക് ടൈംസ് 2022 ജനുവരി 28ന് ഇപ്രകാരം എഴുതി: "2017 ജൂലൈയിൽ നരേന്ദ്രമോദി ഇസ്രയേൽ സന്ദർശിച്ചു. ഹിന്ദു ദേശീയതയുടെ തേരിലേറി അധികാരത്തിലെത്തിയ മോദി ഇസ്രയേൽസന്ദർശിക്കുന്നആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ്. 'പലസ്തീനോട് പ്രതിബദ്ധത പുലർത്തുന്ന നയ'മാണ് പതിറ്റാണ്ടുകളായി ഇന്ത്യ സ്വീകരിച്ചിരുന്നത്. അതുകൊണ്ടുതന്നെ ഇസ്രയേലുമായി ഊഷ്മളമായ ബന്ധം ഉണ്ടായിരുന്നുമില്ല. മോദിയുടെ സന്ദർശനം വളരെ സൗഹാർദ്ദപരമായിരുന്നു. കടൽത്തീരത്ത് നെതന്യാഹുവുമൊത്ത് നടത്തിയ ഉല്ലാസ സവാരിമുതൽ എല്ലാം ശ്രദ്ധാപൂർവ്വം ആസൂത്രണം ചെയ്തതായിരുന്നു. ആ ഊഷ്മളതയ്ക്ക് കാരണമുണ്ട്. ആയുധശക്തിയും ഇന്റലിജൻസ് സംവിധാനവും മെച്ചപ്പെടുത്തുന്നതിനായി രണ്ട് ബില്യൻ ഡോളറിന്റെ കരാറിലാണ് – പെഗസസ് ഇടപാട് ഉൾപ്പെടെ – ഇരുരാജ്യങ്ങളും ധാരണയിലെത്തിയത്. മാസങ്ങൾക്കുശേഷം നെതന്യാഹു അപൂർവ്വമായൊരു ഔദ്യോഗിക സന്ദർശനം ഇന്ത്യയിൽ നടത്തി. 2019 ജൂണിൽ ഐക്യരാഷ്ട്ര സഭയുടെ ഇക്കണോമിക് അൻഡ് സോഷ്യൽ കൗൺസിലിൽ ഇന്ത്യ ഇസ്രയേലിന് അനുകൂലമായി വോട്ട് ചെയ്തു. ആദ്യമായി ഒരു പലസ്തീൻ മനുഷ്യാവകാശ സംഘടനയ്ക്ക് നിരീക്ഷകാംഗത്വം നൽകുന്നതിനെതിരെയായിരുന്നു ഇന്ത്യ നിലപാടെടുത്തത്".

ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുവന്നപ്പോൾ വിദേശകാര്യ മന്ത്രാലയവും ആഭ്യന്തര മന്ത്രാലയവും മൗനം പാലിച്ചു. വിഷയം കോടതിയുടെ പരിഗണനയിലാണ് എന്നുപറഞ്ഞാണ് ബിജെപി നേതൃത്വം ഒഴിഞ്ഞുമാറുന്നത്. ഇപ്പോൾ സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റിക്ക്, കുറ്റവാളിയെ കണ്ടെത്താനും ഏതെങ്കിലും ഗവണ്മെന്റ് ഏജൻസി ഈ ചാര സോഫ്റ്റ്‌വെയർ കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ നിയമപരമായ പ്രക്രിയ പിന്തുടർന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനും അധികാരം നൽകിയിരിക്കുകയാണ്. കമ്മിറ്റി ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഗവണ്മെന്റാകട്ടെ, പലതും വെളിച്ചത്ത് കൊണ്ടുവരാൻ സാദ്ധ്യതയുള്ള ഈ റിപ്പോർട്ടിന്റെ ആധികാരികത ഇതുവരെ ചോദ്യം ചെയ്തിട്ടുമില്ല.

### വെളിപ്പെടുത്തലിന്റെ കാതൽ

എന്തുകൊണ്ടാണ് ആഗോളതലത്തിൽത്തന്നെ ഭരണത്തിന്റെ ഉന്നതങ്ങളിലിരിക്കുന്ന ബൂർഷ്വാ നേതാക്കൾക്ക് ഇവ്വിധം ആധുനിക സാങ്കേതിക വികാസങ്ങളെ ദുരുപയോഗം ചെയ്യേണ്ടിവരുന്നത്. ഭാവിയിൽ എതിർപ്പുയർത്താൻ സാദ്ധ്യതയുള്ളവരോ അധികാരവടംവലിയിൽ മൽസരക്കാരായി വരാൻ സാദ്ധ്യതയുള്ളവരോ ആയ വ്യക്തികളുടെ ചലനങ്ങൾ രഹസ്യമായി നിരീക്ഷിക്കുന്നതുപോലുള്ള ഹീനമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ ഇവരെ പ്രേരിപ്പിക്കുന്നതെന്താണ്? 'സ്വന്തം' ആളുകളുടെ കാര്യത്തിൽപോലും ഇത്തരത്തിൽ വഴിവിട്ടൊരു ജാഗ്രത പുലർത്തേണ്ടിവരുന്നതെന്തുകൊണ്ട്? ഇതൊക്കെ മോദിയെപ്പോലെ ഏതെങ്കിലുമൊക്കെ നേതാക്കളുടെ ഏകാധിപത്യ പ്രവണതയുമായി ബന്ധപ്പെട്ട കാര്യമെന്നാണ് കരുതുന്നതെങ്കിൽ അടിസ്ഥാനവസ്തുത അവർക്ക് ഗ്രഹിക്കാനാവില്ല. ഇത്തരം കുറ്റവാസനകളുടെ വേര് കണ്ടെത്താൻ കഴിയണം. പൈശാചിക കൃത്യങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന മോദി ഉൾപ്പെടെയുള്ള നേതാക്കളും ഒരു വ്യവസ്ഥിതിയുടെ സേവകരാണെന്നോർക്കണം. ആ വ്യവസ്ഥയാകട്ടെ സംസ്കാരസമ്പന്നവും ന്യായയുക്തവുമായ എല്ലാറ്റിനെയും ഞെരിച്ചമർത്തുകയും അന്തരീക്ഷത്തിലാകെ ജീർണ്ണത പടർത്തുകയും വിഷം വമിക്കുകയും ചെയ്യുന്നതരത്തിൽ അധഃപതിച്ചുകഴിഞ്ഞിരിക്കുന്നു. സ്വന്തം നിഴലിനെപ്പോലും ഇക്കൂട്ടർക്ക് വിശ്വാസമില്ലാതായിരിക്കുന്നു. മുതലാളിത്ത പ്രതിസന്ധി മൂർച്ഛിക്കുംതോറും സ്വന്തം പതനത്തെക്കുറിച്ച് ഇവർ കൂടുതൽ വേവലാതിപ്പെടുകയും അങ്ങേയറ്റം അഴിമതി നിറഞ്ഞതും പിന്തിരിപ്പനുമായ സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്തുകൊണ്ടേയിരിക്കും. മരണാസന്നമായ വ്യവസ്ഥിതിയുടെ ആയുസ്സ് നീട്ടിയെടുക്കാൻ മുതലാളിത്ത-സാമ്രാജ്യത്വ ഭരണാധികാരികളും അവരുടെ രാഷ്ട്രീയ ഏജന്റുമാരും എല്ലാ ഹീനമാർഗ്ഗങ്ങളും അവലംബിക്കും, എല്ലാ അടിച്ചമർത്തൽ നടപടികളും കൈക്കൊള്ളും. ജനങ്ങളുടെ എതിർപ്പ് ഉയർന്നുവരാതിരിക്കാനും പ്രതിഷേധസ്വരങ്ങളെ അമർച്ച ചെയ്യാനും എല്ലാ തരംതാഴ്ന്ന അടവുകളും പയറ്റും. ഇതിനായി ആധുനിക സാങ്കേതികവിദ്യയെപ്പോലും ദുരുപയോഗം ചെയ്യുന്നത് പതിവായിരിക്കുന്നു. നമ്മുടെ രാജ്യത്ത് ഈ ഹീനപ്രവൃത്തികൾക്ക് കാർമികത്വം വഹിക്കാൻ ഭരമേൽപിക്കപ്പെട്ടിരിക്കുന്നത് ഇന്ത്യൻ മുതലാളിവർഗ്ഗത്തിന്റെ ഏറ്റവും വിശ്വസ്ത രാഷ്ട്രീയ രൂപമായ ബിജെപിയാണ്. അതുകൊണ്ടുതന്നെ, പാർട്ടിയിൽ വിയോജിപ്പ് പ്രകടിപ്പിക്കുന്നവരുടെയും രാഷ്ട്രീയ പ്രതിയോഗികളുടെയുംമേലുള്ള ചാരപ്പണിയും, സ്വകാര്യതയും സ്വതന്ത്രമായി ജീവിക്കാനുമുള്ള അവകാശവുംപോലും കവർന്നെടുക്കുന്ന നടപടികളും, ജനാധിപത്യ സമരങ്ങളെ അടിച്ചമർത്തുന്നതിനായി അങ്ങേയറ്റം ക്രൂരവും മനുഷ്യത്വരഹിതവുമായ മാർഗ്ഗങ്ങൾ അവലംബിക്കലുമൊക്കെ അപകടകരമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ബിജെപിഗവണ്മെന്റ്,ഏതൊരു മുതലാളിത്ത സ്വേച്ഛാധിപത്യ ഗവണ്മെന്റിനെയുംപോലെതന്നെ, വ്യക്തികളെ ഉന്നംവച്ച് ചാരവൃത്തി നടത്തുന്നതിനായി ജനങ്ങളുടെ നികുതിപ്പണം ധൂർത്തടിക്കുന്നതെങ്ങനെയെന്ന് ഇപ്പോൾ വെളിവായിക്കൊണ്ടിരിക്കുന്നു. ഏകാധിപതികളും ഫാസിസ്റ്റുകളുമൊക്കെ മുമ്പും ഇത്തരം ചാര നിരീക്ഷണങ്ങൾ നടത്തിയതായി ചരിത്രത്തിൽ കാണാം. ജർമ്മനി 1933ൽ സെൻസസ് നടത്തിയപ്പോൾ വംശീയമായി ജനങ്ങളെ തിരിച്ചറിയാൻ സഹായിക്കുന്ന ഒരു ഐബിഎം കാർഡ് സോർട്ടിംഗ് മെഷീൻ ഉപയോഗിച്ചിരുന്നു. ഇതിലെ വംശീയമായി തിരിച്ചറിയുന്നതിനുള്ള സംവിധാനം ഉപയോഗപ്പെടുത്തി ഐബിഎംന്റെ സാങ്കേതിക സഹായത്തോടെ ജൂതരെ കണ്ടെത്തി കൂട്ടക്കൊല ചെയ്യാൻ വംശവെറിയൻ നാസി ഭരണകൂടത്തിന് സാധിച്ചു. ഇന്ന് ചാരവൃത്തിക്കുള്ള സംവിധാനങ്ങളുടെ സാങ്കേതികവിദ്യ വളരെ വികാസം പ്രാപിച്ചിരിക്കുന്നു. ഏറ്റവും സൂക്ഷ്മതയോടുകൂടി വ്യക്തികളുടെ ഫോണും മറ്റും, അവ ഓഫാക്കി വച്ചിരുന്നാൽക്കൂടി, ചോർത്തിയെടുക്കാൻ കഴിയും. ഇത് സ്വകാര്യതയ്ക്കുള്ള അവകാശത്തിനുമേലുള്ള നഗ്നമായ കടന്നുകയറ്റമാണ്. മുതലാളിവർഗ്ഗം അതിന്റെ ആവിർഭാവ കാലത്ത് രൂപംനൽകിയ അടിസ്ഥാന ജനാധിപത്യ തത്വങ്ങൾക്കുമേലുള്ള ആക്രമണമാണ്. രാജ്യത്തിന്റെ സുരക്ഷ ഉറപ്പാക്കാനുള്ള നടപടി മറ്റെല്ലാറ്റിനും മേലെയാണെന്ന് പറഞ്ഞുകൊണ്ട് ഈ ആരോപണവും കണക്കിലെടുക്കേണ്ടതില്ലെന്ന വാദം ദുരുദ്ദേശ്യപരമായി ഗവണ്മെന്റ് ഉന്നയിക്കുമ്പോഴും അത് വകവച്ചുകൊടുക്കാൻ നീതിന്യായ വ്യവസ്ഥ തയ്യാറായിട്ടില്ല. എന്നാൽ, മാപ്പർഹിക്കാത്ത ഇത്തരമൊരു കുറ്റകൃത്യത്തിന്റെ പേരിൽ മോദിയെയും ബിജെപി ഗവണ്മെന്റിനെയും യഥാർത്ഥത്തിൽ പ്രതിക്കൂട്ടിൽ നിർത്തണമെങ്കിൽ, അധികാരത്തിലിരുന്നുകൊണ്ട് ഇവരെല്ലാം സേവിക്കുന്ന ജീർണ്ണമായ മുതലാളിത്ത വ്യവസ്ഥതന്നെയാണ് യഥാർത്ഥ കുറ്റവാളി എന്ന സത്യം തിരിച്ചറിയാൻ നമുക്ക് കഴിയേണ്ടതുണ്ട്. ■

# മാർച്ച് 28 29 ദ്വിദിന ദേശീയ പണിമുടക്ക് വൻവിജയമാക്കുക

**കേ**ന്ദ്ര ട്രേഡ് യൂണിയനുകളുടെയും വിവിധ മേഖലകളിലെ സ്വതന്ത്ര ഫെഡറേഷനുകളുടെയും അസോസിയേഷനുകളുടെയും സംയുക്ത വേദിയുടെ മുൻകയ്യിൽ 2021 നവംബർ 11ന് ന്യൂഡൽഹിയിലെ ജന്തർ മന്ദറിൽ തൊഴിലാളികളുടെ ഒരു ദേശീയ കൺവെൻഷൻ ചേർന്നു. രാജ്യത്തെ ജനങ്ങളുടെ ജീവിതത്തെയും ജീവനോപാധികളെയും സമ്പദ്‌വ്യവസ്ഥയെയും തകർത്ത് സർവ്വനാശത്തിന്റെ വക്കിലേക്ക് തള്ളിവിടുന്നതരത്തിൽ കേന്ദ്ര ഗവണ്മെന്റ് പിന്തുടരുന്ന, കോർപ്പറേറ്റ് അനുകൂലവും തൊഴിലാളിവിരുദ്ധവും കർഷകവിരുദ്ധവും രാജ്യദ്രോഹപരവുമായ നയങ്ങൾക്കെതിരെ രാജ്യത്ത് നടന്നു വരുന്ന പ്രക്ഷോഭങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ച് പ്രതിരോധിക്കുവാൻ കൺവൻഷൻ തൊഴിലാളികളോട് ആഹ്വാനം ചെയ്തു. അധികാരത്തിലിരിക്കുന്ന സ്വേച്ഛാധിപത്യ ശക്തികൾ സ്വദേശ-വിദേശ സ്വകാര്യ കോർപ്പറേറ്റ് ശക്തികളുമായി ചേർന്ന് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും എല്ലാ ജനാധിപത്യ സാമൂഹിക സംവിധാനങ്ങളേയും തകർക്കുന്നതിൽനിന്നും രാജ്യത്തെ രക്ഷപ്പെടുത്തുകയെന്ന ലക്ഷ്യമാണ് ഈ പ്രക്ഷോഭത്തിനുള്ളത്.

സാഹചര്യങ്ങൾ കൂടുതൽ കൂടുതൽ മോശമായി വരികയാണ്. വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയാലും, നിലവിലുള്ള തൊഴിലുകളും ജീവനോപാധികളും ശീഘ്രഗതിയിൽ മുച്ചൂടും തകരുന്നതുകൊണ്ടും വൻതോതിലുണ്ടാകുന്ന തൊഴിൽ നഷ്ടവും ചേർന്ന് ഗ്രാമീണ മേഖലയിലും നഗരങ്ങളിലുമുള്ള തൊഴിലാളികളുടെയും, യുവാക്കളും വിദ്യാർത്ഥികളും അടങ്ങുന്ന മുഴുവൻ തലമുറയുടെയും ഭാവി അനിശ്ചിതത്വത്തിലേക്കും നിരാശയിലേക്കും എടുത്തെറിയപ്പെട്ടിരിക്കുകയാണ്. മഹാഭൂരിപക്ഷം ജനങ്ങളുടെയും വരുമാനം മനുഷ്യന് നിലനില്ക്കാൻ ആവശ്യമായ മിനിമം പരിധിയിൽനിന്ന് എത്രയോ താഴേക്ക് തള്ളപ്പെട്ടിരിക്കുകയാണ്.

നിയമപരമായ മിനിമം വേതനംതന്നെ ഇതിനകം അപര്യാപ്തമായിക്കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഫലമായി, പട്ടിണിയുടെ തീവ്രത, അതും തൊഴിലെടുക്കുന്നവരുടെ ഇടയിലുള്ള പട്ടിണിയുടെ തീവ്രത, ഭയാനകമായി വർദ്ധിക്കുവാനും 107 രാജ്യങ്ങൾ അടങ്ങുന്ന ലോക പട്ടിണി സൂചികയിൽ ഇന്ത്യ 101-ാം സ്ഥാനത്തേക്ക് തള്ളപ്പെടുവാനും ഇടവരുത്തിയിരിക്കുകയാണ്. ഇക്കാര്യത്തിൽ നമ്മുടെ അയൽ രാജ്യങ്ങളെക്കാളും പുറകിലായിരിക്കുകയാണ് ഇന്ത്യ.

കേന്ദ്രത്തിൽ ഇപ്പോഴുള്ള ഗവണ്മെന്റിന്റെ നയപരമായ എല്ലാ നീക്കങ്ങളും നടപടികളും ജനങ്ങളുടെ നിലനില്പിനുള്ള എല്ലാ അവകാശങ്ങളേയും സ്വദേശ വിദേശ സ്വകാര്യ കോർപ്പറേറ്റുകളുടെ താല്പര്യാർത്ഥം നിരന്തരം തിരിച്ചുപിടിക്കുക കയെന്ന ലക്ഷ്യം വച്ചുള്ളതാണ്. ആരോഗ്യ സേവനത്തിനുള്ള ജനങ്ങളുടെ അവകാശത്തെപ്പോലും സ്വകാര്യവൽക്കരണത്തിലൂടെ ഇല്ലാതാക്കുന്നു. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തെക്കാളും വേഗത്തിൽ സാധാരണ ജനങ്ങൾ, ഓക്സിജന്റെയും ആശുപത്രി കിടക്കകളുടെയും മരുന്നുകളുടെയും അഭാവത്താൽ കൊല്ലപ്പെട്ടപ്പോൾ അത് നമ്മൾ കണ്ടതാണ്. ജനങ്ങൾക്ക് കോവിഡ് പ്രതിരോധവാക്സിൻ നൽകുന്നതും ആരംഭഘട്ടത്തിൽ സ്വകാര്യ വിപണിക്ക് തുറന്നുകൊടുക്കുകയാണ് ഗവണ്മെന്റ് ചെയ്തത്. എന്നാൽ പിന്നീട് പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദത്തിലാണ് ഗവണ്മെന്റ് അതിൽനിന്ന് പിന്തിരിഞ്ഞത്. എന്നിരുന്നാലും കുത്തിവെയ്പിനുള്ള മരുന്നിന്റെ 25 ശതമാനവും സ്വകാര്യ മേഖലക്ക് സംഭരിക്കുവാനും ലാഭമടിക്കാനും ഇപ്പോഴും വിട്ടുകൊടുത്തിരിക്കുകയാണ്. രാജ്യത്തെ ജനസംഖ്യയിലെ 50 ശതമാനവും ദാരിദ്ര്യ രേഖക്ക് താഴെയാണ്. അവർ പരിതാപകരമായ അരക്ഷിതാവസ്ഥയിലും പട്ടിണിയിലും ദാരിദ്ര്യത്തിലും നരകിക്കുമ്പോൾ അവശ്യ സാധനങ്ങളുടെ വില അസഹനീയമായ തലത്തിലേക്ക് വാണംപോലെ കുതിച്ചുയരുകയാണ്. വിലക്കയറ്റം വെറുതെയങ്ങനെ ഉണ്ടാകുകയല്ല. മറിച്ച് സമൂഹത്തിലെ ഒരു ചെറു ന്യൂനപക്ഷം വരുന്ന വൻകിടക്കാരായ ബിസ്സിനസ്സുകാരുടെ, കച്ചവടക്കാരുടെ,കോർപ്പറേറ്റുകളുടെ നേട്ടത്തിനുവേണ്ടി ഗവണ്മെന്റ് സാധാരണക്കാരിൽനിന്ന് നടത്തുന്ന ഭീകരവും വിവേചനപരവുമായ നികുതി പിരിവും മറ്റ് നയങ്ങളും മൂലം സൃഷ്ടിക്കപ്പെട്ടതാണ്. പെട്രോളിന്റെയും, ഡീസലിന്റെയും, പാചക വാതകത്തിന്റെയും അതുപോലെ മറ്റ് ഇന്ധനങ്ങളുടെയും വിലകൾ, നിലവിലെ ക്രൂരമായ നികുതിഘടനവഴി ഏറെക്കുറെ ദിവസംതോറുമുള്ള വർദ്ധനവിനിടയാക്കുന്നു. തൽഫലമായി മറ്റു ചരക്കുകളുടെ വിലയും അതുപോലെ പൊതുഗതാഗതത്തിനും മറ്റു സേവനങ്ങൾക്കുമുള്ള ചാർജ്ജുകളും നിരന്തരം വർദ്ധിക്കുന്നതിനും ഇടവരുത്തിയിരിക്കുകയാണ്. ഗവണ്മെന്റിന്റെ വരുമാനത്തിൽ ഏറെക്കുറെ പകുതി ഭാഗവും ഇന്ധനത്തിന് ചുമത്തുന്ന നികുതിയിൽ നിന്നാണ് വരുന്നത്. അവശ്യസാധനങ്ങളുടെമേൽ ഉയർന്ന നിരക്കിൽ ജിഎസ്ടിയിലൂടെ ചുമത്തുന്ന പരോക്ഷ നികുതിയും, വിദ്യാഭ്യാസം, ആരോഗ്യം, മരുന്നുകൾ ഉൾപ്പെടെയുള്ള ഏറെക്കുറെ എല്ലാ പൊതുസേവനങ്ങൾക്കും നൽകേണ്ട വർദ്ധിച്ച യൂസർ ചാർജ്ജുകളുമെല്ലാം എരിതീയിൽ വീണ്ടും വീണ്ടും എണ്ണ ഒഴിക്കുകയാണ്.

ഇതെല്ലാം കൂടിച്ചേർന്ന് ജനങ്ങളുടെ അരക്ഷിതാവസ്ഥയും പട്ടിണിയും വൻതോതിൽ വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതിനോടൊപ്പം യാതൊരു ഉളുപ്പുമില്ലാതെ, നിലവിലെ ഗവണ്മെന്റ് കോർപ്പറേറ്റ് ടാക്സ് നിരന്തരം കുറക്കുകയും, വെൽത്ത് ടാക്സ് നിർത്തലാക്കുകയും, കോർപ്പറേറ്റുകൾ നൽകേണ്ട ചാർജ്ജുകൾക്കും നികുതികൾക്കും മൊറോട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്തു. കൂടാതെ, കടബാധ്യത തിരിച്ചടവിന് മനഃപൂർവ്വം വീഴ്ച വരുത്തുന്നവർക്ക് തിരിച്ചടവിനും മൊറോട്ടോറിയം പ്രഖ്യാപിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ, പ്രതിസന്ധി നിറഞ്ഞ ഈ മഹാമാരിയുടെ കാലത്ത് ഈ കോർപ്പറേറ്റുകൾ അവരുടെ സമ്പത്തിൽ 40 ശതമാനത്തിലധികം വർദ്ധനവ് ഉണ്ടാക്കിയിരിക്കുകയാണ്. അദ്ധ്വാനിച്ച് ജീവിക്കുന്ന ഭൂരിപക്ഷം ജനങ്ങളും നേരിട്ട ദൗർഭാഗ്യത്തിന്റെയും ദുരിതത്തിന്റെയും ചെലവിലാണ് അവർ ഇതുണ്ടാക്കിയിരിക്കുന്നത്. അദ്ധ്വാനിക്കുന്ന ജനങ്ങൾ സൃഷ്ടിക്കുന്ന മൊത്തം അഭ്യന്തര ഉൽപ്പാദനത്തിന്റെ(ജിഡിപി) 70 ശതമാനവും ഒരു ശതമാനം വരുന്ന അതി സമ്പന്നർ കയ്യടക്കുമ്പോൾ ജനസംഖ്യയിലെ ഏറ്റവും താഴെയുള്ള 50 ശതമാനത്തിന് ജിഡിപിയുടെ വെറും പത്ത് ശതമാനം മാത്രമാണ് ലഭിക്കുന്നത്. ഗവണ്മെന്റ് യഥാർത്ഥത്തിൽ കോർപ്പറേറ്റ് യജമാനന്മാർക്കുവേണ്ടി സാധാരണ ജനങ്ങൾക്കു നേരെ ഒരു യുദ്ധം തന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

സാധാരണക്കാർക്ക് നിലനില്ക്കുവാനുള്ള അടിസ്ഥാന ആവശ്യകത എന്ന നിലയിൽ സൗജന്യ റേഷനും 7500 രൂപ പ്രതിമാസ വരുമാന സഹായവും വരുമാന നികുതിയുടെ പരിധിയിൽ ഉൾപ്പെടാത്ത എല്ലാ കുടുംബങ്ങൾക്കും അനുവദിക്കണം എന്ന സംയുക്ത ട്രേഡ് യൂണിയൻ പ്രക്ഷോഭത്തിന്റെ ആവശ്യം അംഗീകരിക്കുവാൻ ഗവൺമെന്റ് തയാറായിട്ടില്ല. സാമൂഹിക സുരക്ഷാ ഫണ്ട് കാലിയാണെന്ന പേരിൽ തൊഴിലുറപ്പ് ഫണ്ട്, സമഗ്ര ബാല വികസന പദ്ധതി(ഐസിഡിഎസ്) ഫണ്ട് എന്നിവയുടെ വിഹിതം കുത്തനെ വെട്ടിക്കുറച്ചതുമെല്ലാം ഈ ഗവണ്മെന്റിന്റെ അഹങ്കാരത്തിന്റെയും കുറ്റകരവും മനുഷ്യത്വരഹിതവുമായ സമീപനത്തിന്റെയും പ്രതിഫലനങ്ങളാണ്.

രാജ്യവും ജനങ്ങളും ഈ ഭയാനകമായ സാഹചര്യത്തെ നേരിട്ടുകൊണ്ടിരിക്കുന്നതിനിടയിൽ കേന്ദ്ര ഗവണ്മെന്റ്, വളരെ ധൃതിപിടിച്ച് അതിന്റെ സ്വകാര്യ വൽക്കരണ പരിപാടികൾ വിവിധ മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഖനിജങ്ങൾ, ബാങ്ക്, ഇൻഷൂറൻസ് പോലുള്ള സാമ്പത്തിക സ്ഥാപനങ്ങൾ, സുരക്ഷാപ്രധാന മേഖലകളായ പ്രതിരോധ വ്യവസായങ്ങൾ, വൻകിട തുറമുഖങ്ങൾ, പെട്രോളിയവും പ്രകൃതി വാതകവും, റയിൽവേ, വ്യോമയാനവും വിമാനത്താവളങ്ങളും, വൈദ്യുതി, സ്റ്റീൽ, എഞ്ചിനിയറിംഗ്, ഹൈവേകൾ, ടെലികോം, തപാൽ സർവീസ്, കൽക്കരി ബ്ലോക്കുകൾ, തുടങ്ങി എല്ലാ ദേശീയ ഉൽപ്പാദന ആസ്തികളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും വിറ്റ് തുലയ്ക്കുകയാണ്. കൂടാതെ, സ്വകാര്യവൽക്കരണത്തെ സഹായിക്കുന്നതിനോടൊപ്പം കടം തിരിച്ചടവിൽ വീഴ്ച വരുത്തിയ കോർപ്പറേറ്റുകളെ സഹായിക്കുന്നതിനുവേണ്ടി ബാങ്ക് പാപ്പരത്വ കോഡ് 2016 വീണ്ടും ഭേദഗതി ചെയ്തു. കോർപ്പറേറ്റ് കുത്തകകൾ വായ്പയിലൂടെ ചോർത്തിയെടുത്ത ബാങ്ക് ഫണ്ടിന്റെ സിംഹഭാഗവും എഴുതിത്തള്ളാൻ അനുവദിക്കുന്ന തരത്തിലാണ് ഈ ഭേദഗതി. അതേസമയം വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയ തൊഴിലാളികൾക്ക് ഈ തീരുമാനമെടുക്കൽ പ്രക്രിയയിൽ പ്രതിനിധീകരിക്കുവാൻ യാതൊരു അവസരവും നൽകിയിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വായ്പാ തിരിച്ചടവ് വീഴ്ച വരുത്തിയ അതേ കോർപ്പറേറ്റുകൾക്ക് അനുകൂലമായി ബാങ്കുകളെ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടി ബാങ്ക് ദേശസാൽക്കരണ നിയമം ഭേദഗതി ചെയ്യുവാനുള്ള ബില്ല് പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുവാനാണ് ഗവണ്മെന്റിന്റെ ഏറ്റവും ഒടുവിലത്തെ ശ്രമം.

സ്വകാര്യവൽക്കരണത്തിനായി ഗവണ്മെന്റ് കാട്ടിയ ഈ എടുത്തുചാട്ടം എത്രത്തോളം വിനാശകരമായി എന്നത് ഗവണ്മെന്റിന്റെ ഏറ്റവും ഒടുവിലത്തെ നീക്കത്തിൽ നിന്നും മനസ്സിലാക്കാം. കഴിഞ്ഞ ഏഴര ദശാബ്ദക്കാലത്തിനുള്ളിൽ ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് നിർമ്മിച്ച ഏറെക്കുറെ എല്ലാ അടിസ്ഥാന ആസ്തികളും സ്വകാര്യ വ്യക്തികൾക്ക് ലാഭം കൊയ്യുവാൻവേണ്ടി ഗവണ്മെന്റ് സൗജന്യമായി വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഗവണ്മെന്റിന് പകരമായി കിട്ടുന്നതാകട്ടെ, അവരുടെ കൈവശമുള്ള ന്യൂനപക്ഷം ഷെയറുകളും. ഇതിനെയാണ് ദേശീയ ധനസമാഹരണ പൈപ് ലൈൻ പദ്ധതി(എൻഎംപി) എന്ന് വിളിക്കുന്നത്. ഈ അടിസ്ഥാന ആസ്തികൾ ജനങ്ങൾക്ക് നഷ്ടപ്പെടുമെന്ന് മാത്രമല്ല, കോർപ്പറേറ്റുകൾ അനിവാര്യമായും യാതൊരു നിയന്ത്രണവുമില്ലാതെ യൂസർ ചാർജ്ജുകൾ വർദ്ധിപ്പിച്ച് അതിന്റെ ഭാരവും ജനങ്ങളുടെമേൽ ചുമത്തും. സ്വകാര്യ കോർപ്പറേറ്റുകൾക്ക് യാതൊരു നിക്ഷേപവും നടത്താതെതന്നെ യഥേഷ്ടം ലാഭമടിക്കാനുള്ള അവസരം ലഭിക്കും. തികഞ്ഞ കുറ്റകൃത്യമാണിത്. അല്ലെങ്കിൽ നമ്മുടെ ദേശീയ ആസ്തികൾ ഇപ്രകാരം കുത്തിക്കവരാൻ അനുവദിക്കാൻ പറ്റുമോ ? സമൂഹത്തിലെ അവശവിഭാഗങ്ങളിൽപെടുന്ന ദളിതർ, ആദിവാസികൾ മറ്റു പിന്നോക്ക വിഭാഗക്കാർ എന്നിവർക്ക് ഗവണ്മെന്റ് ജോലികൾക്കുള്ള സംവരണം എന്ന ഭരണഘടനാപരമായ അവകാശത്തേയുംകൂടി ഈ പ്രക്രിയ എടുത്തുകളയും.

സ്വകാര്യവൽക്കരണത്തിന്റെ നടപടികൾ ഉല്പാദന മേഖലയിലും സേവന മേഖലയിലും മാത്രമായി ഒതുക്കി നിർത്തുന്നില്ല. ഗവണ്മെന്റിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളുടെയും ഭരണ സംവിധാനങ്ങളെ മുഴുവൻ വൻതോതിലുള്ള കരാർ വൽക്കരണത്തിലൂടെയും പുറം തൊഴിലിലൂടെയും സ്വകാര്യവൽക്കരിക്കാനുള്ള പ്ലാനുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ, മോദി ഗവണ്മെന്റിന്റെ 'മിനിമം ഗവണ്മെന്റ്, മാക്സിമം ഭരണം' എന്ന മുദ്രാവാക്യം ഗവണ്മെന്റിന്റെ എല്ലാ സംവിധാനങ്ങളെയും സ്വകാര്യവൽക്കരിച്ച് മൊത്തം ഭരണവും കോർപ്പറേറ്റുകളുടെ കൈപ്പിടിയിൽ ഒതുക്കുക എന്ന നിലയിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാരും അതുപോലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലുമുള്ള നഗരസഭാ ജീവനക്കാരും ഈ ആക്രമണം നേരിടുകയാണ്. ജീവനക്കാരുടെ പെൻഷൻ/ സാമൂഹിക സുരക്ഷാ കരുതൽ നിക്ഷേപങ്ങൾ എന്നിവയെപ്പോലും സ്വകാര്യ കോർപ്പറേറ്റുകളുടെ കൊള്ളയടിയിൽനിന്നും ഒഴിവാക്കിയിട്ടില്ല.

കേന്ദ്ര-സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർ ദേശീയ പെൻഷൻ സംവിധാനത്തിലൂടെ(എൻപിഎസ്) വൻ തോതിലുള്ള വരുമാന നഷ്ടത്തിന് വിധേയരായിരിക്കുകയാണ്. സാധാരണക്കാ

(ശേഷം 9–ാം പേജിൽ)

## കേന്ദ്ര ബജറ്റ്

# കുത്തകളുടെ ലാഭാർത്തിയെ തൃപ്തിപ്പെടുത്താനുള്ള രൂപരേഖ

കേന്ദ്ര ധനകാര്യമന്ത്രി ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച ഈ വർഷത്തെ കേന്ദ്ര ബജറ്റിനെ മുൻനിർത്തി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രതികരണം

**അ**സഹ്യമായ വിലക്കയറ്റം, വർദ്ധിക്കുന്ന തൊഴിലില്ലായ്മയും തൊഴിൽനഷ്ടവും, വരുമാനത്തിലുണ്ടാകുന്ന ഇടിവ്, മതിയായ ആരോഗ്യ പരിരക്ഷയുടെയും വിദ്യാഭ്യാസ പൊതുസേവന സൗകര്യങ്ങളുടെയും അഭാവം എന്നീ അടിയന്തിരപ്രശ്നങ്ങൾ കൊണ്ട് രാജ്യത്തെ ജനങ്ങൾ നിരന്തരം വലയുകയും രണ്ടുവർഷത്തെ കോവിഡ് മഹാമാരി ആ ദുരിതത്തെ തീവ്രമാക്കുകയും ചെയ്യുന്ന സാഹചര്യം നിലനിന്നിട്ടും, അതിലൊരു പ്രശ്നംപോലും മൂർത്തമായി സ്പർശിക്കാൻ ഈ ബജറ്റ് തയ്യാറായിട്ടില്ല. നേരിട്ടുള്ള പണവിനിമയം കൊണ്ടോ അതല്ലെങ്കിൽ ഉറപ്പുള്ള ഏതെങ്കിലും ശമ്പളവ്യവസ്ഥകൾ കൊണ്ടോ രാജ്യത്തെ പാപ്പരായ ജനങ്ങളുടെ ക്രയശേഷിയെ ഉയർത്തിക്കൊണ്ടുവരാനുള്ള ഒരു നിർദ്ദേശവും ഈ ബജറ്റിൽ അവതരിപ്പിച്ചിട്ടില്ല.

എന്നാൽ രാജ്യത്തെ സമ്പദ്‌വ്യവസ്ഥ സുസ്ഥിരമായ പുനരുദ്ധാരണ പ്രക്രിയയിൽ ആണെന്നും എല്ലാ മണ്ഡലങ്ങളെയും ഡിജിറ്റലൈസേഷൻ സമ്പ്രദായത്തിൽ കൊണ്ടുവന്നുകൊണ്ട് വരുന്ന വർഷം രാജ്യത്തിന്റെ സമഗ്രവളർച്ചയെ ത്വരിതപ്പെടുത്താൻ വളരെ ചിട്ടയായ പതിവു നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണെന്നും അവകാശപ്പെടുന്ന അതിഭാഷണമാണ് ധനകാര്യമന്ത്രി തെരഞ്ഞെടുത്തത്. കോർപ്പറേറ്റുകൾക്ക് ചുമത്തിയിരുന്ന അധികനികുതി 12 ശതമാനത്തിൽ നിന്ന് 7 ശതമാനത്തിലേക്ക് വെട്ടിക്കുറക്കുന്നത് പോലെയുള്ള ഒരു കൂട്ടം ആശ്വാസ പദ്ധതികൾ വാഗ്ദാനം ചെയ്യുന്നതിന് പുറമേ, സാമ്പത്തികവ്യവസ്ഥയിൽ യാതൊരു പ്രതിഫലനങ്ങളും ഉണ്ടാക്കാതെ ആസ്തി വിനിമയം നടത്താനുള്ള നവമാർഗ്ഗമായി കണ്ടെത്തിയ ഹാനികരമായ ക്രിപ്റ്റോകറൻസി ഓപ്പറേഷനു എല്ലാവിധ ഔദ്യോഗിക അംഗീകാരവും നൽകിയിരിക്കുകയാണ് ഗവൺമെന്റ്. മിക്കവാറും എല്ലാ മേഖലകളിലും നേരിട്ടോ, അല്ലാതെയുള്ള പിപിപി മാർഗ്ഗങ്ങളുപയോഗിച്ചോ സ്വകാര്യമൂലധനത്തിന്റെ പങ്കിനെ വർദ്ധിപ്പിക്കുകയാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നത്. സാധാരണക്കാരന് മനസ്സിലാകാത്ത സാമ്പത്തികശാസ്ത്രത്തിലെ സാങ്കേതികപദങ്ങൾ ഉപയോഗിച്ചുകൊണ്ട് ബജറ്റിലെ മുതലാളിത്താനുകൂല നയങ്ങൾ മറച്ചു പിടിച്ചിരിക്കുന്നു.

രാജ്യത്തെ അധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് വരുന്ന ജനസാമാന്യത്തെ സ്പഷ്ടമായ നിലയിൽ കബളിപ്പിച്ചുകൊണ്ടും, അതേസമയം കുത്തക ലോബികളെ അതിരില്ലാതെ പ്രസാദിപ്പിച്ചു കൊണ്ടും മുന്നോട്ടുപോകുന്ന ബിജെപി ഗവൺമെന്റ്, ബൂർഷ്വാസിയോടുള്ള തങ്ങളുടെ സമർപ്പിതമായ യജമാഭക്തിയും ജനതാൽപര്യങ്ങളോടുള്ള കുറ്റകരമായ അവഗണനയും ഒരിക്കൽ കൂടി തെളിയിച്ചിരിക്കുന്നു. ■

# തൊഴിലാളിവിരുദ്ധമായ ലേബർ കോഡുകൾ പിൻവലിക്കുക; ദേശീയ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ പദ്ധതി റദ്ദാക്കുക

*(8–ാം പേജിൽ നിന്ന്)*

രായ ജനങ്ങൾക്കും വിഹിതമടക്കേണ്ട ഈ സംവിധാനം തന്നെയാണ് ബാധകമാക്കിയിരിക്കുന്നത്. ഇപ്പോൾ ദേശീയ പെൻഷൻ പദ്ധതിയിലുള്ള ഗവണ്മെന്റ് ജീവനക്കാരുടെയും ജനങ്ങളുടെയും മുഴുവൻ ഫണ്ടും *പിഎഫ്ആർഡിഎ* മേൽനോട്ടത്തിൽനിന്നും നിയന്ത്രണങ്ങളിൽനിന്നും എടുത്തു മാറ്റിയിരിക്കുകയാണ്. ദേശീയ പെൻഷൻ സ്കീമിലെ മുഴുവൻ ഫണ്ടും യഥാർത്ഥത്തിൽ, ഗവണ്മെന്റിന്റെ യാതൊരുവിധ നിയന്ത്രണവുമില്ലാത്ത ഒരു കോർപ്പറേറ്റ് സംവിധാനത്തിന്റെ കീഴിലോ അല്ലെങ്കിൽ സൊസൈറ്റി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സൊസൈറ്റിയുടെ കീഴിലോ ആക്കുന്നതിനുവേണ്ടി *പിഎഫ്ആർഡിഎ* നിയമത്തിൽ ഭേദഗതി വരുത്തിയിരിക്കുകയാണ്. അതുവഴി ജീവനക്കാരുടെയും ജനങ്ങളുടെയും പെൻഷൻ സ്കീമിലും സാമൂഹിക സുരക്ഷ കരുതലിലുമുള്ള വൻതുക അതിരുവിട്ട ഊഹക്കച്ചവടത്തിനും അതുവഴി നാമമാത്രമായി മാത്രം ലഭിക്കുന്ന *എൻപിഎസ്* പെൻഷൻ ഇല്ലാതാകുവാനും ഇടവരുത്തും. നവലിബറൽ നയങ്ങൾക്ക് കീഴിൽ ജനങ്ങളെ കൊള്ളയടിക്കുന്ന നീചമായ പ്രവൃത്തി ഏതറ്റം വരെയും പോകും. ഇതേ രീതിയിലാണ് ജനസംഖ്യയിലെ 60 ശതമാനത്തിന്റെയും ജീവിതമാർഗ്ഗമായ കാർഷിക മേഖലയെ ഒരു പിടി വരുന്ന കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കുവാൻ അനുവദിക്കുന്ന മൂന്ന് കാർഷിക നിയമങ്ങൾ ഗവണ്മെന്റ് പാസ്സാക്കിയത്.

ഈ ക്രൂരവും വിനാശകരവുമായ നയങ്ങളെക്കുറിച്ച് മുഴുവനായി അറിവുള്ളതിനാൽ ഇതിന്നെതിരെ തുടക്കം മുതൽക്കുതന്നെ തൊഴിലാളി വർഗ്ഗം തുടർച്ചയായി പ്രക്ഷോഭം നടത്തിവരികയായിരുന്നു. രാജ്യത്തിനുവേണ്ടി നമ്മുടെ ദൗത്യം "ജനങ്ങളെ രക്ഷിക്കു, രാജ്യത്തെ രക്ഷിക്കു" എന്ന കാഹളം മുഴക്കിക്കൊണ്ടായിരിക്കണം. തൊഴിലാളിവർഗ്ഗ പ്രക്ഷോഭത്തിന് വലിയ വെല്ലുവിളികൾ നേരിടേണ്ടിവരും എന്നതിന് യാതൊരു തർക്കവുമില്ല. എന്നാൽ ഈ വെല്ലുവിളികളെയെല്ലാം നേരിട്ടുകൊണ്ടാണ് നമ്മുടെ യോജിച്ച പ്രക്ഷോഭങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്.

സാമ്പത്തിക മേഖലയിൽ വിനാശകരമായ ഈ നയങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം, അടിസ്ഥാനപരമായി ഭരണഘടനാപരമായ ജനാധിപത്യ ഭരണ സംവിധാനങ്ങളെയും, പാർലമെന്റിന്റെ അവകാശങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെയും ഗവണ്മെന്റ് ക്രമേണ ചവിട്ടിമെതിക്കുകയാണ്. ഗവണ്മെന്റിന്റെ നയങ്ങൾക്കെതിരെയുള്ള അഭിപ്രായ പ്രകടനങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി സിബിഐ, എൻഫോഴ്‌സ്‌മെന്റ് ഡയറക്ടറേറ്റ്, ദേശീയ കുറ്റാന്വേഷണ ഏജൻസി തുടങ്ങിയവയെ ഉപയോഗിച്ച് ആരെയും അറസ്റ്റു ചെയ്യുവാനും രാജ്യദ്രോഹ വകുപ്പുകൾ ചേർത്ത് തടവിലിട്ട് ഭീകരാന്തരീക്ഷംസൃഷ്ടിക്കുന്നതിനുംവേണ്ടി ഗവണ്മെന്റ് ഏറ്റവും പിന്തിരിപ്പനായ യുഎപിഎ നിയമം പാസ്സാക്കിയിരിക്കുകയാണ്. ഇതോടൊപ്പംതന്നെ, ഗവണ്മെന്റിന്റെ ഒത്താശയോടെ, വർഗ്ഗീയ വിഭാഗീയ ശക്തികൾ, യഥാർത്ഥ വിഷയങ്ങളിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി, ജനങ്ങളെ വർഗ്ഗീയമായും-ജാതീയമായും ചേരിതിരിവ് സൃഷ്ടിച്ച് വിഭജിക്കുന്നതിന് തീവ്രമായി പരിശ്രമിക്കുകയാണ്.

നിലവിലുള്ള 29 തൊഴിൽ നിയമങ്ങളെ റദ്ദാക്കി നാല് ലേബർ കോഡുകൾ പാസ്സാക്കിയിരിക്കുകയാണ്. ഈ കോഡുകളാകട്ടെ, തൊഴിലുടമാവർഗ്ഗത്തിനുവേണ്ടി, മുഴുവൻ തൊഴിൽ സാഹചര്യങ്ങളും തൊഴിൽ-ട്രേഡ് യൂണിയൻ അവകാശങ്ങളും തകർത്തുകളയുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗവണ്മെന്റ് ഒരു പടികൂടി കടന്ന് പ്രതിരോധ ഉൽപ്പാദന രംഗത്ത് കൂട്ടായ പ്രക്ഷോഭങ്ങളും പണിമുടക്ക് സമരങ്ങളും തടയുന്നതിനുവേണ്ടി പ്രതിരോധ വ്യവസായത്തെ ആവശ്യ സർവ്വീസായി പ്രഖ്യാപിക്കുകയും ഇത്തരത്തിലുള്ള നിരോധനങ്ങൾ പ്രതിരോധ ഉൽപ്പാദനവുമായി ബന്ധപ്പെട്ട വ്യവസായം എന്ന പേരുപറഞ്ഞ് ഏതു വിഭാഗം വ്യവസായങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഗവണ്മെന്റിനെ അധികാരപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഇത് യഥാർത്ഥത്തിൽ, അവരുടെ സ്വദേശ വിദേശ കോർപ്പറേറ്റ് യജമാനന്മാർക്ക് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനു വേണ്ടി(ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്) അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്കുമേൽ യഥാർത്ഥ അടിമത്തത്തിന്റെ സാഹചര്യം അടിച്ചേൽപ്പിക്കലല്ലാതെ മറ്റൊന്നുമല്ല. ട്രേഡ് യൂണിയനുകൾ ഉയർത്തിയ എതിർപ്പുകളെയെല്ലാം അവഗണിച്ച് ഏകപക്ഷീയമായിട്ടാണ് ഗവണ്മെന്റ് ലേബർ കോഡുകളുടെ ചട്ടങ്ങൾ തീരുമാനിച്ചത്. തൊഴിലവകാശങ്ങൾ ഹനിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവണ്മെന്റും പല സംസ്ഥാന ഗവണ്മെന്റുകളും കോഡുകളെപോലും കടത്തിവെട്ടുന്ന വിധത്തിലാണ് ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്.

ഇത്തരത്തിൽ സ്വേച്ഛാധിപത്യപരമായ കുതന്ത്രങ്ങളുമായി സാമ്പത്തികരംഗവും രാഷ്ട്രീയവ്യവസ്ഥയും ഭരണ സംവിധാനങ്ങളുമെല്ലാം മുന്നേറുമ്പോൾ, അദ്ധ്വാനിക്കുന്ന ജനങ്ങൾ അവരുടെ യോജിച്ചഇടപെടലുകൾക്ക് ആക്കം വർദ്ധിപ്പിച്ച് ജീവിത ഉപാധികൾക്കും തൊഴിലിനും നേരെയുള്ള ഈ ആക്രമണങ്ങളെയും, ഭയാനകമായ വിധത്തിൽ വർദ്ധിച്ചുവരുന്ന പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കുവാനും, ജനാധിപത്യത്തിനും ജനങ്ങളുടെ ഐക്യത്തിനും നേരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കുവാനും അതുവഴി നമ്മുടെ പ്രിയപ്പെട്ട രാജ്യത്തെ നാശത്തിൽനിന്ന് രക്ഷിക്കുവാനും മുന്നോട്ടുവരണം. കോർപ്പറേറ്റുകൾ ചലിപ്പിക്കുന്ന ഈ വിനാശകരമായ ഭരണത്തിന്നെതിരെയുള്ള സമരത്തിൽ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി നിർണ്ണായകവും നേതൃത്വപരവുമായ പങ്ക് വഹിക്കണം. 2022ൽ നടക്കുന്ന അസംബ്ലി തെരെഞ്ഞെടുപ്പിലും, 2024ലെ പാർലമെന്റ് തെരെഞ്ഞെടുപ്പിലും മത്സരിക്കുന്ന രാജ്യത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളോടും, എല്ലാ പൗരന്മാർക്കും തൊഴിലും ജീവിക്കുവാനുള്ള വേതനവും, സൗജന്യമായ വിദ്യാഭ്യാസത്തിനും ആരോഗ്യ പരിപാലനത്തിനുമുള്ള അവകാശവും ഭരണഘടനാപരമായ അവകാശമാക്കുമെന്ന് അവരുടെ മാനിഫെസ്റ്റോവിൽ ഉൾപ്പെടുത്തുവാനും അവർഅധികാരത്തിൽവരുമ്പോൾ അത് നിറവേറ്റുമെന്ന് ജനങ്ങളുടെ മുമ്പാകെ പ്രതിജ്ഞയെടുക്കുവാനും നമ്മൾ ആവശ്യപ്പെടണം. ജനങ്ങളുടെ പ്രതിസന്ധിയേക്കാൾ അടുത്ത കാലത്ത് നടന്ന ഉപതെരെഞ്ഞെടുപ്പുകളിൽ ഭരണകക്ഷിക്കേറ്റ തിരിച്ചടിയാണ് പെട്രോൾ ഡീസൽ വില പെട്ടെന്ന് കുറക്കുവാനുള്ള കാരണം. നമ്മുടെ ഡിമാന്റുകൾ വിശേഷിച്ചും താഴെ പറയുന്നവ ഉയർത്തിയുള്ള നമ്മുടെ പ്രക്ഷോഭങ്ങൾക്ക് ആക്കം വർദ്ധിപ്പിക്കണം.

1. ലേബർ കോഡുകൾ റദ്ദാക്കുക
2. കാർഷിക നിയമങ്ങളോടൊപ്പം വൈദ്യുതി ഭേദഗതി ബില്ലും പിൻവലിക്കുക.
3. ദേശീയ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ പദ്ധതി റദ്ദാക്കുക; ഒരു തരത്തിലുമുള്ള സ്വകാര്യവൽക്കരണവും അരുത്.
4. ആദായ നികുതിയുടെ പരിധിയിൽ പെടാത്ത മുഴുവൻ കുടുംബങ്ങൾക്കും ആശ്വാസധനമായി പ്രതിമാസം 7500 രൂപ യും ഭക്ഷണവും അനുവദിക്കുക.
5. തൊഴിലുറപ്പ് പദ്ധതി വിഹിതം വർദ്ധിപ്പിക്കുക; പദ്ധതി നഗര പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുക.
6. സാർവ്വത്രിക സാമൂഹിക സുരക്ഷ എല്ലാ അനൗപചാരിക തൊഴിലാളികൾക്കും ഏർപ്പെടുത്തുക.
7. ആശ, അംഗൻവാടി, ഉച്ചഭക്ഷണ തൊഴിലാളികൾക്ക് നിയമപരമായ മിനിമം വേതനവും സാമൂഹിക സുരക്ഷയും അനുവദിക്കുക.
8. മഹാവ്യാധിയിൽ ജനങ്ങൾക്ക് മുൻനിര സേവനങ്ങൾ നല്കുന്ന തൊഴിലാളികൾക്ക് മതിയായ സംരക്ഷണവും ഇൻഷൂറൻസ് സുരക്ഷയും ഏർപ്പെടുത്തുക.
9. ദേശീയ സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുംവേണ്ടി സമ്പന്നരുടെമേൽ നികുതി (സ്വത്ത് നികുതി) ചുമത്തി കൃഷി, വിദ്യാഭ്യാസം, ആരോഗ്യം പോലുള്ള പൊതുസേവന രംഗങ്ങൾക്കുള്ള പൊതുനിക്ഷേപം വർദ്ധിപ്പിക്കുക.
10. പെട്രോളിയം ഉൽപ്പന്നങ്ങളുടെമേലുള്ള കേന്ദ്ര എക്സൈസ് നികുതി കുറക്കുവാനും വില വർദ്ധനവ് തടയുവാനുമുള്ള പരിഹാര നടപടികൾ സ്വീകരിക്കുക.

ഇവയോടൊപ്പം, കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സ്വതന്ത്ര ഫെഡറേഷനുകളുടെയും/അസോസിയേഷനുകളുടെയും സംയുക്ത വേദി മുൻപ് ഉയർത്തിയിട്ടുള്ള ഡിമാന്റുകളുംകൂടി ഉയർത്തിക്കൊണ്ട് 2022 മാർച്ച് 28, 29 തീയതികളിൽ രാജ്യവ്യാപകമായി ദ്വിദിന പൊതുപണിമുടക്ക് നടക്കുകയാണ്. പൊതുപണിമുടക്ക് ഒരു വൻവിജയമാക്കുവാൻ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളും പൊതുജനങ്ങളും മുന്നോട്ടുവരണമെന്നും, ഇപ്പോൾ നടന്നുവരുന്ന യോജിച്ച പ്രക്ഷോഭത്തിന് ആക്കം വർദ്ധിപ്പിച്ച് ജനങ്ങളെയും രാജ്യത്തെയും രക്ഷിക്കണമെന്നും തൊഴിലാളികളുടെ ദേശീയ കൺവൻഷൻ ആഹ്വാനം ചെയ്തു. ■

# ചൂഷിത ജനത അവകാശങ്ങൾക്കായി പോരാടുന്നത് സമയം പാഴാക്കലല്ല: പ്രധാന മന്ത്രിക്കുള്ള മറുപടി

"നമ്മുടെ രാജ്യത്തെ ജനങ്ങൾ, അവകാശങ്ങളെ കുറിച്ച് സംസാരിക്കുകയും, അതിനായി പോരാടുകയും ചെയ്ത് സമയം കളയുന്ന തിരക്കിലാണ്...ഒരു വ്യക്തി തന്റെ കടമകൾ മറക്കുന്നത് രാജ്യത്തെ ദുർബലപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കും." എന്ന് ബിജെപിക്കാരനായ നമ്മുടെ പ്രധാനമന്ത്രി നരേന്ദ്രമോദി വിലപിക്കുകയുണ്ടായി. 'ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ' പ്രധാനമന്ത്രിയുടെ ഈ പ്രസ്താവനയെ വിമർശിച്ചുകൊണ്ട് ഡെക്കാൻ ഹെറാൾഡിന്റെ എഡിറ്റോറിയൽ (ബാംഗ്ലൂർ 26.01.2022) ഇങ്ങിനെ നിരീക്ഷിച്ചു: "...പൗരന്മാരും ഭരണകൂടവും തമ്മിലുള്ള സാമൂഹിക കരാറിന്റെ അടിസ്ഥാനം നിർവചിക്കുന്നതാണ് ഭരണഘടന. രാജ്യത്തെ ജനങ്ങളായ നമ്മൾ ഭരണഘടനയും അതുവഴി മൗലികാവകാശങ്ങളും എല്ലാ പൗരന്മാർക്കുമായി സമർപ്പിച്ചു. ഈ അവകാശങ്ങളാണ് രാജ്യത്തെ ജനങ്ങളെ ഒരു ബ്രിട്ടീഷ് കോളനിയിലെ പ്രജകളിൽനിന്ന് വ്യത്യസ്തമായി ഒരു പരമാധികാര റിപ്പബ്ലിക്കിലെ പൗരന്മാരാക്കി മാറ്റിയത്... ഈ അവകാശങ്ങൾ ഭരണഘടനയുടെ കാതലാണ്..."

'അടിസ്ഥാന കടമകൾ' എന്ന വകുപ്പ് ഉൾപ്പെടുത്തിയത് സ്വതന്ത്ര ഇന്ത്യയുടെ ഒരു ഇരുണ്ട കാലയളവിൽ, അതായത് അടിയന്തരാവസ്ഥക്കാലത്ത്, 1976ലെ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് സർക്കാരാണ്. "അത് ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളുടെ ഭാഗമല്ല, മൗലികാവകാശങ്ങൾപോലെ ന്യായീകരിക്കാവുന്നതും നടപ്പിലാക്കേണ്ടതുമല്ല." ഇന്ദിരാഗാന്ധിയുടെ ഭരണവും മോദിയുടെ ഭരണവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ജനങ്ങളുടെ ഭാഗത്തുനിന്ന് നോക്കുകയാണെങ്കിൽ, ഒരു വ്യത്യാസവും ശ്രദ്ധിക്കപ്പെടില്ല. പകരം, അടിച്ചമർത്തലിന്റെയും മർദ്ദനത്തിന്റെയും ആക്കം വർദ്ധിപ്പിച്ചുകൊണ്ട് ഇന്ദിരാഗാന്ധിയുടെ ഭരണത്തിന്റെ പൈതൃകം വിശ്വസ്തതയോടെ നിലവിലെ ബിജെപി സർക്കാർ തുടരുകയാണെന്ന് തോന്നിപ്പിക്കുന്നു. എന്തുകൊണ്ടാണിത്? കാരണം, രണ്ട് സർക്കാരുകളും ഭരിച്ചതും ഭരിക്കുന്നതും കുത്തക മുതലാളിമാർക്കും മുതലാളിത്ത ഭരണകൂടത്തിനും കീഴ്‌വഴങ്ങിയാണ്. മുതലാളിത്തം അതിന്റെ ഇന്നത്തെ ശോച്യാവസ്ഥയിൽ എത്രമേൽ പ്രതിസന്ധിയിലായിരിക്കുന്നുവോ, അത്രമേൽ തീവ്രമായി, അധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ചൂഷണം ചെയ്യുന്നു. അവരുടെ വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും ദുരിതത്തിന്റെയും യഥാർത്ഥ കാരണങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്നതിനും ജനങ്ങളിൽ കുമിഞ്ഞുകൂടിയ രോഷം അണപൊട്ടിയൊഴുകുന്നതിനെ സാധ്യമായ പരിധിവരെ തടയുന്നതിനും, ബൂർഷ്വാ സർക്കാരുകൾ, കോൺഗ്രസിന്റെയോ ബിജെപിയോ ആകട്ടെ, വഞ്ചനാപരമായ മുദ്രാവാക്യങ്ങൾ മെനഞ്ഞെടുക്കുന്നു. 'ഗരീബി ഹഠാവോ' (ദാരിദ്ര്യ നിർമ്മാർജ്ജനം), 'സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റി' (സോഷ്യലിസ്റ്റ് സാമൂഹികക്രമം), 'ഡെമോക്രാറ്റിക് സോഷ്യലിസം' (ജനാധിപത്യ സോഷ്യലിസം) തുടങ്ങിയ മുദ്രാവാക്യങ്ങൾ ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് നമ്മൾ കേട്ടിട്ടുണ്ട്. നരേന്ദ്രമോദിജി, യഥാർത്ഥത്തിൽ, സാഹചര്യം മാറുന്നതിനനുസരിച്ച് പുതിയ മുദ്രാവാക്യങ്ങൾ ഉയർത്തുന്നത് ഒരു ആചാരപരമായ ശീലമാക്കിയിരിക്കുന്നു. ആദ്യം "അച്ഛേ ദിൻ"(നല്ല ദിനങ്ങൾ), പിന്നെ "സ്വച്ഛ് ഭാരത്"(ക്ലീൻ ഇന്ത്യ), തുടർന്ന് "സാബ് കേ സാത്ത്, സാബ് കേ വികാസ്"(എല്ലാവർക്കുമൊപ്പം എല്ലാവരുടെയും വികസനം), "ആത്മനിർഭർ ഭാരത്"(സ്വയം പര്യാപ്ത ഭാരതം), "മേക്ക് ഇൻ ഇന്ത്യ"(ഇൻഡ്യയിൽ നിർമ്മിക്കുക), "അമൃത് മഹോത്സവ്"(മഹത്തായ അമൃതോത്സവം), "അമൃതകാൽ"(അമൃതിന്റെ കാലഘട്ടം), "ഗതി ശക്തി"(വേഗത്തിന്റെ ശക്തി) അങ്ങനെ പോകുന്നു. എന്നാൽ, വഞ്ചനാപരമായ മുദ്രാവാക്യങ്ങളുടെ അറപ്പുളവാക്കുന്ന വശം മറച്ചുവെക്കാനുള്ള ഏറ്റവും നല്ല മാർഗം പ്രവർത്തന രാഹിത്യത്തിന്റെ ഉത്തരവാദിത്വം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണെന്ന് ഇപ്പോൾ ബിജെപി സർക്കാർ കണ്ടെത്തിയിരിക്കുന്നു. അതിനാലാണ്, 'ഇന്ത്യയുടെ ബലഹീനത'യുടെ കാരണം ജനങ്ങൾ സ്വന്തം ഉത്തരവാദിത്തങ്ങളെ അവഗണിക്കുന്നതാണ് എന്ന ആരോപണം മുന്നോട്ട് വെച്ചിരിക്കുന്നത്. അപാരംതന്നെ!

### പിന്തിരിപ്പൻ മുതലാളിത്ത സേവകർ ജനങ്ങളെ കബളിപ്പിക്കുന്നു

എന്തിനാണ് ബിജെപിയും കോൺഗ്രസും മറ്റ് വിശ്വസ്തരായ സേവകരും ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുന്നത്? അത് മനസ്സിലാക്കാൻ, മഹാന്മാരായ മാർക്സും എംഗൽസും ലെനിനും നൽകിയ സാമൂഹിക വികാസ ചരിത്രത്തിന്റെ തെളിയിക്കപ്പെട്ട ശാസ്ത്രീയ വിശകലനം നോക്കേണ്ടതുണ്ട്. മുതലാളിത്തത്തിന്റെ ആവിർഭാവകാലത്ത്, കാലഹരണപ്പെട്ട പിന്തിരിപ്പൻ ജന്മിത്തത്തെ അട്ടിമറിച്ച്, വളർന്നുവന്ന മുതലാളിവർഗ്ഗം ചരിത്രപരമായി പുരോഗമനപരം മാത്രമായിരുന്നില്ല, സ്വഭാവത്തിലും വിപ്ലവാത്മകമായിരുന്നു എന്ന് മാർക്സ് കാണിച്ചുതന്നു. അത് സമൂഹത്തെ എല്ലാ മേഖലകളിലും മുന്നോട്ട് നയിച്ചു. നവോത്ഥാന കാലഘട്ടം, ഇരുണ്ട മധ്യകാലഘട്ടത്തിൽനിന്ന് പ്രബുദ്ധതയിലേക്കുള്ള പ്രയാണത്തിന്റെ ഘട്ടമായിരുന്നു. "വ്യക്തി സ്വാതന്ത്ര്യം", "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം", "സ്ത്രീ വിമോചനം" എന്നീ മുദ്രാവാക്യങ്ങൾ അന്തരീക്ഷത്തിൽ അലയടിച്ചു. അത് ചരിത്രത്തിലെ ഒരു പുതിയ യുഗത്തിന്റെ ഉദയമായിരുന്നു. ഫ്യൂഡൽ അടിമത്തത്തിൽനിന്നുള്ള, സ്വാതന്ത്ര്യത്തിനും പുരോഗതിക്കും വേണ്ടിയുള്ള സാമൂഹിക ത്വരയെ അത് പ്രതിഫലിപ്പിച്ചു.

ഫ്യൂഡൽപ്രഭുക്കന്മാരിൽനിന്നും രാജവാഴ്ചയിൽ നിന്നും ഉൽപ്പാദന ഉപാധികളുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിനും, നിലവിലുള്ള വിശ്വാസങ്ങളെ വിമർശനത്തിന് വിധേയമാക്കി ഉയർന്നുവന്ന ശാസ്ത്രത്തിന്റെയും മെക്കാനിക്സിന്റെയും വികസനത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഫാക്ടറികളിൽ ജോലി ചെയ്യാൻ 'സ്വതന്ത്ര തൊഴിലാളികൾ' ആവശ്യമായിരുന്നു. അതിന് അനുപൂരകമായി, അത് വ്യക്തി സ്വാതന്ത്ര്യത്തിന്റെയും ഫ്യൂഡൽ അടിമത്തത്തിൽനിന്നുള്ള സ്ത്രീകളുടെ സ്വാതന്ത്ര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തി. എന്നാൽ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുതിൽനിന്ന് ആയിരുന്നില്ല ഈ സ്വാതന്ത്ര്യം, മറിച്ച്, മഹാനായ കാൾ മാർക്സ് ഉജ്ജ്വലമായി വിവരിച്ചതുപോലെ മുതലാളിത്തത്തിൽ മൂലധനം അധ്വാനത്തെ ചൂഷണം ചെയ്യുന്ന ഒരു പുതിയ രൂപത്തിൽ അത് അവതരിച്ചു.വികാസത്തിന്റെ പാതയിൽ, മുതലാളിത്തം കുത്തക മുതലാളിത്തവും പിന്നീട്, അതിന്റെ ഏറ്റവും ഉയർന്ന ഘട്ടമായ സാമ്രാജ്യത്വവും ആയി. ഒരിക്കൽ ബൂർഷ്വാസി ജന്മിത്തത്തെ കുഴിച്ചുമൂടി പകരം മുതലാളിത്തം സ്ഥാപിച്ചതുപോലെ, ഇന്ന് തൊഴിലാളിവർഗ്ഗമായിരിക്കും മുതലാളിത്തത്തിന്റെ ശവക്കുഴി തോണ്ടി, മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്നത് ഇല്ലാതാകുന്ന സോഷ്യലിസം സ്ഥാപിക്കുക.

### ഫാസിസത്തിന്റെ ലക്ഷണങ്ങൾ

തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള അനിവാര്യമായ മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ തടയുതിനുള്ള അവസാന ശ്രമമെന്ന നിലയിൽ, മുതലാളിവർഗ്ഗം ഫാസിസത്തെ കൂടുതൽ കൂടുതൽ ആശ്രയിക്കുകയാണെന്ന് പ്രമുഖ മാർക്സിസ്റ്റ് ചിന്തകനും എസ്‌യുസിഐ (സി)യുടെ സ്ഥാപകനുമായ സഖാവ് ശിബ്ദാസ് ഘോഷ് വിശദീകരിച്ചു. ഇനിപ്പറയുന്നവ ഫാസിസത്തിന്റെ സവിശേഷതകളാണ്.

(1) മറ്റുള്ളവരെ മത്സരത്തിൽ നിന്ന് പുറത്താക്കി, ചുരുക്കം ചിലരുടെ കൈകളിൽ സമ്പത്തിന്റെ കേന്ദ്രീകരണം നടക്കുന്നു.

(2) പാർലമെന്റ്, ഭരണനിർവ്വഹണം, ജുഡീഷ്യറി എന്നിവയെ കുത്തകകൾക്ക് അധീനപ്പെടുത്തിക്കൊണ്ട് അവർക്ക് പാദസേവ ചെയ്യുന്ന ഏതാനും ചിലരുടെ കൈകളിൽ രാഷ്ട്രീയ അധികാരം കേന്ദ്രീകരിക്കുന്നു.

(3) ശാസ്ത്രത്തിന്റെ സാങ്കേതിക വശങ്ങളും ആത്മീയവാദവും തമ്മിലുള്ള സവിശേഷമായ സംയോജനത്തിലൂടെ സാംസ്കാരിക മണ്ഡലത്തെ ചിട്ടപ്പെടുത്തിയെടുക്കുന്നു.

അങ്ങനെ ബൂർഷ്വാ ജനാധിപത്യത്തിന്റെ ആണിക്കല്ലുകളായിരുന്ന വ്യക്തിസ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും വലിച്ചെറിയപ്പെട്ടു. മുതലാളിത്തം അതിന്റെ പ്രതാപകാലത്ത്, സ്വാതന്ത്ര്യത്തോട് കൂടുതൽ ബന്ധപ്പെട്ടിരുന്നു, അതേസമയം അതിന്റെ മരണാസന്നഘട്ടത്തിൽ അത് സൈനികമേധാവിത്വത്തോടും, ഉദ്യോഗസ്ഥമേധാവിത്വത്തോടും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മഹാനായ ലെനിൻ ഒരിക്കൽ പറഞ്ഞു.

### ഇന്ത്യൻ സാഹചര്യം

ലോക സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ പ്രതിസന്ധി ഘട്ടത്തിൽ ഇന്ത്യൻ മുതലാളിത്തത്തിന്റെ ദൃഢീകരണത്തിന് അടിത്തറ പാകിയതും അതിന്റെ വിശാലവും ദ്രുതഗതിയിലുമുള്ള വികസനത്തിന് നടപടികളെടുത്തതും, തീർച്ചയായും ബൂർഷ്വാസിയുടെ വിശ്വസ്ത പ്രതിനിധി എന്നനിലയിൽ ഭരണകക്ഷിയായ കോൺഗ്രസാണ്. 1970കളുടെ മധ്യത്തിൽ, നിരവധി പ്രശ്നങ്ങൾ പൊതുജനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വരികയും, അത് ഇന്ദിരാഗാന്ധിയുടെ വ്യക്തി പ്രഭാവത്തിന് മങ്ങലേൽപ്പിക്കുകയും ചെയ്തപ്പോൾ, രാജ്യത്തുടനീളമുള്ള ആളുകൾ ഒരേസമയം പ്രക്ഷോഭങ്ങളിലേർപ്പെട്ടു. അപ്പോഴാണ് കോൺഗ്രസ് സർക്കാർ അടിയന്തരാവസ്ഥയ്ക്ക് മുതിരുകയും ജനങ്ങളുടെ മിക്ക പൗരാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും കവർന്നെടുക്കുകയും ചെയ്തത്. കൃത്യമായി ഈ സമയത്താണ്. ജനാധിപത്യ തത്വങ്ങളുടെ ഈ നഗ്നമായ ലംഘനം അംഗീകരിക്കാൻ ജനങ്ങൾ വിസമ്മതിക്കുകയും ഇന്ദിരയുടെ ഭരണത്തിനെതിരായ പോരാട്ടം ഉയർത്തുകയും ചെയ്തപ്പോൾ, ഭരണ കുത്തകകൾ അപകടം മനസ്സിലാക്കുകയും കോൺഗ്രസിന് ഒരു ബൂർഷ്വാ ബദൽ അവതരിപ്പിക്കാൻ നിർബന്ധിതരാവുകയും ചെയ്തു. അങ്ങനെയാണ് ജനസംഘം ഘടകകക്ഷിയായ ജനതാ പാർട്ടി രൂപീകരിച്ചത്. അതിനുശേഷമുള്ള കാലയളവിൽ കേന്ദ്രത്തിലെ ഭരിക്കുന്ന പാർട്ടിയെ അല്ലെങ്കിൽ കൂട്ടുകെട്ടിനെ ഇടയ്ക്കിടെ മാറ്റിയും മറിച്ചും, വളവും തിരിവും നിറഞ്ഞ യാത്രയ്ക്കൊടുവിൽ കുത്തകകളുടെ വർഗ്ഗ താൽപ്പര്യം നിറവേറ്റാൻ ഏറ്റവും അനുയോജ്യമായ പാർട്ടിയായി ബിജെപി ഉയർന്നുവന്നു.

### ബിജെപി സർക്കാരിന്റെ ഭരണത്തിൽ ധനികർ കൂടുതൽ ധനികരായി

- മഹാമാരി സമയത്ത് ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്ന് 143 ആയി ഉയർന്നു.
- 2021ൽ 100 അതിസമ്പരായ ഇന്ത്യക്കാരുടെ കൂട്ടായ സമ്പത്ത് 57.3 ലക്ഷം കോടി രൂപ എന്ന റെക്കോർഡ് ഉയരത്തിലെത്തി.
- മഹാമാരി സമയത്ത് (മാർച്ച് 2020–30 നവംബർ, 2021) ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ സമ്പത്ത് 23.1 ലക്ഷം കോടി രൂപയിൽനിന്ന് 53.2 ലക്ഷം കോടി രൂപയായി ഉയർന്നു. അതായത്, ഇരട്ടിയിലേറെയായി.
- 142 ഇന്ത്യൻ ശതകോടീശ്വരന്മാർക്ക് (719 ബില്യൺ ഡോളർ) 555 ദശലക്ഷം (താഴെ തട്ടിലെ 40%) ആളുകളേക്കാൾ (657 ബില്യൺ ഡോളർ) കൂടുതൽ സമ്പത്തുണ്ട്.
- 98 സമ്പന്നർക്ക് (657 ബില്യൺ ഡോളർ) ദരിദ്രരായ 555 ദശലക്ഷം ആളുകൾക്ക് തുല്യമായ സമ്പത്തുണ്ട്.
- ഇന്ത്യയിലെ ഏറ്റവും സമ്പന്നരായ 10 ശതകോടീശ്വരന്മാരിൽ ഓരോരുത്തരും പ്രതിദിനം 1 മില്യൺ ഡോളർ (7.5 കോടി രൂപ) ചെലവഴിക്കുകയാണെങ്കിൽ, അവരുടെ സമ്പത്ത് തീരാൻ 84 വർഷമെടുക്കും.
- മഹാമാരി സമയത്ത് ഇന്ത്യൻ ശതകോടീശ്വരന്മാരുടെ കൂട്ടായ സമ്പത്ത് ഇരട്ടിയിലധികമായി.
- ശതകോടീശ്വരന്മാരുടെ എണ്ണം 39% വർദ്ധിച്ചു.

### ദരിദ്രർ കൂടുതൽ ദരിദ്രരായി

- 2020ൽ 4.6 കോടി ഇന്ത്യക്കാർ കടുത്ത ദാരിദ്ര്യത്തിലേക്ക് തള്ളിവിടപ്പെട്ടു (ഈ കണക്ക് ലോകത്ത് ആകെയുള്ള 'പുതിയ' ദരിദ്രരുടെ പകുതിയാണ്!)
- 2021ലെ സിഎംഐഇ സർവേപ്രകാരം 84% കുടുംബങ്ങൾ വരുമാനത്തിൽ ഇടിവ് നേരിട്ടു.
- കോവിഡ് മഹാമാരിക്ക് മുമ്പുതന്നെ, ലോകത്തെ ദാരിദ്ര്യരുടെ 60% ഇന്ത്യയിലായിരുന്നു. 23 കോടിയിലധികംപേർ ഇന്ത്യയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്.
- ആഗോള പട്ടിണി സൂചികയിൽ 107 രാജ്യങ്ങളിൽ 94-ാം സ്ഥാനത്താണ് ഇന്ത്യ.
- മഹാമാരി ലിംഗസമത്വത്തെ 99 വർഷത്തിൽനിന്ന് 135 വർഷമായി പിന്നോട്ടടിച്ചു.

(ശേഷം 11–ാം പേജിൽ)

# ബൂർഷ്വാ ജനാധിപത്യത്തിന്റെ ആണിക്കല്ലുകളായ വ്യക്തിസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും പിഴുതെറിയപ്പെടുന്നു

(10-ാം പേജിൽ നിന്ന്)

● 2020ൽ സ്ത്രീകൾക്ക് മൊത്തത്തിൽ 59.1 ലക്ഷം കോടി രൂപയുടെ വരുമാനം നഷ്ടപ്പെട്ടു.

● 2019നെ അപേക്ഷിച്ച് 1.3 കോടി സ്ത്രീകൾക്കുകൂടി ജോലി നഷ്ടപ്പെട്ടു.

● തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ 45 വർഷത്തെ ഏറ്റവും ഉയർന്ന നിലയിലെത്തി. നമ്മുടെ പാർട്ടി മുഖപത്രമായ *പ്രോലിറ്റേറിയൻ ഇറാ*യുടെ മുൻ ലക്കങ്ങളിൽ ജനങ്ങൾ നേരിടുന്ന സാമ്പത്തിക ദുരിതങ്ങളും രാഷ്ട്രീയ അടിച്ചമർത്തലുകളും വിശദീകരിക്കുന്ന നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അടുത്തിടെ സമാഹരിച്ച ഈ ഡാറ്റയെല്ലാം, കാണിക്കുന്നത് ഇന്ത്യ "അമൃത കാലത്തിൽ" എത്തിയെന്നാണോ, അതോ അതിവേഗം നാശത്തിന്റെ പടുകുഴിയിലേക്ക് കൂപ്പുകുത്തുയെന്നാണോ എന്ന് പ്രധാനമന്ത്രി സാറിനോട് ഞങ്ങൾ വിനയപൂർവ്വം ചോദിക്കുന്നു. സമ്പന്നർ സമൂഹത്തിന്റെ എല്ലാ സമ്പത്തും പദവികളും അനുഭവിക്കുമ്പോൾ പാവപ്പെട്ടവർ ജീവിക്കാനുള്ള അവകാശം ചോദിക്കുന്നത് കുറ്റമാണോ? കഴിവുറ്റ, തൊഴിൽ രഹിതരായ യുവാക്കൾ ജോലി നേടണമെന്ന് ആഗ്രഹിക്കുന്നത് വെറുപ്പുണ്ടാക്കുംവിധം അന്യായമാണോ? സാധാരണക്കാർക്ക് വാങ്ങാൻ കഴിയുന്ന രീതിയിൽ അവശ്യസാധനങ്ങളുടെ വില കുറയ്ക്കണമെന്ന ആവശ്യം എങ്ങനെയാണ് അതിരുകടന്നതാകുന്നത്? മഹാമാരി സമയത്ത് രാജ്യത്തെ ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ ദൗർബല്യവും അപര്യാപ്തതയും നന്നായി തുറന്നുകാട്ടപ്പെട്ടു. എന്നാൽ യൂണിയൻ ബജറ്റിൽ ഓരോ വർഷവും ആരോഗ്യത്തിനുള്ള വിഹിതം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആരോഗ്യ മേഖലയുടെ ചെലവ് ജിഡിപിയുടെ 1.2–1.6% എന്ന വളരെ താഴ്ന്ന നിലയിൽ തുടരുകയും കഴിഞ്ഞ 22 വർഷത്തിനിടെ 0.09% മാത്രം വർധിക്കുകയും ചെയ്തു. അപ്പോൾ സൗകര്യപ്രദമായി പോകാൻ സാധിക്കുന്ന ആശുപത്രികളിൽനിന്നും സൗജന്യമായോ, കുറഞ്ഞ ചെലവിലോ ആരോഗ്യപരിരക്ഷ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്നത് ആഡംബരമാണോ? വിദ്യാഭ്യാസച്ചെലവ് ജിഡിപിയുടെ വെറും 3% മാത്രമാണ്. കഴിഞ്ഞ 18 വർഷത്തിനിടെ 0.07% മാത്രമാണ് വർധിച്ചത്. ആരോഗ്യ സംരക്ഷണംപോലെതന്നെ, പൊതു സർവ്വകലാശാലകളെയും സ്വകാര്യവൽക്കരിക്കുന്നതിനായി സർക്കാർ നിയന്ത്രണം ഉപയോഗിക്കുന്നു. സർവ്വകലാശാലകൾക്കുള്ള സർക്കാർ ഫണ്ടുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. സ്കൂൾ കൊഴിഞ്ഞുപോക്ക് വർധിക്കുമ്പോൾ, പര്യാപ്തമല്ലാത്ത വിദ്യാർത്ഥി–അധ്യാപക അനുപാതം വിദ്യാഭ്യാസ നിലവാരം താഴ്ത്തുന്നു, ഗ്രാമങ്ങളിലെയും അർദ്ധ നഗരങ്ങളിലെയും മിക്ക സ്കൂളുകളും ശോച്യാവസ്ഥയിൽ ആയിരിക്കുന്നു. പല സ്കൂളുകളും തകർന്നടിയുന്നു. അഭിലഷണീയമായ, ശാസ്ത്രീയവും മതേതരവും ജനാധിപത്യപരവുമായ ഉള്ളടക്കമില്ലാതെ സിലബസ് രൂപപ്പെടുത്തി വിദ്യാഭ്യാസത്തിന്റെ സത്ത ഇല്ലാതാക്കുന്നു. ഈ അവസരത്തിൽ, എല്ലാവർക്കും ശരിയായ വിദ്യാഭ്യാസത്തിനുള്ള അവകാശം ആവശ്യപ്പെടുന്നത് മണ്ടത്തരമാണോ?

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ ഭയാനകമാം വിധം വർദ്ധിച്ചുവരികയാണ്. ബലാത്സംഗങ്ങൾ, കൂട്ടബലാത്സംഗങ്ങൾ, കൊലപാതകങ്ങൾ, പീഡനങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീധന മരണങ്ങൾ, ദുരഭിമാനക്കൊലകൾ, ഗാർഹിക പീഡനങ്ങൾ, പെൺഭ്രൂണഹത്യകൾ,ശിശുഹത്യകൾ എന്നിവ ഭയാനകമായി വർധിച്ചുവരികയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാനും സുരക്ഷിതമായ ജീവിതമാർഗത്തിനുള്ള സ്ത്രീകളുടെ അവകാശം സംരക്ഷിക്കാനും ഉചിതമായ നടപടികൾ വേണമെന്ന ആവശ്യം അപരിഷ്കൃതമാണോ മിസ്റ്റർ പ്രധാനമന്ത്രി? കഴിഞ്ഞ രണ്ട് വർഷമായി കൊവിഡ് മഹാമാരിയും സമ്പദ്‌വ്യവസ്ഥയും തൊഴിലാളി വർഗത്തിന്റെയും അനാഥരായ കുടിയേറ്റ തൊഴിലാളികളുടെയും കർഷകരുടെയും ജീവിതത്തെ എങ്ങനെ തകർത്തുവെന്ന് ലോകം മുഴുവൻ തിരിച്ചറിയുന്നുണ്ട്. ഈ ദുരിതമനുഭവിക്കുന്ന ഈ ദശലക്ഷക്കണക്കിന് ആളുകൾക്ക് ഉചിതമായ നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ഒരു വിശേഷാവകാശമാണോ പ്രധാനമന്ത്രി സാർ?

മൂന്ന് കാർഷിക നിയമങ്ങളും അത്യന്തം വിനാശകരമായ വൈദ്യുതി(ഭേദഗതി) ബിൽ 2021 ഉം പിൻവലിക്കണമെന്നും, താങ്ങുവില നിയമവിധേയമാക്കണമെന്നും കാർഷികമേഖലയുടെ കോർപ്പറേറ്റ് ഏറ്റെടുക്കൽ തടയണമെന്നുമുള്ള ആവശ്യങ്ങളുമായി ലക്ഷക്കണക്കിന് കർഷകരും, വൃദ്ധരും, യുവാക്കളും, പുരുഷന്മാരും, സ്ത്രീകളും, എല്ലാ പ്രതിബന്ധങ്ങളെയും ബലപ്രയോഗത്തെയും അതിജീവിച്ച്, ഡൽഹിയുടെ അതിർത്തികൾ കൈവശപ്പെടുത്തുകയും, 700ലധികം ജീവൻ ബലിയർപ്പിക്കുകയും ചെയ്തപ്പോൾപ്പോൾ, ആ ജീവന്മരണ പോരാട്ടത്തെ 'ഭീകരവാദം', 'വിദേശ ശക്തികൾ സ്പോൺസർ ചെയ്ത അസ്വസ്ഥത', 'ദേശവിരുദ്ധം', 'നീതിരഹിതം' എന്നിങ്ങനെയൊക്കെ വിശേഷിപ്പിക്കാമോ?

പ്രധാനമന്ത്രി സാർ, താങ്കളും, താങ്കളുടെ പാർട്ടിയും വളരെ പവിത്രമെന്ന് കരുതുന്ന ഭരണഘടന, ജീവിക്കാനുള്ള അവകാശം, മതവിശ്വാസത്തിനുള്ള അവകാശം, ന്യൂനപക്ഷ സംരക്ഷണം എന്നിവ വ്യക്തമായ നിബന്ധനകളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിന്റെ ചാർട്ടർ ഓഫ് ഡ്യൂട്ടിയിൽ പറഞ്ഞിരിക്കുന്ന ലക്ഷ്യങ്ങളെ നിങ്ങളുടെ ഗവൺമെന്റ് ശരിക്കും ഉയർത്തിപ്പിടിക്കുന്നുണ്ടോ? ഇതിനുത്തരം ഇല്ല എന്നുതന്നെയാണ്. ന്യൂനപക്ഷങ്ങളെ കൊല്ലാൻ പരസ്യമായി ആഹ്വാനം ചെയ്തും, മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും പിന്നാക്കക്കാരെയും ദളിതരെയും തല്ലിക്കൊന്നും, അവരുടെ വീടുകളും സ്വത്തുക്കളും ആരാധനാലയങ്ങളും നശിപ്പിച്ചും, വർഗീയഭ്രാന്ത് വളർത്തിയും, വർഗീയ–വംശീയ കലാപത്തിന് പ്രേരിപ്പിച്ചും, സംഘപരിവാർ ആ ഭരണഘടനാ വ്യവസ്ഥകൾ നഗ്നമായി ലംഘിക്കുകയാണ്. നിങ്ങളുടെ സർക്കാർ വെറും കാഴ്ചക്കാരല്ല, മറിച്ച്, ന്യൂനപക്ഷങ്ങൾക്കും, പ്രത്യേകിച്ച് മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും

(ശേഷം 12–ാം പേജിൽ)

# മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഹിപ്പൊക്രറ്റിക് പ്രതിജ്ഞയ്ക്കുപകരം 'ചരക ശപഥം' കൊണ്ടുവരാനുള്ള നീക്കം ഉപേക്ഷിക്കുക

**ആ**തുരസേവന രംഗത്തേയ്ക്ക് പ്രവേശിക്കുന്ന മെഡിക്കൽ ബിരുദധാരികൾ തങ്ങൾ വൈദ്യശാസ്ത്രത്തിന്റെ മൂല്യങ്ങളും നൈതികതയും ഉയർത്തിപ്പിടിച്ചുകൊണ്ട് സമർപ്പിതമായിപ്രവർത്തിക്കുമെന്ന പ്രഖ്യാപനമാണ് ഹിപ്പൊക്രറ്റിക് പ്രതിജ്ഞയിലൂടെ ചെയ്യുന്നത്. പ്രാചീന ഗ്രീസിലെ പ്രമുഖ ഭിഷഗ്വരനായിരുന്ന ഹിപ്പോക്രറ്റസിന്റെ പേരിൽ അറിയപ്പെടുന്ന ഈ പ്രതിജ്ഞ രാജ്യങ്ങളുടെ അതിർവരമ്പുകളില്ലാതെ ലോകവ്യാപകമായി മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കലാകാലങ്ങളായി അനുവർത്തിച്ച് പോരുന്നതാണ്. ഹിപ്പോക്രറ്റസിനെ ഗ്രീസ് എന്ന രാജ്യത്തിന്റെ പ്രതിനിധിയായല്ല, മറിച്ച് വൈദ്യശാസ്ത്ര രംഗത്ത് അതുല്യമായ സംഭാവനകൾ നൽകിയ മഹാനായ ഭിഷഗ്വരനായാണ് ആധുനിക വൈദ്യശാസ്ത്രം കാണുന്നത്. ഹിപ്പൊക്രറ്റിക് പ്രതിജ്ഞയാകട്ടെ അതിന്റെ പ്രാചീന രൂപത്തിലല്ല ഇപ്പോൾ നിലനിൽക്കുന്നത്. ആധുനിക വൈദ്യശാസ്ത്രത്തിലെ വികാസത്തെ ഉൾക്കൊണ്ടും സാമൂഹ്യ സാഹചര്യങ്ങളിൽ വന്ന മാറ്റങ്ങൾക്കനുസരിച്ചും വേൾഡ് മെഡിക്കൽ അസോസിയേഷൻ 1948 മുതൽ ഏഴ് പ്രാവശ്യം ഹിപ്പൊക്രറ്റിക് പ്രതിജ്ഞ പരിഷ്കരിച്ചിരുന്നു. ജനീവ പ്രഖ്യാപനങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന ഈ പരിഷ്കരണങ്ങൾ 2017ൽ ആണ് അവസാനമായി നടന്നത്. ഇപ്പോൾ നിലനിൽക്കുന്ന ഹിപ്പൊക്രറ്റിക് പ്രതിജ്ഞ നവോത്ഥാന മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും മതേതരവും സാർവ്വലൗകിക കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നതുമാണ്. ജാതി, മതം, ലിംഗം, പ്രായം, വംശം, രാഷ്ട്രീയം, സമൂഹത്തിലെ സ്ഥാനം എന്നിവയെല്ലാം അതീതമായി, മനുഷ്യജീവന് അങ്ങേയറ്റം വിലകൽപ്പിച്ചുകൊണ്ട് ഏതൊരു രോഗിക്കും ചികിത്സ നൽകാൻ ഒരു ഡോക്ടർ തയ്യാറാകണമെന്നും അയാൾ തന്റെ ജീവിതം മനുഷ്യരാശിയെ സേവിക്കുന്നതിനായി സമർപ്പിക്കണമെന്നും നിഷ്കർഷിക്കുന്നതാണ് ആധുനിക കാലത്തെ ഹിപ്പൊക്രറ്റിക് പ്രതിജ്ഞ.

എന്നാൽ ഈ ഹിപ്പൊക്രറ്റിക് പ്രതിജ്ഞയ്ക്ക് പകരം പ്രാചീന ഭാരതത്തിലെ ഭിഷഗ്വരനായിരുന്ന ചരക മഹർഷിയുടെ പേരിൽ അറിയപ്പെടുന്ന 'ചരക ശപഥം' കൊണ്ടുവരാൻ നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻഎംസി) ഏകപക്ഷീയമായ നീക്കം നടത്തുകയാണ്. പ്രാചീന ഭാരതത്തിൽ വൈദ്യശാസ്ത്ര രംഗത്ത്, അന്ന് ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുണ്ടായിരുന്ന ചികിത്സാരീതികളെ അപേക്ഷിച്ച് വളരെ വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ടെന്നത് തർക്കമറ്റ സംഗതിയാണ്. എന്നാൽ അക്കാലത്തെ വൈദ്യശാസ്ത്ര വിജ്ഞാനത്തിന്റെയും സാമൂഹ്യ സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ രചിക്കപ്പെട്ട വൈദ്യശാസ്ത്ര ഗ്രന്ഥമായ 'ചരക സംഹിത'യുടെ ഭാഗമായ 'ചരക ശപഥം', ആധുനിക കാലഘട്ടത്തിലെ വൈദ്യശാസ്ത്ര വിജ്ഞാനത്തെയും സംസ്കാരത്തെയും ആസ്പദമാക്കി പരിശോധിക്കുകയാണെങ്കിൽ വളരെയധികം പ്രതിലോമ സ്വഭാവം ഉള്ളതാണെന്ന് കാണാം. ഉദാഹരണത്തിന് 'ചരക ശപഥ'ത്തിൽ, വൈദ്യന്മാർ ഉന്നത ജാതിയിൽ പെടുന്നവരോട് മാന്യമായി പെരുമാറണമെന്നും, രാജാവിന്റെ വിദ്വേഷത്തിന് പാത്രമായവരെ ചികിൽസിക്കരുതെന്നും, ഭർത്താവോ രക്ഷിതാവോ സമീപത്തില്ലെങ്കിൽ സ്ത്രീകളെ ചികിൽസിക്കരുതെന്നും നിഷ്കർഷിക്കുന്നു. അശാസ്ത്രീയവും തികച്ചും പ്രതിലോമകരവുമായ ഇത്തരം ആശയങ്ങൾ ഉൾക്കൊള്ളുന്ന 'ചരക ശപഥം' ഭാരതീയ വിജ്ഞാനത്തിന് പ്രാമുഖ്യം നൽകാനെന്ന പേരിൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള നീക്കം അങ്ങേയറ്റം അപലപനീയമാണ്.

ശാസ്ത്രവും വിജ്ഞാനവും ഏതെങ്കിലും ഒരു രാജ്യത്തിന്റേതാണ് എന്ന് പറയുന്നത് തികച്ചും തെറ്റായ വാദമാണ്. ഏതൊരു രാജ്യത്തെയും ജനങ്ങൾ സൃഷ്ടിക്കുന്ന വിജ്ഞാനത്തെ സമാഹരിച്ചുകൊണ്ടാണ് മനുഷ്യവിജ്ഞാനം വളർന്നു വികസിക്കുന്നത്. പ്രാചീന വിജ്ഞാനം ആധുനിക വിജ്ഞാനത്തെ അപേക്ഷിച്ച് വളരെയധികം പിന്നിട്ടുനിൽക്കുന്നതാണ്. ആധുനിക വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ ഉയർന്ന വിജ്ഞാനം സൃഷ്ടിക്കപ്പെടുന്നത്. പൗരാണിക വിജ്ഞാനത്തെ മുറുകെപ്പിടിച്ചുനിന്നുകൊണ്ട് ഒരു രാജ്യത്തിനും മുന്നേറാൻ കഴിയില്ല.

വിവിധ ചികിത്സാ സമ്പ്രദായങ്ങളെ അശാസ്ത്രീയമായി കൂട്ടിക്കലർത്തി 'സങ്കരവൈദ്യം' സൃഷ്ടിക്കാനുള്ള ഒരു ശ്രമവും ചരക ശപഥം അടിച്ചേൽപ്പിക്കുന്നതിന്റെ പിന്നിൽ ഉണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ആയുർവേദം പ്രാചീന കാലത്തെ മനുഷ്യന്റെ അറിവിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സാ രീതിയാണ്. ആധുനിക വൈദ്യശാസ്ത്രമാകട്ടെ, ശാസ്ത്രത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിക്കപ്പെട്ട ഉയർന്ന വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തികച്ചും ശാസ്ത്രീയമായ സമീപനരീതി സ്വീകരിച്ച് വളർന്നുവികസിച്ചതാണ്. ഇവ തമ്മിൽ കൂട്ടിച്ചേർക്കാനുള്ള നീക്കം അശാസ്ത്രീയവും ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതുമാണ്. ഇപ്പോൾ ആഗോളതലത്തിൽതന്നെ വിലമതിക്കപ്പെടുന്ന ഇന്ത്യയിലെ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയ്ക്കും ഇത് കാരണമാവും.

ദേശീയ വിദ്യാഭ്യാസ നയം -2020ന്റെ ഭാഗമായി ഭാരതീയ വിജ്ഞാന സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസം നൽകാനെന്നപേരിൽ നടപ്പാക്കുന്ന ഇത്തരം നീക്കങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം ഭരണവർഗത്തിന്റെ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാൻ സങ്കുചിത ദേശീയ വാദം വളർത്തുന്നതിന് അനുകൂലമായ മനോഘടന വിദ്യാർഥികളിൽ സൃഷ്ടിക്കുക എന്നതാണ്. ശാസ്ത്രത്തിന്റെ വികാസത്തിനും സാമൂഹ്യ പുരോഗതിക്കും വിഘാതം സൃഷ്ടിക്കുന്ന ഇത്തരം നടപടികളെ ശക്തമായി ചെറുക്കേണ്ടതുണ്ട്. ■

# മീഡിയ വൺ സംപ്രേഷണ വിലക്ക്: ജനാധിപത്യത്തിന്റെ ജീവശ്വാസത്തെ തടയുന്നു

**മീ**ഡിയ വൺ വാർത്താ ചാനലിന്റെ സംപ്രേഷണ ലൈസൻസ് റദ്ദാക്കിയ കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിന്റെ ഉത്തരവ് കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് ശരിവച്ചിരിക്കുന്നു. 'ദേശസുരക്ഷ'യെ മുൻനിർത്തിയാണത്രെ നടപടി. എന്നാൽ മീഡിയ വൺ ചാനൽ ദേശസുരക്ഷക്ക് അപകടകരമാകുന്ന എന്ത് കുറ്റമാണ് ചെയ്തതെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നില്ല. ലൈസൻസ് പുതുക്കരുതെന്ന ഉദ്യോഗസ്ഥതല സമിതിയുടെ ശുപാർശ ആഭ്യന്തര മന്ത്രാലയം അംഗീകരിച്ചതായാണ് മനസ്സിലാക്കുന്നതെന്നും അതുകൊണ്ട് വിലക്ക് പിൻവലിക്കാനായി സമർപ്പിക്കപ്പെട്ട ഹർജ്ജികളിൽ ഇടപെടാനാകില്ലെന്നും മറ്റുമുള്ള ഹൈക്കോടതിയുടെ വിശദീകരണം നിശ്ചയമായും ജനാധിപത്യ മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നു.

മാധ്യമ സ്വാതന്ത്ര്യത്തെയും ജനാധിപത്യ വ്യവസ്ഥയെയും ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നത്തിൻമേൽ ഉദ്യോഗസ്ഥതല സമിതിയുടെ ശുപാർശയും ആഭ്യന്തര മന്ത്രാലയത്തിന്റെ അനുമതിയും മാത്രം കണക്കിലെടുത്താൽ മതിയോ? നീതിയും ന്യായവും അന്തിമമായി തീരുമാനിക്കേണ്ട ജുഡീഷ്യറി എക്സിക്യൂട്ടീവിന്റെ അപ്രമാദിത്വത്തിന് കീഴ്വഴങ്ങുന്നുവെന്നാണോ ഇതിൽനിന്ന് മനസിലാക്കേണ്ടത്? 2021 ജനവരി 31നാണ് മീഡിയാവൺ ചാനലിന്റെ സംപ്രേക്ഷണം തടയുന്ന ഉത്തരവ് കേന്ദ്ര വാർത്താ പ്രക്ഷേപണമന്ത്രാലയം പുറത്തിറക്കുന്നത്. സാധാരണ പോലെ, ലൈസൻസ് പുതുക്കുന്ന തിന് ചാനൽ നൽകിയ അപേക്ഷയിൻമേലാണ് സംപ്രേഷണ വിലക്ക് തീരുമാനം വരുന്നത് എന്നതും അസ്വാഭാവികമാണ്. ഒമ്പത് വർഷം മുമ്പ്, ആ ചാനലിന് സംപ്രേഷണ അനുമതി നൽകിയതിനുശേഷം ഒരിക്കൽ പോലും ദേശസുരക്ഷാ പ്രശ്നങ്ങൾ ഉയർന്ന് വന്നിരുന്നില്ല. ഇപ്പോഴുമതേ. ദേശ സുരക്ഷ കണക്കിലെടുത്ത് ലൈസൻസ് റദ്ദാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാർ നോട്ടീസ് നൽകിയപ്പോൾ തങ്ങളെ കേൾക്കാതെ നടപടിയുമായി മുന്നോട്ടു പോകരുതെന്ന് മാനേജ്മെന്റ് അഭ്യർത്ഥിച്ചിരുന്നു. വ്യക്തമായ എന്തെങ്കിലും ഒരു നിയമ ലംഘനം ചൂണ്ടിക്കാണിക്കാൻ കേന്ദ്ര സർക്കാരിന് ഇതേവരെ കഴിഞ്ഞിട്ടില്ല.

സംപ്രേഷണാനുമതി നിഷേധിച്ചതിന്റെ കാരണങ്ങൾ പരസ്യമാക്കാൻ കഴിയില്ലെന്നാണ് കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അസിസ്റ്റൻറ് സോളിസിറ്റർ ജനറലിന്റെ നിലപാട്. രഹസ്യാന്വേഷണ വിഭാഗത്തിന്റെ ചില ഫയലുകൾ മുദ്രവച്ച കവറിൽ കോടതിക്ക് നൽകിയത് ദുരൂഹത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ദേശസുരക്ഷ മാത്രം ചൂണ്ടിക്കാട്ടി, വിവരങ്ങൾ മറച്ചു വയ്ക്കാൻ ഭരണകൂടത്തിന് നിയമപരമായ അധികാരമില്ലെന്ന് പെഗാസസ് കേസിൽ സുപ്രീം കോടതിതന്നെ ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. പൗരാവകാശങ്ങളുടെയും മാധ്യമ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യാവകാശങ്ങളുടെയും കാര്യത്തിലേക്ക് വരുമ്പോൾ ദേശസുരക്ഷ എന്ന ഉമ്മാക്കി കാട്ടിയാൽ ജുഡീഷ്യറിയെ നിർവീര്യമാക്കാമെന്നാണ് കേന്ദ്ര സർക്കാരിന്റെ കണക്കുകൂട്ടൽ.

2011ലെ വിധിയിലും(രാംജെത് മലാനി vs യൂണിയൻ ഓഫ് ഇന്ത്യ) സുപ്രീം കോടതി ഓർമ്മിപ്പിച്ചത് "പരാതിക്കാരിൽനിന്ന് വിവരങ്ങൾ മറച്ച് വെക്കുന്നതോ സർക്കാരിന് അനുകൂലമായി വസ്തുതകളും സംഭവങ്ങളും വ്യാഖ്യാനിക്കുന്നതോ ഭരണഘടനയുടെ മുപ്പത്തിരണ്ടാം വകുപ്പ് ഉറപ്പുനൽകുന്ന മൗലികാവകാശ സംരക്ഷണത്തിന് വിരുദ്ധമാണ്" എന്നത്രെ. അപ്പോൾ ഭരണഘടനയെയും നീതിന്യായ സംവിധാനങ്ങളെയും നോക്കുകുത്തിയാക്കി മാറ്റിക്കൊണ്ട്, പാർലമെന്റിനെയും ജനാധിപത്യ വ്യവസ്ഥയെയും അപ്രസക്തമാക്കിക്കൊണ്ട് മൗലികാവകാശങ്ങൾ നഗ്നമായി തട്ടിത്തെറിപ്പിക്കുന്ന നടപടികൾ ഓരോന്നായി നമ്മുടെ രാജ്യത്ത് അരങ്ങേറുന്നുവെന്നാണിത് കാണിക്കുന്നത്. കേവലം മാധ്യമ സ്വാതന്ത്ര്യ നിഷേധമെന്നതിനപ്പുറം അനവധി ഗുരുതരമായ മാനങ്ങൾ നിറഞ്ഞതാണ് മീഡിയാവൺ സംപ്രേഷണ വിലക്ക്. തങ്ങൾക്ക് ഹിതകരമല്ലാത്ത വാർത്തകൾ നൽകുന്നഏതുമാധ്യമസ്ഥാപനത്തിന്റെയും പ്രവർത്തനം അവസാനിപ്പിക്കാൻ കഴിയുംവിധമുള്ള ഒരു കീഴ്വഴക്കം കൂടിയാണിതിലൂടെ സൃഷ്ടിക്കപ്പെടുന്നത്.

ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഭരണകൂടത്തിന്റെ നടപടികളെ വിമർശിക്കുന്ന രൂപത്തിൽ വാർത്ത നൽകാൻ പോലുമുള്ള അവകാശം ഹനിക്കപ്പെടുന്നുവെന്നതാണ് ഏറെ ഭയാനകമായ പ്രത്യാഘാതം. രാജ്യത്തിന്റെ ജനാധിപത്യപരമായ അവശേഷിപ്പുകൾപോലും തുടച്ചു നീക്കപ്പെടുന്ന വിപൽക്കരമായ ഫാസിസ്റ്റ് കാൽവയ്പ്പാണിത്. രാജ്യസുരക്ഷയെന്ന പേരിൽ, സോഷ്യൽ മീഡിയ ചാനലുകൾക്കും പോർട്ടലുകൾക്കും മേൽ ഇതിനകം വിലക്കുകൾ വീണുകഴിഞ്ഞു. ദേശീയ തലത്തിൽ ചില ചാനലുകളെ വിരട്ടി വരുതിയിലാക്കിയതിന്റെ ഉദാഹരണങ്ങളും നമ്മെ ഏറെ അസ്വസ്ഥമാക്കുന്നതാണ്. എതിർശബ്ദങ്ങളെയെല്ലാം തടയുന്ന പ്രവണത നമ്മുടെ രാജ്യത്തെ എവിടെ കൊണ്ടെത്തിക്കുമെന്നത് ഗുരുതരമായ ആശങ്ക തന്നെയാണ്.

ഉദ്യോഗസ്ഥ ഭരണകൂടിക്ക് എല്ലാ തലങ്ങളിലും പിടിമുറുക്കുകയും ജനാധിപത്യ സ്ഥാപനങ്ങളെയും നീതിന്യായ വ്യവസ്ഥയെയും അതിനു കീഴിലേക്ക് കൊണ്ടുവരികയും ചെയ്യുന്നത് നിശ്ചയമായും സാമൂഹ്യ അന്തരീക്ഷത്തിൽ ഇരുൾ വീഴ്ത്തുന്നു. സ്വതന്ത്രമാധ്യമ പ്രവർത്തനം ഗുരുതരമായ ഭീഷണി നേരിടുന്ന രാജ്യമായി ഇതിനകം ഇന്ത്യ മാറിക്കഴിഞ്ഞിട്ടുണ്ട്. മീഡിയ വൺ സംപ്രേഷണ വിലക്ക് വരാനിരിക്കുന്ന നാളുകളെ കുറിച്ചുള്ള വ്യക്തമായ അപായസൂചനയാണ്. വിലക്ക് പിൻവലിപ്പിക്കാൻ ആവശ്യമായ അതിശക്തമായ പ്രതിഷേധം വളർന്ന് വരണം. ഇതര മാധ്യമ സ്ഥാപനങ്ങളും പത്രപ്രവർത്തക യൂണിയനുകളും പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുമെല്ലാം ഒറ്റക്കെട്ടായി ശബ്ദമുയർത്തണം. രാജ്യത്തിന്റെ ജനാധിപത്യപരമായ നിലനിൽപ്പ് സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ ജുഡീഷ്യറിക്ക് ഒരു പങ്കുണ്ട്. എന്നാൽ, സമീപ കാലത്ത് നഗ്നമാംവിധം അധികാരത്തിലുള്ള സർക്കാരിന്റെ ഇംഗിതമറിഞ്ഞ് പ്രവർത്തി ക്കുന്ന രീതിയാണ് പലകേസുകളിലും ജുഡീഷ്യറി സ്വീകരിച്ചുകാണുന്നത്. എക്സിക്യൂട്ടീവിന്റെ ഉത്തരവുകൾക്ക് തുല്യം ചാർത്തി കൊടുക്കുന്ന തല്ല ജുഡീഷ്യറിയുടെ ചുമതല എന്നു കൂടി ബഹുമാന്യ ജഡ്ജിമാരെ വിനയപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

മീഡിയാ വണ്ണിന്റെ സംപ്രേക്ഷണവിലക്കിനെതിരായി എല്ലാ ജനാധിപത്യ പ്രസ്ഥാനങ്ങളും മുന്നോട്ടു വരണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിച്ചു. ■

# അടിയന്തരാവസ്ഥക്കാലത്തെ ജനാധിപത്യ ധ്വംസനങ്ങൾ ബിജെപി ഗവൺമെന്റ് വീറോടെ പിന്തുടരുന്നു

*(11–ാം പേജിൽ നിന്ന്)*

എതിരെ നടക്കുന്ന എണ്ണമറ്റ ആക്രമണങ്ങളും, അധികാരവും സംഘപരിവാറിന്റെ പിൻബലവുമുള്ള സവർണ്ണർ ദളിതരെ കൊന്നൊടുക്കുന്നതും, മൗനാനുവാദം നൽകി ഒത്താശ ചെയ്യുന്നവരാണെന്ന് ആർക്കാണ് അറിയാത്തത്? ഈ ഭ്രാന്ത് ഉടനടി അവസാനിപ്പിക്കണമെന്നും, കുറ്റവാളികളെ കർശനമായി ശിക്ഷിക്കണമെന്നും, നിങ്ങളുടെ ഗവൺമെന്റിന്റെ പങ്കിനെ അപലപിക്കുന്നതും, മതപരമോ വംശീയമോ ആയ ന്യൂനപക്ഷങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നതും ഒരു പരിഷ്കൃത വ്യക്തിക്ക് ചേരാത്തതാണോ? ഇത് എങ്ങനെ അനാവശ്യമാകും ?

ഭരണഘടന മതേതരത്വത്തെക്കുറിച്ച് പറയുമ്പോഴും, താങ്കളും, താങ്കളുടെ മന്ത്രിസഭയിലെ സഹപ്രവർത്തകരും, ഹൈന്ദവ മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ശ്രേഷ്ഠമായി ഉയർത്തിക്കാട്ടുകയും ഹിന്ദു ക്ഷേത്രങ്ങളും, ഹൈന്ദവ പുരാണ കഥാപാത്രങ്ങളുടെ പ്രതിമകളും വീറോടുകൂടി നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ശബ്ദമുയരുമ്പോൾ, അത് ഭരണഘടനാപരമായ എന്തെങ്കിലും വ്യവസ്ഥകളെ ലംഘിക്കുന്നുണ്ടോ? പ്രധാനമന്ത്രി സർ, താങ്കളുടെ അഭിപ്രായത്തിൽ ഇത് ജനാധിപത്യ അവകാശങ്ങൾ ദുരുപയോഗം ചെയ്യുന്നതിന് തുല്യമാണോ? ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി ഒത്തുതീർപ്പിലൂടെ അധികാരം പിടിച്ചുപറ്റിയ ഇന്ത്യൻ ദേശീയ ബൂർഷ്വാസിയുടെ വിശ്വസ്ത സേവകൻ എന്ന നിലയിൽ കോൺഗ്രസ് സർക്കാർ ഭരണഘടന അനുശാസിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാനും ജനാധിപത്യ പ്രസ്ഥാനങ്ങളെ തടയാനും തുടക്കം മുതൽ നിലകൊണ്ടു എന്ന് എല്ലാവർക്കും അറിയാം. ജനങ്ങൾ തെറ്റായ പക്ഷത്തായിരുന്നു എന്നും സർക്കാർ ജനാധിപത്യ തത്വങ്ങൾ ആവേശത്തോടെ പിന്തുടരുകയായിരുന്നു എന്നുമുള്ള വ്യാജേന ജനങ്ങളുടെ കടമകളെക്കുറിച്ച് ഊന്നിപ്പറയാൻ അവർ മറന്നില്ല. കാലക്രമേണ, സർക്കാരിന്റെ ജനാധിപത്യവിരുദ്ധത മാത്രമല്ല, ഫാസിസ്റ്റ് മുഖവും വെളിപ്പെടാൻ തുടങ്ങി. ഇന്ദിരാഗാന്ധി ഗവൺമെന്റ് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച ഫാസിസ്റ്റ് നടപടികൾ, ജനാധിപത്യത്തിന്റെ നെടുംതൂണുകളായ പ്രതിഷേധത്തിന്റെയും വിയോജിപ്പിന്റെയും ശബ്ദംകെടുത്താനും ഭരണ മുതലാളിവർഗ്ഗത്തിന്റെ മൊത്തത്തിലുള്ള താൽപ്പര്യത്തെ സേവിക്കാനും മാത്രമുള്ളതായിരുന്നു. പ്രധാനമന്ത്രി സർ, താങ്കളുടെ നേതൃത്വത്തിലുള്ള നിലവിലെ ബിജെപി സർക്കാർ മുൻ കോൺഗ്രസ് സർക്കാരിന്റെ പാരമ്പര്യം പിന്തുടരുക മാത്രമല്ല, ഫാസിസ്റ്റ് സ്വേച്ഛാധിപത്യത്തിന് വളരെ ശക്തമായ അടിത്തറ പാകുകയും, അതുവഴി അദാനി-അംബാനിമാരെപ്പോലെയുള്ള കുത്തക മുതലാളിമാരെ അർപ്പണബോധത്തോടെ സേവിക്കാൻ ഉതകുംവിധം വളരെയധികം മുന്നോട്ട് പോകുകയും ചെയ്തിരിക്കുന്നു.

മരണാസന്ന മുതലാളിത്തത്തിന്റെ പൊതുവായ സവിശേഷതയാണ് ഫാസിസം. പക്ഷേ പ്രധാനമന്ത്രി സർ, ചരിത്രം എഴുതിയത് ജനങ്ങളാണ്, അല്ലാതെ ഫാസിസ്റ്റ് സ്വേച്ഛാധിപതികളല്ല. ലോകമെമ്പാടുമുള്ള ബുദ്ധിജീവികളും രാഷ്ട്രീയ നേതാക്കളുംഫാസിസത്തിന്റെ നിർണ്ണായകമായ പരാജയവും, അന്ത്യവും ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും മരണവും ആഘോഷിക്കുമ്പോൾ,ഫാസിസം, ചില ഫാസിസ്റ്റ് നേതാക്കളുടെ മരണംകൊണ്ട് അവസാനിക്കില്ലെന്ന് ലോകത്തിന് മുന്നറിയിപ്പ് നൽകിയത് സഖാവ് ശിബ്ദാസ് ഘോഷിന്റെ വേറിട്ട ശബ്ദമായിരുന്നുവെന്ന് ഓർക്കുക.. "ഒരു മുൻകൂർ നീക്കത്തിലൂടെ വിപ്ലവത്തെ തടയാൻ ശ്രമിക്കുന്ന, ചരിത്രപരമായി ഉയർന്നുവന്ന, മുതലാളിത്തത്തിന്റെ പ്രതിവിപ്ലവ പദ്ധതിയാണ് ഫാസിസം. നിലവിലുള്ള വ്യവസ്ഥിതിയോടുള്ള ജനങ്ങളുടെ വർദ്ധിച്ചുവരുന്ന അതൃപ്തിയുടെ പശ്ചാത്തലത്തിൽ, പ്രതിസന്ധിയിലായ, അരാജകത്വസ്വഭാവമുള്ള മുതലാളിത്ത ക്രമത്തെ തകർച്ചയിൽനിന്ന് രക്ഷിക്കാനാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്" എന്നും അദ്ദേഹം നിരീക്ഷിച്ചു. (കോൾ ഓഫ് ദ അവർ, തെരഞ്ഞെടുത്ത കൃതികൾ, വാല്യം 2). എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലും അവിടത്തെ വികാസത്തിന്റെ വ്യാപ്തി കണക്കിലെടുക്കാതെ ഫാസിസം ഒരു പൊതു സവിശേഷതയായി പ്രത്യക്ഷപ്പെടുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശരിയായ വിപ്ലവപാർട്ടിയുടെ നേതൃത്വത്തിൽ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെമുതലാളിത്തിന് അന്ത്യം കുറിക്കുന്നതുവരെ, ഫാസിസത്തെ ഈ മണ്ണിൽനിന്ന് പിഴുതെറിയാൻ കഴിയില്ലെന്ന് മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ പാഠങ്ങളാൽ സായുധരായ നമുക്കറിയാം.

ജനങ്ങളെ ഈ സത്യം ബോധ്യപ്പെടുത്താനും, വിപ്ലവ പ്രസ്ഥാനത്തിന്റെ വികാസത്തിന് ഉതകുന്ന തരത്തിൽ വർഗ-ബഹുജന സമരങ്ങൾ സംഘടിപ്പിക്കാനും തൊഴിലാളിവർഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) പരമാവധി പരിശ്രമിക്കുകയാണ്. പ്രധാനമന്ത്രി സർ, ജനങ്ങൾ കാര്യങ്ങൾ ശരിയായി മനസ്സിലാക്കുന്നവരാണ്. 'അവകാശങ്ങളും കടമയും' എന്നപേരിൽ നിങ്ങൾ അവതരിപ്പിക്കുന്ന ഈ വ്യാജമായ ദ്വന്ദ്വത്തിൽ ഇനി അവർ വഞ്ചിതരാകില്ല. ■

# മൂലധനതാൽപര്യത്തിനായി കോടതികൾ നീതിയെ ബലികഴിക്കുന്നു

(1–ാം പേജിൽ നിന്ന്)

ച്ച ആശങ്കകൾ നിയമപരമായി നിലനിൽക്കുന്നതല്ല എന്നാണ്. ഇവിടെ നിയമവും ന്യായവും മുഖാമുഖം വരുന്നു.'നിയമം, നീതി പ്രദാനം ചെയ്യുന്ന വാഹനമാണ്. എന്നാൽപോലും ദുരന്തപൂർണമായ സത്യമെന്തെന്നാൽ പലപ്പോഴും നിയമം നീതിയോട് മുഖംതിരിച്ചു നിൽക്കുമെന്ന് മാത്രമല്ല, ശത്രുതാപരമായും നിലകൊള്ളുന്നു' എന്ന് ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ പറഞ്ഞത് ഇവിടെ പ്രസക്തമാണ്.

കെറെയിൽപദ്ധതിയെ കേരളം എതിർക്കുന്നത് നിയമപുസ്തകങ്ങൾ പരതി നോക്കിയല്ല; സൂര്യസമാനം തെളിച്ചമാർന്ന ന്യായയുക്തതയുടെ അടിസ്ഥാനത്തിലാണ്. ധനാർത്തിയും സമ്പന്നവർഗ താൽപര്യങ്ങളും പാർട്ടിക്കൂറും കൊണ്ട് ആന്ധ്യം ബാധിക്കാത്തവർക്കൊക്കെ അതിനെ സംബന്ധിച്ച് തീവ്രബോധ്യവുമുണ്ട്. പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെടുന്നവരുടെ ജീവിതനഷ്ടം പൂർണമായി പുനഃസ്ഥാപിക്കപ്പെടില്ലെന്ന്, ബഫർ സോണുകളിൽ പെട്ടു പോകുന്നവരുടെ ജീവിതം എന്നന്നേക്കുമായി വഴിമുട്ടുമെന്ന്, പരിസ്ഥിതിനാശം കേരളത്തെ വാസയോഗ്യമല്ലാതാക്കി മാറ്റുമെന്ന്, സംന്തുലിത ഭൂപ്രകൃതിമാറിപ്രകൃതിദുരന്തങ്ങൾക്ക് വഴിയൊരുക്കുമെന്ന്, കടമെടുക്കുന്ന ഭീമമായ തുക ആർത്തിപെരുത്ത ചില മൂലധനശക്തികളുടെ കരങ്ങളിലെത്തുമെന്ന്, കടഭാരം കൊണ്ട് ശമ്പളവും പെൻഷനും ക്ഷേമ പ്രവർത്തനങ്ങളും നിലയ്ക്കുമെന്ന്, ജനങ്ങൾക്ക് ഉപകാരപ്പെടുന്ന ഭാവി വികസന സാധ്യതകളെല്ലാം ഇല്ലാതാക്കപ്പെടുമെന്ന് ചിന്താശേഷിയുള്ളവർക്കെല്ലാം പൂർണ ബോധ്യമുണ്ട്. ഈ ദുരന്ത സാധ്യതകൾ നിയമ ഗ്രന്ഥങ്ങളുടെ വകുപ്പുകളിലും ഉപവകുപ്പുകളിലുമൊന്നും എഴുതിചേർത്തിട്ടുണ്ടാവില്ല. നിയമമുണ്ടാക്കുന്ന നിയമസഭയിലൊ, നിയമത്തെ വ്യാഖ്യാനിക്കുന്ന കോടതി മുറികളിലൊ ഈ നഷ്ടം അനുഭവിക്കുന്നവരുടെ രോദനങ്ങൾ മുഴങ്ങാറില്ല.

സംസ്ഥാനസർക്കാരുംഇന്ത്യൻ റെയിൽവേയും ചേർന്ന് രൂപീകരിച്ചതെങ്കിലും തീർത്തും സ്വകാര്യസ്വഭാവമുള്ള ഒരു കമ്പനിയാണ് കെ റെയിൽ. അതിന് സർക്കാരിന്റെ 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' എന്ന പദവി നൽകുകയും ചെയ്തു. സർക്കാർ സംവിധാനങ്ങളുടെ നിയമങ്ങളും ബാധ്യതകളും പരിശോധനകളും, നിയമനവ്യവസ്ഥകളും നിയന്ത്രണങ്ങളും ബാധകമല്ലാത്ത; എന്നാൽ സർക്കാരിന്റെ വകുപ്പുകളുമായി ബന്ധിപ്പിക്കപ്പെട്ട് സർക്കാരിന്റെ തന്നെ അധികാരാനുകൂല്യങ്ങൾ ലഭ്യമാകുന്ന സംവിധാനമാണിത്. പൊതു ധനകാര്യ കമ്പോളത്തിൽനിന്ന് ധനസമാഹരണം നടത്താനും സ്വകാര്യപങ്കാളിത്തം നേടാനും അതിന് അവകാശമുണ്ട്. പക്ഷേ ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത മുഴുവൻ, സർക്കാരിന്റെ അതായത് ജനങ്ങളുടെ ബാധ്യത ആയി മാറുകയും ചെയ്യും. ഒടുവിൽ സർക്കാരിന്റെ കൈവശമുള്ള ഓഹരികൾ വിറ്റഴിച്ച് സ്വ



കാസർകോട് നിന്ന് ആരംഭിച്ച സംസ്ഥാന സമര ജാഥ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ജാഥ ക്യാപ്റ്റൻ കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജിനും വൈസ് ക്യാപ്റ്റനായ ജനറൽ കൺവീനർ എസ്.രാജീവനും പതാക കൈമാറി ഉദ്ഘാടനം ചെയ്യുന്നു.

കാര്യമുതലാളിമാർക്ക് കൈമാറാനും നിയമ തടസ്സമൊന്നുമില്ല. ആഗോളവൽക്കരണ കാലത്ത് മൂലധന താല്പര്യങ്ങൾക്ക് സഹായിയായി പ്രവർത്തിക്കുകയും നികുതിപ്പണംകൊണ്ട് പടുത്തുയർത്തിയ ജനങ്ങളുടെ ആസ്തികൾ അവർക്ക് തീറെഴുതിനൽകുകയും അവർക്ക് ആവശ്യമായ സംരക്ഷണകവചമൊരുക്കുകയും, പക്ഷേ സർക്കാരിന്റെ നിയന്ത്രണങ്ങൾക്കും മേൽനോട്ടത്തിനും പുറത്തു നിൽക്കുകയും ചെയ്യുന്ന വഞ്ചനാത്മകമായ സംവിധാനത്തിന്റെ പേരാണ് 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ'. അത്തരമൊന്നാണ് കേരളാ റെയിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് അഥവാ കെ റെയിൽ.

ഇങ്ങനെയുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ, മിഷനുകൾ തുടങ്ങിയവ ഇന്ന് സർക്കാരിന്റെ ഏതാണ്ടെല്ലാ വകുപ്പുകളിലും ആവിർഭവിക്കുകയും ക്രമേണ നിലവിലുള്ള സർക്കാർ സംവിധാനങ്ങളെ വിഴുങ്ങുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നു. കിഫ്ബി, എൻആർഎച്ച്എം,എസ്എസ്എ, നവകേരളമിഷൻ തുടങ്ങിയവ ഇത്തരത്തിൽ ആഗോളവൽക്കരണ തത്ത്വങ്ങൾക്കനുസരിച്ച് രൂപീകരിക്കപ്പെട്ടിട്ടുള്ള സംവിധാനങ്ങളാണ്. ഈ സത്വങ്ങളൊക്കെ ഇങ്ങനെപ്രവർത്തിക്കുന്നത് ഏതെങ്കിലുമൊക്കെ നിയമങ്ങളുടെ പിൻബലത്തിലാണ്. അതൊക്കെ പാസാക്കുന്നതാകട്ടെ ജനങ്ങൾ തെരഞ്ഞെടുത്ത് അയയ്ക്കുന്ന പ്രതിനിധികളും. ഈ നിയമങ്ങൾ യഥാർത്ഥജനേച്ഛയെപ്രതിഫലിപ്പിക്കുന്നുണ്ടോ എന്ന് എവിടെ പരിശോധിക്കപ്പെടുന്നു? ചർച്ച പോലുമില്ലാതെ അപ്പം ചുടുന്നതുപോലെ പാസായി പോകുന്നവയാണ് പല നിയമങ്ങളുമെന്ന് നമ്മൾ പതിവായി കാണുന്നു. ഇങ്ങനെ ആവിർഭവിക്കുന്ന നിയമങ്ങളെ വ്യാഖ്യാനിക്കുക മാത്രമാണ് കോടതികളുടെ ചുമതല. ജനാനുകൂല നീതിബോധമുള്ള കോടതി അപൂർവ്വമായെങ്കിലും ജനങ്ങളുടെ പക്ഷത്തു നിന്ന് നിയമങ്ങൾ വ്യാഖ്യാനിച്ച് വിധി പുറപ്പെടുവിക്കാറുണ്ട് എന്നത് കാണാതെ പോകുന്നില്ല. പക്ഷെ കോടതികൾ നിയമബദ്ധമാണ്. അതാണതിന്റെ പരിധിയും പരിമിതിയും.

## നീതിയെ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളുടെ ഡിമാന്റുകളിൽ തീർപ്പ് കൽപ്പിക്കാൻ കോടതികൾക്കാവില്ല

വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടി മുകളിൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റാനിടയാക്കുംവിധം ആഗോളവൽക്കരണത്തിന്റെ പുതിയ നിയമങ്ങൾ നിർമ്മിക്കുന്നതിന് ഭരണം കൈയ്യാളിയിട്ടുള്ള എല്ലാ കക്ഷികളും ഒരേ മനസ്സോടെ നിലപാടെടുത്തിട്ടുണ്ട്. വിധി പുറപ്പെടുവിക്കാൻ കോടതികൾ മാനദണ്ഡമാക്കുന്നത് ഈ നിയമങ്ങളാണെന്നിരിക്കെ നീതി എങ്ങിനെ പുലരും? അതിനാൽ ജനകീയസമരങ്ങൾമുന്നോട്ടുവയ്ക്കുന്ന ഡിമാന്റുകളിൽ തീർപ്പുകൽപ്പിക്കാനായി കോടതികളിൽ യുദ്ധം ചെയ്യുന്നത് വ്യർത്ഥമായ പ്രവൃത്തിയാണ്. പ്രതികൂലമായ വിധികൾ വരുന്നതോടെ നിയമപരമായ നില




കെ റയിൽ വിരുദ്ധ സമര ജാഥയോടൊപ്പം സഞ്ചരിക്കുന്ന ഗായകസംഘം തെരുവിൽ ഗാനങ്ങളവതരിപ്പിക്കുന്നു.

നിൽപ്പില്ലാത്ത ഒന്നായി സമരം മാറുകയും ഭരണകൂട ശക്തികൾക്ക് സമരത്തെ കൂടുതൽ ശക്തമായി അടിച്ചമർത്താൻ വഴിതെളിയുകയും ചെയ്യും. ഇപ്പോൾ കെ റെയിൽ കല്ലിടലിൽ നാം കാണുന്നത് ഈ സ്ഥിതിവിശേഷമാണ്. അവിടം കൊണ്ടും അത് അവസാനിക്കില്ല. പ്രതികൂലവിധികൾ, വേണ്ടത്ര രാഷ്ട്രീയധാരണ ഇല്ലാത്ത സാധാരണമനുഷ്യരിൽ നിരാശ പടർത്താനും അതു സമരത്തിന്റെ വീറിനെയും ഉശിരിനെയും കെടുത്തിക്കളയാനും ഇടയാക്കും. ചുരുക്കത്തിൽ കോടതി മുറികളിലെ പോരാട്ടം ജനങ്ങൾക്ക് നീതി ഉറപ്പാക്കാനുള്ള ഒരേയൊരു മാർഗ്ഗമെന്ന നിലയിൽ കാണുന്നതും അങ്ങിനെ പ്രചരിപ്പിക്കുന്നതും ആത്യന്തികമായി ജനതാൽപ്പര്യം സംരക്ഷിക്കാൻ സഹായിക്കില്ല.

## നിയമസംവിധാനം ആഗോളവൽക്കരണനയങ്ങളുടെ ഉറച്ച സംരക്ഷകരായി മാറുന്നു

കോടതിവിധികളിലൂടെ ഇൻഡ്യയിൽ നിറവേറ്റപ്പെടുന്ന നീതി എത്രത്തോളമാണ്? പ്രത്യേകിച്ചും ആഗോളവൽക്കരണത്തിന്റെയും നവലിബറൽ നയങ്ങളുടെയും കാലത്ത്. നീതിയുടെ പക്ഷത്തുനിന്ന് ചിന്തിക്കുന്ന ഏവരെയും ഞെട്ടിപ്പിക്കുന്നവിധം നിയമങ്ങളെ മൂലധന താല്പര്യങ്ങൾക്കനുസൃതമായി വ്യാഖ്യാനിച്ചു കൊണ്ടുള്ള വിധികൾ സമീപകാലത്തായി നമ്മുടെ കോടതി സൗധങ്ങളിൽ നിന്ന് പുറത്തുവരുന്നത് നാം കാണുന്നു. യാതൊരു തയ്യാറെടുപ്പിനും ഇടകൊടുക്കാതെ നരേന്ദ്രമോദി പ്രഖ്യാപിച്ച ലോകത്തെ ഏറ്റവും നിഷ്ഠുരമായ ലോക്ക് ഡൗണിനെത്തുടർന്ന് വരുമാനം നഷ്ടപ്പെട്ട തൊഴിലാളികൾ പട്ടിണിയെ നേരിട്ടപ്പോൾ അവരുടെ ശമ്പളം വെട്ടിക്കുറയ്ക്കരുതെന്ന് കേന്ദ്രസർക്കാർ ഉത്തരവിട്ടു. ആത്മാർത്ഥത തീരെയില്ലാത്തതിനാൽ സ്വന്തം ഉത്തരവ് നടപ്പാക്കാൻ സർക്കാർ യാതൊരു നടപടിയുമെടുത്തില്ല. ഉത്തരവ് മരവിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുതലാളിമാർ ഫയൽചെയ്ത കേസിൽ അവർക്ക് അനുകൂലമായി സുപ്രീംകോടതി വിധി പുറപ്പെടുവിച്ചു. പണി ചെയ്യുന്ന തൊഴിലാളിക്ക് ശമ്പളം നൽകണമെന്ന നിയമം നിലനിൽക്കുന്ന ഒരു രാജ്യത്ത്, പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടാകരുതെന്ന് നിഷ്കർഷിച്ച ഉത്തരവ് മരവിപ്പിച്ചു! അതും രാജ്യത്തിന്റെ പരമോന്നത കോടതി! ലോക്ക്ഡൗൺ വേളയിൽ നിസ്സഹായരും പരിഭ്രാന്തരുമായ തൊഴിലാളികളും കുടുംബങ്ങളും ജീവനും ജീവിതവും നിലനിർത്താനായി നൂറുകണക്കിന് കിലോമീറ്ററുകൾ അകലെയുള്ള സ്വന്തം ഗ്രാമങ്ങളിലേക്ക് കാൽനടയായി സഞ്ചരിച്ചു. വഴിയിൽ നിരവധി തൊഴിലാളികൾ പിടഞ്ഞുവീണു മരിച്ചു. അതൊന്നും കോടതിയുടെ മനസ്സ് അലിയിച്ചില്ല. മറിച്ച് അവർ മുതലാളിയുടെ വരുമാന നഷ്ടത്തെപ്പറ്റി കദനപ്പെടുകയായിരുന്നു.

മനുഷ്യത്വരഹിതമായതൊഴിൽ സാഹചര്യങ്ങൾ കാരണം ഹരിയാനയിലെ മാരുതി മാനേജ്മെന്റിനെതിരായ തൊഴിലാളികളുടെ സമരത്തിനിടയിലെ തീപിടുത്തത്തിൽ ഒരാൾ മരണപ്പെട്ടതിന്റെ കുറ്റം തൊഴിലാളികൾക്ക് മേൽ ചാർത്തി 148 തൊഴിലാളികളെ ജാമ്യം നിഷേധിച്ച് മൂന്നരവർഷത്തോളം ജയിലിലിലടയ്ക്കുകയും 18 തൊഴിലാളി നേതാക്കളെ ജീവപര്യന്തം തടവ് ശിക്ഷയ്ക്ക് വിധിക്കുകയുമുണ്ടായി. ജാമ്യം നിഷേധിച്ചു കൊണ്ട് പുറപ്പെടുവിച്ച വിധിയിൽ പറഞ്ഞത്, ജാമ്യം നൽകിയാൽ തൊഴിൽ സമരങ്ങൾ കാരണം വിദേശ നിക്ഷേപകർ ഇന്ത്യയിൽ പണം മുടക്കാൻ തയ്യാറാവില്ല എന്നാണ്.

ജീർണിച്ച ഈ വ്യവസ്ഥിതിയുടെ എല്ലാ എടുപ്പുകളും മലിനമാകുന്നത് പോലെ ജുഡീഷ്യറിയും അപചയത്തെ നേരിടുന്നതാണ് നാം കാണുന്നത്. അതിന്റെ പുഴക്കുത്തുകൾ പുറത്ത് വിളിച്ചു പറയുന്നത് ന്യായാധിപസഭകളിലെ ഏറ്റവും പ്രമുഖർ തന്നെയാണ്. അധികാര വർഗ്ഗത്തിന് വേണ്ടി വിധി പറയുന്നതിന് പ്രതിഫലമായി പദവികൾ ഏറ്റുവാങ്ങുന്നതിൽ യാതൊരു ജാള്യതയും ഇന്നു കാണുന്നില്ല. ഭരണവർഗ്ഗത്തിന്റെ, മൂലധനശക്തികളുടെ താൽപര്യാർത്ഥം വരുന്ന നിയമങ്ങൾ മുകളിൽനിന്ന് കെട്ടിയിറക്കപ്പെടുന്നവയാണ്. ദേശീയ വിദേശീയ കോർപ്പറേറ്റ് ഉപശാലകളിൽ നിന്നും അവർക്കുവേണ്ടി ചിന്തിക്കുന്ന വരേണ്യ പണ്ഡിതന്മാരിൽ നിന്നും ഉടലെടുത്തു സർക്കാർ ഭരണയന്ത്രത്തിലൂടെ, 'നിയമനിർമ്മാണസഭ'കളിലൂടെ നാടിന്റെ നിയമ സഞ്ചയത്തിൽ ചേർക്കപ്പെടുന്ന പുതിയ നിയമങ്ങളെല്ലാം അതിധനികർക്കുവേണ്ടി മാത്രമുള്ളവയാണ്. കാർഷിക നിയമങ്ങളും തൊഴിൽ കോഡുകളുമൊക്കെ അങ്ങനെ വന്നതാണ്.

നിയമങ്ങളുടെ വർഗപരമായ ഉള്ളടക്കം തുറന്നു കാട്ടിക്കൊണ്ട് ഈ യുഗത്തിലെ സമുന്നതനായ മാർക്സിസ്റ്റ് ദാർശനികൻ സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു, 'ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ നിയമം ഭരണവർഗ താല്പര്യങ്ങളെ കാത്തുസൂക്ഷിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നു. അതിനാൽ നിയമം എല്ലാവർക്കും തുല്യമാണ് എന്ന അവകാശവാദം യഥാർഥത്തിൽ ജനങ്ങളുടെ മുന്നിൽ നിയമങ്ങളുടെ സ്വഭാവത്തെ മറച്ചുവയ്ക്കാനുള്ള തട്ടിപ്പ്തന്ത്രം മാത്രമാണ്. ദുർബലർക്കും ആലംബഹീനർക്കുംഅടിച്ചമർത്തപ്പെടുന്നവർക്കും അധ്വാനിക്കുന്നവർക്കും അന

(ശേഷം 14–ാം പേജിൽ)

# കോടതികളെ നീതിയുടെ പക്ഷത്ത് നിലനിർത്താനും പ്രക്ഷോഭം മാത്രമാണ് മാർഗ്ഗം

(13–ാം പേജിൽ നിന്ന്)

കൂലമായി നിയമം ചമക്കപ്പെട്ടുമ്പോൾ മാത്രമേ തുല്യനീതി പുലരൂ. വിഖ്യാതനായ ഫ്രഞ്ച് സാഹിത്യകാരൻ അനറ്റോൾ ഫ്രാൻസ് പരിഹാസത്തിൽ മുക്കി പറഞ്ഞു, 'നിയമം അതിന്റെ പ്രൗഢമായ തുല്യനീതിയാൽ, ധനികനെയും ദരിദ്രനെയും പാലത്തിനടിയിൽ കിടന്നുറങ്ങുന്നതിലും തെരുവിൽ യാചിക്കുന്നതിലും ഭക്ഷണം മോഷ്ടിക്കുന്നതിലും നിന്നു ഒരേപോലെ വിലക്കുന്നു'.

പോലീസ് സംവിധാനവും കോടതി വ്യവസ്ഥയും ദരിദ്രനും ധനികനും വച്ചു നീട്ടുന്ന ഇരട്ട നീതിയുടെ വേർതിരിവും നമ്മൾ കാണുന്നുണ്ട്. നിയമ പുസ്തകങ്ങളിൽ അധ്വാനിക്കുന്ന ദുർബലന് അനുകൂലമായി നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാറില്ല. തൊഴിൽ നിയമങ്ങളുടെ കാര്യം നമുക്കറിയാം. ഈയൊരു പരിപ്രേക്ഷ്യത്തിലാണ് സഖാവ് ശിബ്ദാസ് ഘോഷിന്റെ പ്രസിദ്ധമായ പാഠം പ്രസക്തമാകുന്നത്. അദ്ദേഹം പറഞ്ഞു, 'ചൂഷണാധിഷ്ഠിതമായ ഒരു സാമൂഹിക വ്യവസ്ഥയിൽ നിയമപരമായതെല്ലാം എല്ലായ്പ്പോഴും നീതിപരമോ ധാർമ്മികമോ മാനുഷികമോ ആവണമെന്നില്ല. അതുപോലെ നിയമത്തിന്റെ ദൃഷ്ടിയിൽ നിയമവിരുദ്ധമായതെല്ലാം അനീതിപരമോ അധാർമികമോ മനുഷ്യത്വരഹിതമോ ആവണമെന്നില്ല'.

## മർദ്ദകഭരണകൂടങ്ങൾ നിർമ്മിച്ച നിയമങ്ങളെ അവർതന്നെ വ്യാഖ്യാനിച്ച് മർദ്ദിതരെ അടിച്ചമർത്തുകയാണ് എല്ലാക്കാലത്തെയും 'നീതി'

കാലം മുന്നേറുമ്പോൾ ഒരുകാലത്ത് പുരോഗമനപരമായിരുന്ന നിയമങ്ങൾ തന്നെ പിന്തിരിപ്പനായി മാറാം. ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട എത്രയോ നിയമങ്ങൾ പിന്നീടൊരു കാലത്ത് ജുഗുപ്സാവഹമായി വീക്ഷിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യനെ അടിമയാക്കി വച്ചതും, അവനെ യഥേഷ്ടം കൊന്നതും, ഒരു വിഭാഗത്തിന് മാറുമറയ്ക്കാൻ അനുവാദമില്ലാതിരുന്നതും, വഴിനടക്കാൻ അനുവദിക്കാതിരുന്നതും വിദ്യ നിഷേധിച്ചതുമെല്ലാം അതത് കാലത്തു നിലവിലിരുന്ന ചട്ടങ്ങൾക്കനുസൃതമായിരുന്നു. ഭൂമിയെല്ലാം രാജാവിന്റെയും ജന്മിയുടെയും കൈവശമിരുന്നത് നിയമപരമായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ അടക്കിഭരിച്ചതും നമ്മുടെ സമ്പത്ത് കൊള്ളയടിച്ചതും കർക്കശമായ വാക്കുകളിൽ എഴുതപ്പെട്ട ഏതെങ്കിലുമൊക്കെ നിയമത്തിന്റെ പിൻബലത്തിലായിരുന്നു. അവയെയൊക്കെ ചോദ്യം ചെയ്തവരെ ശിക്ഷിച്ചു കൊന്നതും തടങ്കലിൽ ഇട്ടതും നിയമത്തിലെ വകുപ്പുകൾ പ്രകാരമായിരുന്നു. ന്യൂറംബർഗ് വിചാരണയിൽ നാസികളുടെ കൊടുംപാതകങ്ങൾക്ക് നേതൃത്വം കൊടുത്തവർ വാദിച്ചത്, ജർമനിയിൽ അന്ന് നിലവിലുണ്ടായിരുന്ന നിയമങ്ങൾ അനുസരിക്കുക മാത്രമേ അവർ ചെയ്തുള്ളൂ എന്നാണ്. ഭരണവർഗ്ഗത്തിന്റെ മർദ്ദനമുറകളുടെ പ്രതീകങ്ങളായിരുന്ന നിയമങ്ങളെയെല്ലാം പിഴുതെറിഞ്ഞതും സംഘടിതമായ ജനമുന്നേറ്റങ്ങളിലൂടെയാണ്. പഴയ നിയമങ്ങൾ ജനവിരുദ്ധവും അധാർമികവും അന്യായവുമായി മാറുമ്പോഴാണ് പുതിയ നീതിസാരങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ നിയമങ്ങൾ ഉടലെടുക്കുന്നത്. ജനങ്ങൾക്കാണ് പഴയനിയമങ്ങൾ റദ്ദ് ചെയ്യാനും പുതിയവ സൃഷ്ടിക്കാനുമുള്ള അവകാശം. ജന താല്പര്യത്തെ ഹനിക്കുന്ന നിയമങ്ങൾ വിചാരണ ചെയ്യപ്പെടുന്നതും പുതിയ നിയമങ്ങൾ സൃഷ്ടിക്കുവാനുള്ള മുറവിളി ഉയരുന്നതും കോടതി മുറികളിലല്ല, തെരുവുകളിലാണ്.




ഈയവസരത്തിൽ സഖാവ് ശിബ്ദാസ് ഘോഷിന്റെ പാഠങ്ങൾ ഓർക്കാം. അദ്ദേഹം പറഞ്ഞു, ' നിയമം അധ്വാനിക്കുന്നവരുടെ താല്പര്യങ്ങൾക്ക് പ്രതിബന്ധമായി മാറുകയാണെങ്കിൽ അതിനെ പിന്തുണയ്ക്കുന്നതിന് പകരം നിയമത്തിനെതിരെ നിലകൊണ്ടുപോലും അവർ മാനുഷികനീതി ഉയർത്തിപ്പിടിക്കണം. ആവശ്യമെങ്കിൽ നിയമത്തെ തിരുത്തുവാൻ സർക്കാരിനെ നിർബന്ധിതമാക്കണം.'

## വിജയം വരിച്ച ജനകീയമുന്നേറ്റങ്ങളെല്ലാം കോടതിയുടെ തിട്ടൂരങ്ങളെ തള്ളിക്കളഞ്ഞു

കർഷകമാരണ നിയമങ്ങളെ പിൻവലിക്കാനായി രാജ്യത്തെ കർഷകർ പൊരുതിയത് നിരവധി നിയമങ്ങളെ ലംഘിച്ചുകൊണ്ടായിരുന്നു. നിയമപരമായ നിരോധനാജ്ഞകളെയും രാജ്യദ്രോഹകുറ്റം ആരോപിക്കപ്പെട്ടതിനെയുമെല്ലാം നേരിട്ടായിരുന്നു കർഷകസമരം മുന്നേറിയത്. ഭരണമുതലാളി വർഗത്തിന്റെ കടുത്ത താൽപര്യങ്ങളെ സംരക്ഷിക്കുന്ന നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടതിനാൽ നൂറുകണക്കിന് ജീവൻ സമരവേദിയിൽ ബലി നൽകേണ്ടിവന്നു. കോടതിയുടെ എത്രയോ വിധികൾ സമരത്തിനെതിരെ വന്നു. 'ഞങ്ങൾ കോട

(ശേഷം 15–ാം പേജിൽ)

# കെ റെയിൽ നമുക്ക് വേണ്ട; സാംസ്കാരിക മഹാസംഗമം വിജയിപ്പിക്കുക

**കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ അഭ്യർത്ഥന**

സുഹൃത്തേ,

തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും പശ്ചിമഘട്ട മലനിരകളും നദികളും കടൽത്തീരങ്ങളുമെല്ലാം ചേർന്ന് ഒരു വരമ്പുപോലെ നീണ്ടുകിടക്കുന്ന കേരളമെന്ന അതിമനോഹരമായ സംസ്ഥാനത്തിന്റെ ഭാവി നിലനിൽപ്പുതന്നെ അപകടത്തിലേക്ക് നീങ്ങുന്നുവെന്ന് തിരിച്ചറിഞ്ഞ ജനങ്ങൾ ഒന്നിക്കുന്ന അസാധാരണ നാളുകളാണിത്. കെ റെയിൽ നിർമ്മിക്കുന്ന സിൽവർലൈൻ എന്ന അർദ്ധ-അതിവേഗ തീവണ്ടിപ്പാതയ്ക്കായി തയ്യാറാക്കപ്പെട്ട പദ്ധതി, പാരിസ്ഥിതികമായി അതീവ ലോലമായ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കരുതെന്ന് ശാസ്ത്രലോകവും സാങ്കേതികവിദഗ്ധരും എത്രയോവട്ടം മുന്നറിയിപ്പ് നൽകിയിട്ടും അവയെ തെല്ലും പരിഗണിക്കാതെ കണ്ണുംപൂട്ടി മുന്നോട്ടുകുതിക്കുന്ന അധികാരികളുടെ നീക്കങ്ങൾക്കെതിരെ ചെറുത്തുനിൽപ്പ് സമരം പടരുകയാണ്.

സാഹിത്യ-സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിലെ ഉന്നത വ്യക്തിത്വങ്ങൾ കെ റെയിൽ പദ്ധതി ഉപേക്ഷിക്കണമെന്ന് പരസ്യമായി ആവശ്യപ്പെട്ടു കഴിഞ്ഞു. അതിനായി കാവ്യങ്ങൾ രചിക്കുന്ന കവികൾ, പ്രതിഷേധ ചിത്രങ്ങൾ വരക്കുന്ന ആർട്ടിസ്റ്റുകൾ, പ്രതിഷേധശബ്ദം പ്രതിഫലിപ്പിക്കുന്ന മാധ്യമങ്ങൾ, ഏവരും ഏകസ്വരത്തിൽ എതിർപ്പുകൾ ഉയർത്തുമ്പോഴും സംസ്ഥാനത്തിന്റ ഭരണസാരഥ്യം വഹിക്കുന്നവർ കെ റെയിലിനെ ഭാവി വികസനത്തിന്റെ സ്വപ്നപദ്ധതിയായി കൊണ്ടാടുന്നുവെന്നതാണ് വിരോധാഭാസം.

വല്ലാർപാടം, വിഴിഞ്ഞം, സ്മാർട്ട്സിറ്റി, കൊച്ചിമെട്രോ തുടങ്ങിയ മുൻകാല സ്വപ്നപദ്ധതികളുടെ ശവപ്പറമ്പാണ് കേരളം. വൻകിട നിക്ഷേപകരുടെ വികസന വിഭ്രാന്തികളുടെ ഇരകളാണ് മൂലമ്പിള്ളിയിലെയുംചെല്ലാനത്തെയുംപൂത്തുറയിലെയുംമറ്റും കുടിയിറക്കപ്പെട്ട, പതിറ്റാണ്ടുകൾക്ക് ശേഷവും പുനഃരധിവസിപ്പിക്കപ്പെടാത്ത, സർവ്വസ്വവും നഷ്ടപ്പെട്ട മനുഷ്യർ. എന്നാൽ, കേരളം ഇന്നേവരെ കണ്ടതിൽവെച്ച് എറ്റവും ഭയാനകമായ കുടിയിറക്കലിന് കെ റെയിൽ വഴിതുറക്കാൻ പോകുന്നു. പതിനായിരങ്ങൾ സ്വഭവനം നഷ്ടപ്പെട്ട് വഴിയാധാരമാകും. ലക്ഷക്കണക്കിന് മനുഷ്യർക്കാണ് അതിവേഗ പാതയിലൂടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടാൻ പോകുന്നത്.

530 കിലോമീറ്റർ ദൂരത്തിൽ നിർമ്മിക്കപ്പെടുന്ന സിൽവർ ലൈൻ പാതയുടെ ഇരു വശങ്ങളിലുമായി എല്ലായിടത്തും 30 മീറ്റർ വീതം സ്ഥലം ബഫർ സോണായി മരവിപ്പിക്കപ്പെടുന്നതിനാൽ കുടിയിറക്കപ്പെടുന്നവരെക്കാൾ, തൊട്ടുപിന്നിൽ ഭൂമിയുള്ള പതിന്മടങ്ങ് ജനങ്ങൾക്കാണ് അവരുടെ ഭൂമിയിലെ സർവ്വ വ്യവഹാരങ്ങളും തടയപ്പെടാൻപോകുന്നത്.

പാത നിർമ്മിക്കുവാൻ ഇനിയും വലിയ വില നാം നൽകണം.അതിലൊന്ന് കേരളത്തെ സംരക്ഷിക്കുന്ന പശ്ചിമഘട്ട മലനിരകളെ ബലി നൽകണമെന്നതാണ്. ഉഗ്രസ്ഫോടനങ്ങളിലൂടെ കേരളത്തിലെ മുഴുവൻ മലനിരകളും തകർത്താലും കെ റെയിൽ നിർമ്മാണത്തിനാവശ്യമായ തോതിൽ പാറകൾ കണ്ടെത്താനാവില്ലയെന്നതും അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. പശ്ചിമഘട്ടം തകർന്നാൽ തിരിച്ചു വരാനാവാത്ത വിധം കേരളം പരിപൂർണ്ണമായി തകർന്നുപോകുമെന്ന് മഹാപ്രളയങ്ങളെ സാക്ഷിയാക്കി മാധവ് ഗാഡ്ഗിൽ ഉൾപ്പടെയുള്ള പരിസ്ഥിതി ശാസ്ത്രജ്ഞർ ആവർത്തിച്ച് മുന്നറിയിപ്പ് നൽകുന്നു.

സിൽവർലൈൻ പ്രധാനമായും ഒരു എംബാങ്ക്മെന്റ് പാതയാണ്. 293 കിലോമീറ്റർ ദൂരത്തിൽ പാതയ്ക്കിരുവശവും നിർമ്മിക്കുന്ന മണൽ ഭിത്തികൾ 8 മീറ്റർ മുതൽ 18 മീറ്റർ വരെ ഉയരത്തിൽ ആയിരിക്കുമെന്ന് പദ്ധതിയുടെ ഡിപിആർ വ്യക്തമാക്കുന്നു. കൂടാതെ, 500 മീറ്റർ ഇടവിട്ട് സർവീസ് റോഡുകൾക്കായി അടിപ്പാതകളും നിർമ്മിക്കേണ്ടിവരും. അതിനെല്ലാമായി, കേരളത്തിന്റെ ഹൃദയഭൂമിയെ എത്രവട്ടം കീറിമുറിക്കേണ്ടി വരും?

ഇതിനകം ആസൂത്രണം ചെയ്യപ്പെട്ട പ്രകാരം കെ റെയിൽ കടന്നുപോകുന്ന 93% സ്ഥലവും അതീവ പരിസ്ഥിതിലോലമാണെന്ന് ഡിപിആർ ചൂണ്ടിക്കാട്ടുന്നു. അതേസമയം, പദ്ധതിച്ചിലവിന്റെ എസ്റ്റിമേറ്റിൽ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ ആകെ ഒരുശതമാനം മാത്രമേയുള്ളൂവത്രെ. അപ്പോൾ, വസ്തുതകൾ മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോയാണ് നടത്തിപ്പുകാരായ കെആർഡിസിഎൽ കമ്പനി.

കേരളപ്പിറവിക്കുശേഷം സംസ്ഥാനം ദർശിക്കുന്ന ഏറ്റവും ഭീമമായ ആഗോള നിക്ഷേപ പദ്ധതിയാണ് കെ റെയിൽ. 63,940.67 കോടി രൂപയാണ് പ്രാഥമിക പദ്ധതി രൂപരേഖയിൽ ആദ്യം കാണിച്ച എസ്റ്റിമേറ്റ് തുക. എന്നാൽ, 1.33ലക്ഷം കോടി രൂപയെങ്കിലും വേണ്ടിവരുമെന്ന കേന്ദ്ര നീതി ആയോഗിന്റെ റിപ്പോർട്ടുകൂടി പരിഗണിച്ച് യഥാർത്ഥ ചെലവ് രണ്ട് ലക്ഷം കോടി രൂപയെങ്കിലും വേണ്ടിവരുമെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ജപ്പാൻ ഇന്റർനാഷണൽ ബാങ്കും ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കും, കരിമ്പട്ടികയിൽ ഉൾപ്പെട്ട ഫ്രഞ്ച് കമ്പനിയായ സിസ്ട്രയും മേൽ സംരംഭത്തിൽ വൻകിട ധനകാര്യ സഹായത്തിനും സാങ്കേതിക വിദ്യ കൈമാറ്റത്തിനുമായി പിന്നിലുണ്ട്. കെ റെയിൽ പദ്ധതി വൻതോതിൽ വിദേശവായ്പയെ അടിസ്ഥാനമാക്കിയതാണ്. പലിശയടക്കം പദ്ധതിക്ക് വേണ്ടി വരുന്ന ഭീമമായ തുകയുടെ തിരിച്ചടവ് കേരളമെന്ന കൊച്ചുസംസ്ഥാനത്തെ പണയപ്പെടുത്തിയാൽ പ്പോലും നിർവഹിക്കാനാകുമോ?

ജപ്പാൻ ഉപേക്ഷിച്ച പഴയ സ്റ്റാൻഡേർഡ് ഗേജ് സാങ്കേതിക വിദ്യയിലൂന്നിയ, വിദേശ ബാങ്കുകൾക്ക് കേരള ജനതയെ കടപ്പെടുത്തുന്ന, വേറിട്ട സിൽവർലൈൻ പാതയിൽ പക്ഷേ, മഹാഭൂരിപക്ഷംവരുന്ന സംസ്ഥാനത്തെ സാധാരണക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന യാത്രാനിരക്കല്ല ഏർപ്പെടുത്തുന്നത്. ഇന്ത്യൻ റെയിൽവേയിൽ നിലവിലുള്ള യാത്രാനിരക്കിനെക്കാൾ പലമടങ്ങ് ഉയർന്നതാണ് കെ റെയിൽ നിരക്ക്. 1457രൂപയാണ് കാസർകോഡുനിന്ന് തിരുവനന്തപുരത്തേയ്ക്ക് യാത്ര ചെയ്യാൻ നൽകേണ്ട മിനിമം ചാർജ്. 2030ൽ പദ്ധതി പൂർത്തിയാകുമ്പോൾ യാത്രാനിരക്ക് ഇരട്ടിയെങ്കിലും ആകും.

ചുരുക്കത്തിൽ, കേരളത്തിന് താങ്ങാനാവാത്തപ്രത്യാഘാതങ്ങൾസൃഷ്ടിക്കുന്നതും നിതാന്ത പ്രളയദുരന്തങ്ങളിലേക്ക് നാടിനെ നയിക്കുന്നതിന് കാരണമാകുന്നതുമായ കെ റെയിൽ എന്ന വിനാശ പദ്ധതി നടപ്പാക്കരുതെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. നിലവിലുള്ള റയിൽവേ യാത്രാ പാതയിൽനിന്നും വേറിട്ട കെ റെയിൽ കേരള ജനതയുടെ അഭിലാഷങ്ങളെ ഒരു വിധത്തിലും പ്രതിനിധാനം ചെയ്യുന്നില്ല. ജനഹിതത്തിന് വിരുദ്ധമായ ഈ പദ്ധതിക്ക് കേന്ദ്ര റയിൽവേ മന്ത്രാലയം അനുമതി നല്കരുതെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കെ റെയിൽ പാതയ്ക്കെതിരെ സംസ്ഥാനമെമ്പാടും വളർന്നുവരുന്ന ജനകീയ പ്രക്ഷോഭത്തിന് ഞങ്ങൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. അതിനായി, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ഏപ്രിൽ 12ന് കോട്ടയത്ത് സംഘടിപ്പിക്കുന്ന കെ റെയിൽവിരുദ്ധ സാംസ്കാരിക മഹാസംഗമത്തിൽ പങ്കുചേരാൻ ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■



മാർച്ച് 14

## മഹാനായ കാൾ മാർക്സ് അനുസ്മരണ ദിനം

"തങ്ങളുടെ വീക്ഷണവും ലക്ഷ്യങ്ങളും ഒളിപ്പിച്ചുവെയ്ക്കുന്നത് കമ്മ്യൂണിസ്റ്റുകൾ വെറുക്കുന്നു. നിലനിൽക്കുന്ന എല്ലാ സാമൂഹിക സാഹചര്യങ്ങളെയും ബലമായി തകർത്തെറിഞ്ഞുകൊണ്ട് മാത്രമേ തങ്ങളുടെ ലക്ഷ്യങ്ങൾ നേടാനാകൂ എന്നവർ പരസ്യമായി പ്രഖ്യാപിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവത്താൽ ഭരണവർഗ്ഗങ്ങൾ വിറയ്ക്കട്ടെ! തൊഴിലാളി വർഗ്ഗത്തിന് നഷ്ടപ്പെടാൻ യാതൊന്നുമില്ല, തങ്ങളുടെ ചങ്ങലകളല്ലാതെ, അവർക്ക് നേടാനുള്ളത് ഒരു ലോകവും. സർവ്വരാജ്യ തൊഴിലാളികളെ ഏകോപിക്കുവിൻ."

–മാർക്സ്–ഏംഗൽസ്, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ



മാർച്ച് 5

## മഹാനായ സ്റ്റാലിൻ അനുസ്മരണ ദിനം

"മുതലാളിത്ത സമ്പദ്ഘടന വികസിക്കുന്നത് സമൂഹത്തിന്റെ താല്പര്യം മുൻനിർത്തിയല്ല, മുതലാളിമാർക്ക് പരമാവധി ലാഭം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ്. സ്വന്തം രാജ്യത്തെ ജനങ്ങളിൽ ഭൂരിപക്ഷത്തെയും ചൂഷണംചെയ്തും നശിപ്പിച്ചും പട്ടിണിക്കിട്ടും, മറ്റ് രാജ്യങ്ങളിലെ, വിശേഷിച്ച് പിന്നാക്ക രാജ്യങ്ങളിലെ ജനങ്ങളെ അടിമകളാക്കിയും ചിട്ടയായി കൊള്ളയടിച്ചും, അതോടൊപ്പം യുദ്ധങ്ങളിലൂടെയും ദേശീയ സമ്പദ്ഘടനയെ സൈനികവൽക്കരിച്ചുകൊണ്ടുമാണ് ആ ലാഭം ഉറപ്പാക്കുന്നത്."

–ജോസഫ് സ്റ്റാലിൻ

# എഐകെകെഎംഎസ് വഞ്ചനാദിനം ആചരിച്ചു

ഐതിഹാസികമായ കർഷക സമരത്തിന്റെ ഫലമായി മൂന്ന് കാർഷിക കരിനിയമങ്ങളും പിൻവലിക്കാൻ കേന്ദ്രസർക്കാർ നിർബന്ധിതമായെങ്കിലും സമരമുയർത്തിയ മറ്റ് ഡിമാന്റുകൾ അംഗീകരിക്കാൻ തയ്യാറാകാത്തതിനെതിരെ 2022 ജനുവരി 31 വഞ്ചനാദിനമായി ആചരിക്കാൻ സംയുക്ത കിസാൻ മോർച്ച ആഹ്വാനം ചെയ്തിരുന്നു. താങ്ങുവിലയ്ക്ക് നിയമസാധുത ഉറപ്പാക്കുക, 2021ലെ വൈദ്യുതി(ഭേദഗതി) ബിൽ പിൻവലിക്കുക, സമരത്തിൽ രക്തസാക്ഷികളായവരുടെ കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകുക, പ്രക്ഷോഭത്തിൽ പങ്കെടുത്ത കർഷകർക്കുമേൽ അടിച്ചേൽപ്പിച്ച കേസുകളെല്ലാം പിൻവലിക്കുക, ലഖിംപൂർ ഖേരി കൊലപാതകത്തിന് ഒത്താശ നൽകിയ കേന്ദ്രമന്ത്രി അജയ് മിശ്രയെ പുറത്താക്കുക എന്നിവയായിരുന്നു മറ്റ് ഡിമാന്റുകൾ. സംയുക്ത കിസാൻ മോർച്ചയിലെ ഒരു സുപ്രധാന ഘടകകക്ഷിയായ അഖിലേന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടന(എഐകെകെഎംഎസ്) രാജ്യമെമ്പാടും ശക്തമായ പ്രതിഷേധ പരിപാടികളോടെ വഞ്ചനാദിനം സമുചിതം ആചരിച്ചു. ■

### വിദ്യാർത്ഥികളുടെ യാത്രാചാർജ്ജ് വർദ്ധനവിനെതിരെ...




വിദ്യാർത്ഥികളുടെ മിനിമം ചാർജ്ജ് 1 രൂപയിൽനിന്നും 5 രൂപയാക്കി വർദ്ധിപ്പിക്കുവാനും, കൺസഷൻ പ്രായപരിധി 17 വയസ്സായി ചുരുക്കുവാനും റേഷൻ കാർഡ് അടിസ്ഥാനത്തിൽ വിദ്യാർഥികളുടെ നിരക്ക് നിശ്ചയിക്കുവാനും നിർദ്ദേശിക്കുന്ന ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഐഡിഎസ്ഒ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് അഖിലേന്ത്യാ ജോ.സെക്രട്ടറി സഖാവ് ബിനുബേബി ഉദ്ഘാടനം ചെയ്യുന്നു.

(14–ാം പേജിൽ നിന്ന്)

തിയിൽ ഹർജി നൽകിയിട്ടില്ല, അതിനാൽ വിധികൾ ഞങ്ങൾക്ക് സ്വീകാര്യവുമല്ല' എന്ന് പ്രഖ്യാപിച്ചുകൊണ്ട് കോടതി ഇടപെടലുകളെ കർഷകർ അവജ്ഞയോടെ തള്ളിക്കളഞ്ഞു. നിയമങ്ങളെ ഒന്നരവർഷത്തേക്ക് മരവിപ്പിച്ചുകൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ തങ്ങൾ നിയമങ്ങൾ മരവിപ്പിക്കാനല്ല, പിൻവലിപ്പിക്കാനാണ് സമരം ചെയ്യുന്നതെന്ന് കർഷകർ തിരിച്ചടിച്ചു. ഒടുവിൽ കോടതിവിധികളെ കർഷകർ മാനിക്കില്ലെന്നും മരണം വരിച്ചാൽ പോലും പിൻ വാങ്ങില്ലെന്നും ഉറച്ച ബോധ്യം കോടതിക്ക് വന്നതോടെ നടപ്പാക്കാനാവാത്തവിധികൾ പുറപ്പെടുവിക്കുന്നതിൽ നിന്ന് കോടതികളും പിൻവാങ്ങുകയാണുണ്ടായത്.

വിളപ്പിൽശാല സമരത്തിലും സമാനമായ സാഹചര്യമാണ് നമ്മൾ കണ്ടത്. ശുദ്ധവായു ശ്വസിക്കാനുള്ള അവകാശത്തിനുവേണ്ടി നിലവിലുള്ള നിയമങ്ങളെ ലംഘിച്ചുകൊണ്ടു തന്നെയായിരുന്നു വിളപ്പിശാല ജനത നീണ്ട 11 വർഷം സമരം ചെയ്തത്. പ്രാദേശിക കോടതി മുതൽ സുപ്രീംകോടതി വരെ നിലവിലുള്ള നിയമങ്ങൾ വ്യാഖ്യാനിച്ചുകൊണ്ട് സമരത്തിനെതിരെ വിധികൾ പുറപ്പെടുവിച്ചു. പക്ഷേ മനുഷ്യോചിതമായ ജീവിതത്തിനുവേണ്ടി മരിക്കാൻ പോലും തയ്യാറായ ഒരു ജനതയ്ക്ക് മുന്നിൽ നിയമപരമെങ്കിലും അന്യായമായ കോടതി വിധികളുടെ മുനയൊടിഞ്ഞു. സംഘടിതമായ ജനേച്ഛയിൽ പ്രകടിതമായ തീവ്രമായ ന്യായത്തിന്റെ പ്രകാശം ഒടുവിൽ കോടതികൾക്കും അംഗീകരിക്കേണ്ടിവന്നു. തുടർന്ന് സമരത്തിന്റെ ഡിമാന്റിനനുകൂലമായ വിധികൾ പുറപ്പെടുവിക്കേണ്ടി വന്നതും ചരിത്രത്തിൽ വ്യക്തമായി അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നു.




കെറെയിൽപദ്ധതിയെ കുഴിച്ചുമൂടാൻ ജനങ്ങൾക്ക് മുമ്പിലുള്ള ഒരേയൊരു മാർഗ്ഗം പ്രക്ഷോഭത്തിന്റേതുമാത്രമാണ്. കോടതിവിധികൾ പിന്തുണച്ചതിനാലും സഹായിച്ചതിനാലും വിജയം നേടാൻ കഴിഞ്ഞ ഒരു സമരവും നമുക്ക് മുമ്പിലില്ല. മറിച്ച് കരുത്താർജ്ജിച്ച് മുന്നേറുന്ന ജനകീയപ്രക്ഷോഭങ്ങളുടെ നിശ്ചയദാർഢ്യത്തെ അംഗീകരിച്ചുകൊണ്ട്, പ്രക്ഷോഭങ്ങളോടൊപ്പം നിൽക്കാൻ കോടതികളെ നിർബ്ബന്ധിതമാക്കിത്തീർക്കുകയാണ് വേണ്ടത്. കോടതികളെ നീതിയുടെ പക്ഷത്ത് ഉറപ്പിച്ച് നിർത്താനും പ്രക്ഷോഭം ഒന്നുമാത്രമാണ് മാർഗ്ഗം.

കെ-റെയിൽ സിൽവർലൈൻ പദ്ധതിക്കെതിരെയുള്ള പ്രതിഷേധവും ചെറുത്തുനിൽപ്പും പ്രസരിപ്പിക്കുന്നത് ജനാധിപത്യ പ്രക്രിയയുടെ സൗരഭ്യമാണ്. തങ്ങളുടെ മുൻതലമുറകളുടെ അധ്വാനഫലം സംരക്ഷിക്കാനും ഭാവിതലമുറയുടെ നിലനിൽപ്പിനു വേണ്ടിയുമാണ് ഈ സമരദൗത്യത്തിൽ മുഴുകുന്നത് എന്ന തികഞ്ഞ ബോധ്യത്തോടെയാണ് സമരസേനാനികൾ നിലകൊള്ളുന്നത്. ഊതിവീർപ്പിച്ച സമരം, ദുർബല പ്രതിഷേധം എന്നൊക്കെ സിപിഐ (എം) സംസ്ഥാനസമ്മേളനം വിശേഷിപ്പിച്ച കെ റെയിൽ വിരുദ്ധ സമരത്തെ നേരിടാൻ, ഒരു ചെറിയ ഗ്രാമത്തിൽ കല്ലിടാൻ എന്തിനാണ് ഇത്രയും വലിയ പോലീസ്നിര? ശത്രു രാജ്യത്തെ കീഴ്പ്പെടുത്താനെന്നവണ്ണം വൻ പോലീസ് പടയുടെ അകമ്പടിയോടെ സ്വന്തം കിടപ്പാടത്തിനുമുകളിൽ അധികാരത്തിന്റെ, അഹന്തയുടെ കല്ലടയാളം സ്ഥാപിക്കുവാൻ വരുമ്പോൾ നിർഭയമായി, നിശ്ചയദാർഢ്യത്തോടെ നേരിടുന്ന വീട്ടമ്മമാരും വൃദ്ധരും കുട്ടികളുമടക്കമുള്ള സമരസേനാനികളുടെ ദളങ്ങൾ അനുദിനം വർദ്ധിച്ചു വരികയാണെന്നത് ആത്യന്തിക വിജയത്തിന്റെ സൂചനയാണ്. കല്ലിടലിനെതിരായ പ്രതിരോധം നിരവധിയായ പോർമുഖങ്ങളിൽ ഒന്ന് മാത്രമാണ്. അതിനാൽ കേരളമാകെ കല്ലിട്ടാൽ ചെറുത്തുനിൽപ്പ് അവസാനിച്ചതായി സർക്കാർ കരുതേണ്ട. നിങ്ങളുടെ ഓരോ കാൽവെപ്പിലും പ്രതിരോധമുണ്ടാകും. സത്യത്തിന്റെ പക്ഷത്ത് കേവലം ഭൂമി നഷ്ടപ്പെടുന്നവർ മാത്രമല്ല, കേരളമൊന്നാകെയാണ് നിലകൊള്ളുന്നത്.

പദ്ധതിനടത്തിപ്പിനായി ആവിഷ്കരിക്കുന്ന എല്ലാ നടപടിക്രമങ്ങൾക്കും നിയമങ്ങൾ പടച്ചു വച്ചിട്ടുണ്ടെങ്കിലും അത് കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് വിഘ്നം വരുത്തും എന്നതിനാൽ ആ കൊടിയ അന്യായത്തെ ചെറുക്കാൻ കേരളീയർക്കൊന്നാകെ ധാർമ്മിക ബാധ്യതയുണ്ട്. കേരളത്തെ സ്വച്ഛന്ദമായ, മനുഷ്യവാസയോഗ്യമായ ഇടമാക്കി നിലനിർത്താൻ വേണ്ടി നടത്തുന്ന സമരമാണിത്. സമര ശക്തിയാൽ സത്യവും നീതിയും സ്ഥാപിച്ചെടുക്കാൻ വേണ്ടി നടത്തുന്ന പോരാട്ടമാണിത്. തെരഞ്ഞെടുക്കാൻ ഒന്നിലധികം മാർഗ്ഗങ്ങളില്ലാത്ത ഒരു വേദിയാണിത്. സാമൂഹ്യപ്രവർത്തകനുംഗായകനുമായബോബ് മാർലി പറഞ്ഞതുപോലെ 'ലോകത്തെ കെട്ടതാക്കാൻ ദൃഢനിശ്ചയം ചെയ്തവർ വിശ്രമിക്കാതെ പ്രവർത്തിക്കുമ്പോൾ നമുക്ക് വിശ്രമിക്കുവാൻ അവകാശമില്ല.'

കേരളം വേണോ, കെ റെയിൽ വേണോ എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളു. കേരളത്തെ സംരക്ഷിക്കാൻ ഉശിരും നീതി ബോധവുമുള്ള കേരളീയർ നിവർന്നുനിന്ന് പോരാടി കൊണ്ടിരിക്കും. വിജയം വരെ അത് തുടരുകയും ചെയ്യും. ഈ വിനാശ പദ്ധതിയെ എതിർത്ത് പരാജയപ്പെടുത്തുകയെന്നത് വ്യക്തിയുടെയും സമൂഹത്തിന്റെയും സമീപ- വിദൂര ഭാവികളെ സംബന്ധിച്ച് ചിന്തയും കരുതലുമുള്ള ഏതൊരു പൗരന്റെയും ധാർമിക ചുമതലയാണ്. ■

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER UNITY**

FORM IV (See Rule 8)

Place of Publication : Trivandrum
Periodicity of the Publication : Monthly
Printer's Name : V.Venugopal
Nationality : Indian
Address : TC12/1242, Trivandrum Pin 695 035
Printer's Name, Nationality, Address : ,,
Editor's Name, Nationality, Address : ,,
Name and address of individuals who own the Newspaper or shareholder holding more than one percent of the total capital : KERALA STATE COMMITTEE, SOCIALIST UNITY CENTRE OF INDIA(COMMUNIST)
I, V.Venugopal, hereby declare that the particulars given above are true to the best of my knowledge and belief

Sd/- V.Venugopal
Signature of Publisher

01. 03. 2022

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2022 March
Price: Rs. 10.00



ആശ വർക്കർമാരുടെ നിയമസഭാ മാർച്ചിന്റെ മുൻനിര

# മിനിമം വേതനം ആവശ്യപ്പെട്ട് ആശാ വർക്കർമാരുടെ നിയമസഭാ മാർച്ച്

**21,000** രൂപ മിനിമം വേതനം നൽകുക; ഇതിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തുക, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ വർക്കിന് നിലവിലുള്ള 75 രൂപ 700 രൂപയാക്കി വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ(കെ.എ.എച്ച്.ഡബ്ലിയു.എ) നേതൃത്വത്തിൽ ആശ വർക്കർമാർ നിയമസഭ മാർച്ച് നടത്തി.

അസോസിയേഷൻസംസ്ഥാന പ്രസിഡണ്ട് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ലേബർ കോൺഫറൻസ് ആശ വർക്കർമാർക്ക് 21,000 രൂപ മിനിമം വേതനം നൽകണമെന്ന് പറഞ്ഞിട്ടും സർക്കാർ അത് പാലിക്കാത്തത് നിയമ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ വർക്കിന് പത്ത് വർഷം മുമ്പുള്ള 75 രൂപയാണ് ഇപ്പോഴും. ഇത് സംസ്ഥാന സർക്കാർ അംഗീകരിച്ച ഒരു ദിവസത്തെ മിനിമം കൂലിയായ 700 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഇടത് സർക്കാറിന് എങ്ങിനെ നിഷേധിക്കാനാകും. കോവിഡ് കാലത്ത് സ്തുത്യർഹമായ സേവനം നടത്തിയ ആശമാരുടെ നിലവിലുള്ള 6000 രൂപ ഓണറേറിയം പോലും മാനദണ്ഡങ്ങളുടെ പേരിൽ വെട്ടിക്കുറച്ച നടപടി മനുഷ്യത്വരഹിതമാണെന്നും അദ്ദേഹം പറഞ്ഞു.

സംഘടനയുടെ ജനറൽ സെക്രട്ടറി എം.എ.ബിന്ദു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കൺവീനർ എസ്. മിനി, കെ.പി.റോസമ്മ, സി.ഷൈലജ, പി.ഷൈനി, ജസ്സി തോമസ്, രേവതി രാജ്, എ.സബൂറ, കെ.ജെ.ഷീല, ആശാ രാജ്, ട്വിങ്കിൾ പ്രഭാകരൻ, എൻ. സുഗന്ധി, ശരണ്യ രാജ് തുടങ്ങിയവർ പ്രസംഗിച്ചു. സെക്രട്ടറിയേറ്റിന് മുന്നിൽ നിന്നും ആരംഭിച്ച മാർച്ച് നിയമസഭാ കോംപ്ലക്സിന് സമീപം പോലീസ് തടഞ്ഞു. ■

# അട്ടപ്പാടി മധു കൊലക്കേസ്; സർക്കാരിന്റേത് മാപ്പില്ലാത്ത വീഴ്ച

**അ**ട്ടപ്പാടിയിലെ ആദിവാസി യുവാവ് മധുവിന്റെ കൊലപാതക കേസിൽ വിചാരണ നീട്ടിക്കൊണ്ടുപോകുന്ന സർക്കാരിന്റെ കുറ്റകരമായ സമീപനം ഉപേക്ഷിക്കണമെന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ജനുവരി 27ന് പുറപ്പെടുവിച്ച പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

മോഷണക്കുറ്റം ആരോപിച്ച് അട്ടപ്പാടിയിലെ മധു എന്ന മനോദൗർബല്യമുള്ള യുവാവിനെ ഒരു സംഘം ആളുകൾ മർദ്ദിച്ചുകൊന്നത് കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ച സംഭവമാണ്. മനുഷ്യത്വമുള്ള മുഴുവൻ ആളുകളും അന്ന് അതിനെതിരെപ്രതിഷേധിച്ചിരുന്നു. എന്നാൽ നാലു വർഷം പിന്നിട്ടിട്ടും ഈ കേസിലെ വിചാരണ എങ്ങുമെത്തിയിട്ടില്ല എന്ന വാർത്ത ഞെട്ടിക്കുന്നതാണ്. കേരളത്തിൽ ദുർബലരായ ആളുകൾക്ക് നീതി കൂടുതൽ കൂടുതൽ അപ്രാപ്യമായിവരുന്നു എന്ന് തെളിയിക്കുന്നതാണ് ഈസംഭവം.കേസിൽ കുറ്റാരോപിതരായ 16 പേരും ജാമ്യത്തിൽ കഴിയുകയാണ്. പട്ടികജാതി-വർഗ പ്രത്യേക കോടതിയിൽ നടക്കുന്ന ഈ കേസ് ഇത്രയും നീളുന്ന തിന്റെ ഉത്തരവാദി സർക്കാർ തന്നെയാണ്. പബ്ലിക് പ്രോസിക്യൂട്ടർ ഹാജരാകുന്നില്ലെങ്കിൽ എന്തുകൊണ്ട് സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്നത് സുപ്രധാന വിഷയമാണ്. പട്ടികജാതി-വർഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി എന്നുപറഞ്ഞ് രൂപീകരിച്ചിട്ടുള്ള വകുപ്പും മന്ത്രിയും വിവിധ സംവിധാനങ്ങളും നിലനിൽക്കുമ്പോൾ തന്നെ ഉണ്ടായിട്ടുള്ള ഈ ദുരവസ്ഥ യാദൃശ്ചികമല്ല, പ്രതികളെ രക്ഷിക്കാൻ ബോധപൂർവ്വം സൃഷ്ടിച്ചതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പ്രതികൾതന്നെ മധുവിനെ മർദ്ദിക്കുന്നതിന്റെ വീഡിയോ പ്രചരിപ്പിച്ചത് ഈ കേസിലെ ഏറ്റവും വലിയ തെളിവാണ്. വിചാരണ കൃത്യമായും സമയബന്ധിതമായും നടന്നാൽ പ്രതികൾ ശിക്ഷിക്കപ്പെടും എന്നത് ഉറപ്പാണ്.

അടിയന്തരമായി സർക്കാർ ഈ വിഷയത്തിൽ ഇടപെട്ട് കേസിൽ ഹാജരാകാത്ത പബ്ലിക് പ്രോസിക്യൂട്ടറെ ആ സ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്നും കാലതാമസമില്ലാതെ വിചാരണ നടത്തി കുറ്റവാളികളെ ശിക്ഷിക്കണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ■

# കേരളം കാസർകോട്ടേക്ക് എൻഡോസൾഫാൻ സമര ഐക്യദാർഢ്യ കൺവൻഷൻ

***എ**ൻഡോസൾഫാൻ സമര സംസ്ഥാന ഐക്യദാർഢ്യ സമി*തിയുടെനേതൃത്വത്തിൽകാസർകോട്നടന്നഐക്യദാർഢ്യ കൺവെൻഷൻ എൻഎപിഎം ദേശീയ കൺവീനറും മുംബൈയിലെ ചേരിനിവാസികളുടെ പാർപ്പിടാവകാശ സമരനേതാവുമായ സഞ്ജയ് മംഗളഗോപാൽ ഉദ്ഘാടനം ചെയ്തു. എൻഡോസൾഫാൻ ദുരിതബാധിതർ ഏതെങ്കിലും തരത്തിലുള്ള പദവിയോ പണമോ അല്ല ആവശ്യപ്പെടുന്നത്. കാർഷിക വികസനത്തിന്റെ പേരിൽ വായുവും വെള്ളവും മണ്ണും വിഷമയമാക്കുക എന്ന കുറ്റകൃത്യമാണ് ഭരണകൂടം ചെയ്തത്. ചെയ്ത കുറ്റത്തിന് പിഴയൊടുക്കാതെ ഭരണത്തിൽ തുടരാനുള്ള അർഹത സർക്കാരുകൾക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. കൺവെൻഷനെ അഭിവാദ്യം ചെയ്ത രാജ്മോഹൻ ഉണ്ണിത്താൻ എംപി അവസാനത്തെ എൻഡോസൾഫാൻ ദുരിത ബാധിതർക്കും നീതി ലഭിക്കുന്നതുവരെ ഈ സമരത്തിനൊപ്പം ഉണ്ടാകുമെന്ന് പറഞ്ഞു. ഇന്ത്യൻ പാർലമെന്റിലെ തന്റെ ആദ്യ പ്രസംഗം എൻഡോ സൾഫാൻ ദുരിത ബാധിതർക്കുവേണ്ടിയുള്ളതായിരുന്നെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.


ഐക്യദാർഢ്യ കൺവെൻഷനിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് കെ.കെ.സുരേന്ദ്രൻ പ്രസംഗിക്കുന്നു.

എൻഡോസൾഫാൻ സമര നായിക ലീലാകുമാരിയമ്മ, കെ. അജിത, പ്രൊഫ.കുസുമം ജോസഫ്, സി.ആർ.നീലകണ്ഠൻ, എസ്. രാജീവൻ, ജോൺ പെരുവന്താനം, അഡ്വ. പി.എ. പൗരൻ, പ്രൊഫ. ഗോപിനാഥൻ, പി.ടി.ജോൺ, പി.കെ.രവീന്ദ്രൻ, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.കെ.സുരേന്ദ്രൻ, വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് സി. എച്ച്. ബാലകൃഷ്ണൻ, എം.കെ.ദാസൻ, വിനോദ് പയ്യട, സാഹിദ ഇല്യാസ്, സുബൈർ പടപ്പ്, ഹമീദ് ചേരങ്കൽ, ഫറീന കോട്ടപ്പുറം, റജാസ് എന്നിവർ സംസാരിച്ചു. സംസ്ഥാന എൻഡോസൾഫാൻ സമര ഐക്യദാർഢ്യ സമിതി ചെയർപേഴ്സൺ ഡോ. സോണിയ ജോർജ് അധ്യക്ഷത വഹിച്ചു. കൺവീനർ എം.സുൽഫത്ത് സ്വാഗതവും എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി കൺവീനർ മുനീസ അമ്പലത്തറ ആമുഖവും അമ്പലത്തറ കുഞ്ഞികൃഷ്ണൻ ഭാവി പരിപാടി പ്രഖ്യാപനവും നടത്തി. ദുരിത ബാധിതയുടെ അമ്മ ചന്ദ്രാവതി സമര പ്രഖ്യാപന പ്രമേയം അവതരിപ്പിച്ചു. കാസർകോട് ജില്ലാ സമര ഐക്യദാർഢ്യ സമിതി കൺവീനർ അബ്ദുൽ ഖാദർ ചട്ടഞ്ചാൽ നന്ദി പറഞ്ഞു. സർക്കാർ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിച്ചില്ലെങ്കിൽ ഏപ്രിൽ അവസാനത്തോടെ തിരുവനന്തപുരത്ത് അനിശ്ചിതകാല സമരം തുടങ്ങുമെന്ന് കൺവൻഷൻ പ്രഖ്യാപിച്ചു. ■

## പ്രളയബാധിതർ പോരാട്ട ഭൂമിയിൽ...



പ്രളയബാധിതരുടെ ബാങ്ക് വായ്പകൾ സർക്കാർ ഏറ്റെടുക്കുക, ജപ്തി നടപടികൾ അവസാനിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് പ്രളയ ബാധിതരുടെ അതിജീവന കൂട്ടായ്മ ഫെബ്രുവരി 21ന് കോട്ടയം ജില്ലയിലെ ഏന്തയാർ കേരള ബാങ്കിന് മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ എസ്‌യുസിഐ(സി) കോട്ടയം ജില്ലാ സെക്രട്ടറി സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

Volume: 48 No: 10 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.